Reg: No M. 2689.
T. 32.

License No: 427
Dated 14—3—1943.

# മലയാളരാജ്യം

പുസ്തകം ൧൫
പേജ് ൧൨

കൊല്ലം, ൧൯൪൩ ഡിസംബർ ൬-ാംനു-
൧൧൧൯ വൃശ്ചികം ൨൦-ാംനു- തിങ്കളാഴ്ച

ലക്കം ൧൪൧
ഒററപ്രതി ൨ അണ.

# സാഹിത്യത്തിൻെറ അനശ്വരത

## * അദ്ധ്യക്ഷപ്രസംഗം

ശരീരത്തിൻെറ നിലനില്പിന സപ്തധാതുക്കൾ എന്നതുപോലെ ഭാഷയുടെ സുസ്ഥിതിക്ക അടിസ്ഥാനമായി ഏഴു കാര്യങ്ങളുണ്ട്. സ്വതന്ത്രഗ്രന്ഥം ഭാഷാന്തരം വ്യാഖ്യാനം ഗവേഷണം നിരൂപണം പ്രാചീനഗ്രന്ഥപ്രകാശനം പ്രചാരണം എന്ന് അവയ്ക്കു പേർ കൊടുക്കാം. ഇവ ഏഴും ഉണ്ടായി അഭിവൃദ്ധിയെപ്രാപിച്ചിരിക്കുന്ന ഒരു ഭാഷ അതിൻെറ ധർമ്മങ്ങളെ നിർവഹിക്കുന്നതിനു സമർത്ഥവും വിശാലവും ആയിത്തീരുന്നു. നേരെ മറിച്ചു ഇവ ബാല്യദശയിങ്കൽ വർത്തിക്കുന്നവെങ്കിൽ തദ്വിധമായ ഒരു ഭാഷയെ ഉൽകൃഷ്ടമെന്ന ഗണിക്കാവുന്നതല്ല. ഈ വസ്തുതയെ ആസ്പദമാക്കി മലയാളഭാഷയുടെ അടുത്തുകഴിഞ്ഞ 75 കൊല്ലത്തെ ചരിത്രത്തെക്കുറിച്ചു ചിന്തിക്കുന്നതായാൽ ഭാഷാപ്രണയികൾക്ക് അഭിമാനത്തിനും ആനന്ദത്തിനും അവകാശമുണ്ടെന്ന തെളിയും. ഇക്കാര്യത്തിൽ മലയാളികൾ ഭാഗ്യവാന്മാർതന്നെ.

സാഹിത്യത്തിൽ അചഞ്ചലമായ പ്രതിഷ്ഠ നേടിയിരിക്കുന്നവയും അമൂല്യങ്ങളുമായ അസംഖ്യം ഗ്രന്ഥരത്നങ്ങൾ മുൻപു പറഞ്ഞ ഓരോ ശാഖയെ ആശ്രയിച്ച് ഈ മുക്കാൽ ശതാബ്ദകാലത്തിനിടയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. രാമചന്ദ്രവിലാസാദി മഹാകാവ്യങ്ങൾ മയൂരസന്ദേശം ഉഷാകല്യാണം (ചമ്പു) മാർത്താണ്ഡവർമ്മ ഇന്ദുലേഖ കേരളപാണിനീയാദിശാസ്ത്രങ്ങൾ മുതലായവ സ്വതന്ത്രഗ്രന്ഥശാഖയ്ക്കു അഭിവൃദ്ധിവരുത്തിയിരിക്കുന്നവയാകുന്നു. ആകൃതികൊണ്ടും പ്രകൃതികൊണ്ടും വലുപ്പമേറിയവയും സംസ്കൃതഭാഷയിൽനിന്നു തർജ്ജമചെയ്യപ്പെട്ടവയുമായ ഗ്രന്ഥങ്ങൾ ഭാഷയിൽ പ്രധാനസ്ഥാനം അവകാശപ്പെടുന്നു. മഹാഭാരതം വാല്മീകിരാമായണം ഭാഗവതം ജൈമിനിയാശ്വമേധം രാമാശ്വമേധം ഹാലാസ്യമാഹാത്മ്യം സ്കന്ദാദിപുരാണങ്ങൾ രാമായണഭാരതമഞ്ജരികൾ ശാകുന്തളാദിനാടകങ്ങൾ രഘുവംശാദിമഹാകാവ്യങ്ങൾ മേഘദൂതസന്ദേശങ്ങൾ മുതലായ ഗ്രന്ഥങ്ങൾ ഭാഷയ്ക്കുതന്നെയല്ല പൊതുവെ മലയാളികളുടെ സംസ്കൃതിക്കും സാരമായ ഉന്നതി ജനിപ്പിച്ചിട്ടുണ്ട്. പ്രശസ്തങ്ങളായ അസംഖ്യം ആംഗലഭാഷാഗ്രന്ഥങ്ങൾക്കും ഭാഷാന്തരം ലഭിച്ചിരിക്കുന്നു. അവയിൽ അക്‌ബർ പാവങ്ങൾ മുതലായവ പ്രഥമസ്ഥാനത്തു നിൽക്കുന്നു. രാമായണാദിചമ്പുക്കൾ ഉണ്ണുനീലിസന്ദേശം ചന്ദ്രോത്സവം വ്യവഹാരമാല അർത്ഥശാസ്ത്രം എന്നിങ്ങനെ പല ഗ്രന്ഥങ്ങളും കണ്ടെടുത്തു സംശോധനംചെയ്തു പ്രകാശിപ്പിക്കുവാൻ ഇടയായതു ഗവേഷകന്മാരുടെയും പ്രസാധനത്തിൻെറയും പുരോഗതിയെ തെളിയിക്കുന്നു. നവീനപ്രസ്ഥാനത്തിൽ നിരൂപണകല ഉണ്ടായിവളർന്നുവന്നതു ഈ കാലത്താകുന്നു. കൃഷ്ണഗാഥ ആട്ടക്കഥകൾ കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾ എഴുത്തച്ഛൻെറ കിളിപ്പാട്ടുകൾ എന്നു തുടങ്ങിയ പല മുഖ്യഗ്രന്ഥങ്ങൾക്കും മാതൃകയുടെ നിലയിൽ ഗണിക്കപ്പെടേണ്ട നിരൂപണങ്ങൾ ഇക്കാലത്തു ലഭിച്ചിട്ടുണ്ട്. നൂതനങ്ങളായ വിദ്യാലയങ്ങൾ ഗ്രന്ഥമന്ദിരങ്ങൾ മുദ്രാലയങ്ങൾ പ്രസിദ്ധീകരണപ്രസ്ഥാനങ്ങൾ സാഹിത്യസമാജങ്ങൾ മുതലായവ ഗ്രന്ഥങ്ങളുടെ പ്രചാരത്തിനും പ്രസിദ്ധിക്കും വേണ്ടവിധം സഹായിച്ചിരിക്കുന്നവയാകുന്നു. ഈ വസ്തുത വിചാരിക്കുമ്പോൾ മുക്കാൽശതാബ്ദകാലത്തിനിപ്പുറം കൈരളിക്ക കൈവന്നിരിക്കുന്ന അഭിവൃദ്ധി സാരവത്താണെന്ന ആരും സമ്മതിക്കും. അതിനിടവരുത്തിയ ഭാഷാഭക്തന്മാരോടു മലയാളികൾ എന്നും കൃതജ്ഞന്മാരായിരിക്കും.

മുമ്പു സ്മരിച്ച മഹാഗ്രന്ഥങ്ങൾ പരിശോധിക്കുന്നതായാൽ, തൽകർത്താക്കന്മാരായ സാഹിത്യകാരന്മാർക്ക മുഖ്യമായി മൂന്നു ഗുണങ്ങൾ ഒട്ടുവളരെ സിദ്ധിച്ചിരുന്നതായി തെളിയും. അവയിൽ ഒന്നാമത്തേതു ഭാഷയിലും സംസ്കൃതത്തിലും ദൃഢമായ വ്യുല്പത്തി. രണ്ടാമത്തേതു ദേശീയധർമ്മങ്ങളോടു അഭേദ്യമായ ഭക്തി. മൂന്നാമത്തേതു അസാധാരണമായ പരിശ്രമശീലം. ഇതു കൂടാതെ കാവ്യശാസ്ത്രപരിജ്ഞാനവും ലോകപരിചയസാധിതമായ വ്യവഹാരജ്ഞതയും ചേർന്നുണ്ടാകുന്ന സംസ്കൃതിവിശേഷത്തെ വ്യുൽപ്പത്തിയെന്നും പറയുന്നു. അതു ഏററവും മുഖ്യം. സാഹിത്യകലയ്ക്കു അടിസ്ഥാനമായി അനേകം ശാസ്ത്രങ്ങളുണ്ട്. ധ്വന്യാ-

* ലോകം കാവ്യപ്രകാശം കാവ്യപ്രദീപം വ്യക്തിവിവേകം രസഗംഗാധരം സാഹിത്യമീമാംസ കുവലയാനന്ദം രസരത്നമാല വാമനാലങ്കാരസൂത്രം കാവ്യദർശം ഔചിത്യവിചാരചർച്ച ലോചനം പ്രതാപരുദ്രീയം എന്നിവ സംസ്കൃതത്തിലും ഉദയാലങ്കാരം ഭാഷാഭൂഷണം കവിതാഭരണം സാഹിത്യദർപ്പണം ഭാഷാകാവ്യജീവിതവൃത്തി മുതലായവ ഭാഷയിലും പ്രസിദ്ധങ്ങളായ ചില ശാസ്ത്രങ്ങളാകുന്നു. സാഹിത്യത്തിൻെറ ആഭ്യന്തരങ്ങളും സ്ഥൂലങ്ങളുമായ ധർമ്മങ്ങളെക്കുറിച്ചു വിശാലവും വിശദവുമായ ജ്ഞാനവും പ്രയോഗകൌശല്യവും ഏതാദൃശഗ്രന്ഥങ്ങളിൽനിന്നല്ലാതെ കിട്ടാവുന്നതല്ല. അതുകൊണ്ടു വ്യുൽപത്തിബലത്തിനു ശാസ്ത്രജ്ഞാനം അടിസ്ഥാനമെന്നു അഭിപ്രായപ്പെടണം. ദേശീയങ്ങളും സാമുദായികങ്ങളും ആയ വിചാരാചാരവിശ്വാസം പരമ്പരകളിൽ സംഭവിച്ചു ഉറച്ചുനില്ക്കുന്ന ആദരമത്രെ സംസ്കാരഭക്തി. കവിക്കു പ്രസ്തുത ഗുണം സിദ്ധിച്ചിട്ടുണ്ടെങ്കിൽ മാത്രമേ അതിൻെറ നിവേശനംകൊണ്ടു കാവ്യത്തിൻെറ മേന്മ വളർത്തുവാൻ കഴിയുകയുള്ളൂ. ആത്മാഭിമാനം ദേശാഭിമാനം ഭാഷാഭിമാനം എന്നിവയുടെയൊക്കെ പരമമായ ബീജം ഇവിടെപ്പറഞ്ഞ ഈ സംസ്കാരഭക്തിയാകുന്നു. ഗ്രന്ഥങ്ങൾ വായിക്കുകയും എഴുതുന്നതും ചെയ്യുന്നതു പരിശ്രമം. ഇതിൽ വായന പ്രധാനം. അതു മററതിൻെറ വളമാകുന്നു. ഗ്രന്ഥപരിചയം കുറയുന്നവർക്ക സാഹിത്യപ്രവർത്തനത്തിനു വാസനയും, കൌതുകവുമുണ്ടെങ്കിലും, വേണ്ടശക്തി ലഭിക്കുന്നില്ല. മുൻപു പറഞ്ഞ ഏഴുശാഖകളിൽ ഏതിനെ ആശ്രയിച്ചു പ്രവർത്തിക്കുന്നവർക്കും ഇവിടെ പ്രതിപാദിച്ച മൂന്നു ഗുണങ്ങളും ഉണ്ടായിരിക്കണം. അങ്ങനെയല്ലെങ്കിൽ അവരുടെ പരിശ്രമം വിജയലക്ഷ്മിയെ വരിക്കുവാൻ പ്രയാസം. പൂർവ്വസാഹിത്യകാരന്മാർ ഈ തത്വംഗ്രഹിച്ചു ആദരിച്ചു പ്രവർത്തിച്ചവരാകുന്നു.

സംസ്കൃതഭാഷയിലെ അനേകം മഹാഗ്രന്ഥങ്ങളുടെ നാമങ്ങൾ, മുൻപു സ്മരിക്കയുണ്ടായല്ലോ. അവയിൽ പലതിൻെറയും വലിപ്പം അത്യുദാരമെന്നു അവയുടെ ഗ്രന്ഥസംഖ്യയിൽനിന്നു നിശ്ചയിക്കാം. ഒരുലക്ഷത്തിരുപത്തിയയ്യായിരം ഇരുപത്തിനാലായിരം പതിനെട്ടായിരം പതിനായിരം എന്നിങ്ങനെ ഗ്രന്ഥസംഖ്യയോടുകൂടിയവയാണ അവയിൽ പലപ്രബന്ധങ്ങളും. ഇതിൽനിന്നു അവയുടെ ഗാത്രപുഷ്ടിയെത്രയെന്നുവിശദമാകും. അവ ഉൾക്കൊള്ളുന്ന ശ്ലോകങ്ങളുടെ അവയുടെ ആശയങ്ങൾക്കു കണക്കില്ല. ബഹുവിധങ്ങളായ വ്യാഖ്യാനങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ അർത്ഥം ദുർഗ്രഹമായിത്തന്നെയിരിക്കുന്നു. ഈ സ്ഥിതിക്കു ആ വക ഗ്രന്ഥങ്ങളുടെ ഭാഷാന്തരം വേണ്ടവിധം മനസ്സിലാക്കുക എന്നതുതന്നെ ക്ലേശമേറിയ ഒരു സംഗതിയാണെന്നു വരുന്നു. അപ്പോൾ പരിഭാഷകന്മാർ അവ ഭാഷപ്പെടുത്തുന്നതിനു എത്രയ്ക്കു ബുദ്ധിമുട്ടു അനുഭവിച്ചിരിക്കണം? അവരുടെ വ്യുൽപത്തിബലത്തിനും പരിശ്രമശീലത്തിനും ഭാഷാപ്രണയത്തിനും ആരും പ്രണമിക്കുമെന്നും അഭിപ്രായപ്പെടണം.

ശാസ്ത്രജ്ഞാനം മുഖ്യമെന്നും അതു വ്യുൽപത്തിക്കു അടിസ്ഥാനമെന്നും മുൻപു സൂചിപ്പിച്ചതു അല്പംകൂടി വിശദമാക്കാം. പലപ്പോഴും കാവ്യങ്ങളിലെ ആശയങ്ങൾക്കു ശാസ്ത്രമൂലസ്ഥാനത്തു നിബന്ധിക്കേണ്ടതായിവരും. അപ്പോൾ അങ്ങനെ ചെയ്യണമെങ്കിൽ കവികൾക്കു ശാസ്ത്രജ്ഞാനവിഷയമായ വ്യുല്പത്തിലഭിച്ചിരിക്കണം. കാവ്യകലയിൽ വ്യാപരിക്കുന്ന സഹൃദയന്മാർക്കും ഈ ഗുണം അത്യാവശ്യം. അല്ലെങ്കിൽ അവർക്കു കവിഹൃദയത്തിൻെറ മർമ്മം ഗ്രഹിച്ചുരസിക്കാവുന്നതല്ല. ഒന്നുരണ്ടു ഉദാഹരണങ്ങൾകൊണ്ടു ഈ അഭിപ്രായം വ്യക്തമാക്കാം.

കുചേലവൃത്തം വഞ്ചിപ്പാട്ടിൽ ദ്വാരകയിലേക്കു പുറപ്പെട്ട കുചേലൻ യാത്രാരംഭത്തിൽ വലത്തുഭാഗത്തു ചകോരങ്ങൾ ശബ്ദിക്കുന്നതുകേട്ടതായിപ്പറയുന്നു.

'ചാലെവലത്തുകൂട്ടംഴിഞ്ഞ ചകോരാദിപക്ഷികളുടെ കോലാഹലം കേട്ടുകൊണ്ടു ചാഞ്ചമിച്ചു' എന്നുനോക്കുക.

ചകോരഭർശനം പുണ്യം
ക്ഷേഭാഗേ വിശേഷതഃ

തൽഭാഗേതസ്യ ശബ്ദശ്ച
സുസ്വരം ച തദുത്തമം,

എന്ന ശാസ്ത്രത്തെ ഈ വാക്യത്തിനു അടിസ്ഥാനമായികരുതാം. യാത്രാരംഭത്തിൽ ചകോരങ്ങൾ ദക്ഷിണഭാഗത്തുവന്നുചേരുന്നതും ശബ്ദമുണ്ടാക്കുന്നതും ശുഭലക്ഷണം. അങ്ങിനെ സംഭവിച്ചാൽ യാത്രയുടെ ഉദ്ദേശം സാധിക്കുന്നു. കുചേലനു അടുത്തഭാവിയിൽതന്നെ ഭഗവാൻെറ ദർശനവും അനുഗ്രഹവും ഐശ്വര്യവും സിദ്ധിക്കുമെന്നു സൂചിപ്പിക്കുകയാണ പ്രസ്തുതവാക്യത്തിൻെറ ഉദ്ദേശം

ഉത്തരരാമചരിതം നാടകത്തിൽനിന്നു ഒരു ഭാഗം ഇവിടെ സ്മരിക്കാം. 'മാദ്യൽദന്തികപോലപാലിവിഗളൽദാനാംബുസിക്തദ്രുമാഃ' (അങ്കം. 2.) എന്നവാക്യത്തിൽ ആനയുടെ മദജലംവീണു മരങ്ങൾക്കു നനവുവരുത്തുന്നതായി പ്പറയുന്നു.

പ്രാപ്നുവന്ത്യാർത്തവീം വൃദ്ധിം
മദവൃഷ്ട്യാമഹീരുഹാഃ

എന്നു മാതംഗശാസ്ത്രമുണ്ട്. ആനയുടെ മദജലം വൃക്ഷങ്ങൾക്കു നല്ല വളമാകുകയാൽ, അതുവീണ അവ ഋതുപുഷ്ടിയോടുകൂടിവളർന്നുനില്ക്കുന്നു എന്നു ഉദ്ധൃതവാക്യത്തിൻെറ വ്യംഗ്യം. 'വനകരികല മദജലസേകസംവർദ്ധിതൈതിവികസിത ധവളതൃപ്ത്യൂർത്തിതയാതാരാഗണമിവലിഖതദേശലഗ്നമുദാഹരതിഃ പാദപൈഃ' എന്നുകാട്ടനാകളുടെ മദവൃഷ്ടിയേററുവളരുന്ന മരങ്ങളെ കാദംബരിയിലും വർണ്ണിക്കുന്നു. ഭാരതാർത്ഥദീപികാദിവ്യാഖ്യാനങ്ങളിൽനിന്നു, ഏതദ്ദേശങ്ങളായ, അഭിപ്രായങ്ങൾ ഗ്രഹിക്കാൻ കഴിയും.

മയൂരസന്ദേശത്തിലെ ഒരു പ്രസിദ്ധപദ്യംകൂടി താഴെ ചേർക്കുന്നു.

പാലിക്കാനായ് ഭുവനമഖിലം ഭൂതലേജാതനായം-
കാലിക്കൂട്ടം കലിതകുതുകം കാത്തകണ്ണൻെറ ഭക്ത്യാ
പീലിക്കാലെന്നടിമലരിൽ നീകാഴ്ച വെച്ചീടണം
മൌലിക്കെട്ടിൽത്തിരുകമതിനെത്തിർച്ചയായ് ഭക്ത
(ഭാസൻ

ഈ പദ്യത്തിൽ ശ്രീകൃഷ്ണൻഗോക്കളെ പരിപാലിച്ചകഥ സൂചിപ്പിക്കുന്നു. ഭഗവാൻ ലോകം മൂന്നും രക്ഷിക്കുന്നതിനുവേണ്ടി അവതരിച്ചു. എന്നാൽ രക്ഷിച്ചതോ? പശുക്കളെമാത്രം. ഗോപരിപാലനം കൊണ്ടു എങ്ങിനെ 'ഭുവനമഖിലം' രക്ഷിതമാകും എന്ന ചോദ്യത്തിനു, ശാസ്ത്രത്തെ ആശ്രയിക്കാതെ സമാധാനം കിട്ടുകയില്ല. പശുക്കളെ യഥാവിധി സംരക്ഷിച്ചാൽ ലോകം മുഴുവനും കാത്തഫലം കിട്ടുമെന്നുള്ള അഭിപ്രായം പ്രകൃതത്തിൽ മഹാകവി ധ്വനിപ്പിച്ചിരിക്കുന്നു.

ബ്രാഹ്മണാനാം ഗവാം ചൈവ
കുലമേകം ദ്വിധാകൃതം
ഏകത്ര മന്ത്രാസ്തിഷ്ഠന്തി
ഹവിരന്യത്ര തിഷ്ഠതി

(ഭാര-അനു) മന്ത്രത്തിനു ബ്രാഹ്മണനും ഹവിസ്സിനു ഗോവും ആശ്രയം.

അന്നാൽ ഭവന്തി ഭൂതാനി
പർജ്ജന്യാദന്നസംഭവഃ

വടക്കുംകൂർ രാജരാജവർമ്മരാജാ

യജ്ഞാൽ ഭവതി പർജ്ജന്യോ
യജ്ഞഃ കർമ്മസമുത്ഭവഃ

(ഭ. ഗീ.) യജ്ഞത്തിൽനിന്നു പർജ്ജന്യവും, അതിൽനിന്നു അന്നവും അതിൽനിന്നു സർവ്വജീവികളും സംഭവിക്കുന്നു. യജ്ഞത്തിൻെറ ഉല്പത്തിസ്ഥാനം കർമ്മം.

അഗ്നൌ പ്രാസ്താഹുതിസ്സമ്യ-
ഗാദിത്യ മുപതിഷ്ഠതേ
ആദിത്യാജ്ജായതേ വൃഷ്ടി
വൃഷ്ടേരന്നം തതഃ പ്രജാഃ

എന്നു (മനു) സ്മൃതി അഗ്നിയിങ്കൽ വിധിപോലെ ഹോമിക്കുന്ന ഹവിസ്സ ആദിത്യനെ പ്രാപിച്ചു മഴയ്ക്കുഹേതുവായിഭവിക്കുന്നു. മഴയിങ്കൽനിന്നു അന്ന (സസ്യ)വും അതിൽനിന്നു ജനങ്ങളും ഉണ്ടാകുന്നു. ജനങ്ങളെക്കൊണ്ടു ലോകം നിലനിൽക്കുന്നു. ഇതിൽനിന്നെല്ലാം ലോകത്തിനു യജ്ഞവും അതിനു ഹവിസ്സും അതിനു പശുവും

* വൈക്കം സനാതനധർമ്മപോഷിണിസഭയുടെ 41-ാമത്തെ വാർഷികസമ്മേളനത്തിൽ വായിച്ചത്.

പരമമായ ആധാരമെന്നു വന്നുകൂടുന്നുണ്ടല്ലോ. കൃഷ്ണനായി അവതരിച്ച ഭഗവാൻ മുഖ്യമായി പശുപാലനവൃത്തി കൈക്കൊണ്ടതിന്റെ രഹസ്യവും ഇതുതന്നെ. ലോകക്ഷേമത്തിനു പശുരക്ഷ അടിസ്ഥാനമെന്നും അതിനെ ഭംഗിയായി നിർവ്വഹിക്കണമെന്നും സ്വപ്രവൃത്തികൊണ്ടു ഭഗവാൻ ഉപദേശിക്കുന്നതായി വിചാരിക്കണം. രഘുവംശം രണ്ടാം സർഗ്ഗത്തിൽ കാളിദാസമഹാകവി ഗോരക്ഷയുടെ മാഹാത്മ്യത്തെയും സ്വഭാവത്തെയും പ്രതിപാദിച്ചു ഫലിപ്പിച്ചിട്ടുണ്ട്.

'മൌലിക്കെട്ടിൽ...ദാസൻ' എന്ന വാക്യവും പ്രകൃതത്തിൽ ഓർമ്മിക്കുന്നതു നന്നായിരിക്കും.

പത്രം പുഷ്പം ഫലം തോയം
യോ മേ ഭക്ത്യാ പ്രയച്ഛതി.
തദഹം ഭക്ത്യുപഹൃത
മശ്നാമി പ്രയതാത്മനഃ

എന്നു ഭഗവാൻ ഗീതയിൽ ഉപദേശിക്കുന്നു. ആശ്രിതന്മാർ അകൈതവമായ ഭക്തിയോടുകൂടി കാഴ്ചവയ്ക്കുന്ന വസ്തു, ഇലയോ, പൂവോ, കായോ, വെള്ളമോ ആയാലും അതു കരുണാശാലിയായ ഭഗവാൻ സ്വീകരിക്കും. നീ കാഴ്ചവയ്ക്കുന്ന പീലിക്കോലും അങ്ങിനെ കൈക്കൊള്ളുമെന്നു ഭാവം. ഭക്തദാസപദത്തിനു, ഭഗവാൻ ഭക്തന്മാർക്കുവേണ്ടി ഭൃത്യനെപ്പോലെ എന്തും പ്രവർത്തിക്കുന്നവൻ എന്നും ധ്വനി. ഏതാദൃശമായ ഭാവഗാംഭീര്യം മയൂരസന്ദേശത്തിലെ മിക്ക പദ്യങ്ങളിലും ഉണ്ടെന്നു കാണ്മാൻ കഴിയും.

മുകളിൽകൊടുത്ത ഉദാഹരണങ്ങളിൽനിന്നും ശാസ്ത്രരഹസ്യങ്ങൾ കാവ്യങ്ങളിൽ എങ്ങിനെ നിബന്ധിക്കപ്പെടുന്നു എന്നും തെളിയുന്നുണ്ടല്ലോ. ശാസ്ത്രം എന്നതു കേവലം സാങ്കേതികങ്ങളും, അടിസ്ഥാനശൂന്യങ്ങളും, ഇഷ്ടാനുസരണം ആർക്കും മാറ്റുകയും മറിക്കുകയും ചെയ്യാവുന്നവയും ആയ നിയമങ്ങളുടെ പരമ്പരയല്ല. പിന്നെയോ? ശുഷ്കമായ വസ്തുവിന്റെ രൂപത്തെയും ധർമ്മത്തെയും വിശദവും സുന്ദരവും ആക്കി, കലയുടെ നിലയിലേക്കു ഉയർത്തുന്നവയും തന്മൂലം പ്രയോജനത്തെ വർദ്ധിപ്പിക്കുന്നവയും യുക്തിപൂർവ്വം അടിസ്ഥാനത്തോടും ക്രമത്തോടുംകൂടി കല്പിക്കപ്പെടുന്നവയും ആയ നിയമങ്ങളുടെ സമുച്ചയമെന്നു പറഞ്ഞാൽ സാഹിത്യശാസ്ത്രത്തിന്റെ നിർവ്വചനം ശരിയാകുമെന്നു തോന്നുന്നു. വസ്തു ആനന്ദസന്ദായകമായിത്തീരുന്നു. കലയുടെ ധർമ്മങ്ങളെ നിർവ്വഹിക്കുന്നതിനു സമർത്ഥമാകുന്നതു അതിന്റെ ശാസ്ത്രാനുസരണമായ കല്പനാവിശേഷംകൊണ്ടാകുന്നു. ശാസ്ത്രത്തിൽ സാങ്കേതികാംശങ്ങൾക്കും മുഖ്യതയുണ്ട്. സങ്കേതങ്ങളെ ഒഴിച്ചുനിർത്തിയിരിക്കുന്ന ശാസ്ത്രം, ശാസ്ത്രത്തോടു അകന്നുനില്ക്കുന്ന സാഹിത്യം എന്നിവ ആ പേരിനെ അർഹിക്കുന്നില്ല. ലോകത്തിനു അവകൊണ്ടു പ്രയോജനവും ശൂന്യമെന്നു പറയണം.

ആട്ടക്കഥ തുള്ളൽ വഞ്ചിപ്പാട്ടു ചമ്പുകാവ്യം മഹാകാവ്യം നാടകം എന്നിപ്രകാരം പ്രബന്ധങ്ങൾക്കു വിവിധങ്ങളായ രൂപങ്ങളും തദനുസരണം ധർമ്മങ്ങളും സംഭവിക്കുന്നതിനും അവ രസപ്രദങ്ങളാകുന്നതിനും കാരണം പ്രത്യേകം ചില നിയമങ്ങളെ പുരസ്കരിച്ചു നിർമ്മിച്ചിരിക്കുന്നു എന്നതാണ്. ഈ നിയമങ്ങൾതന്നെ സങ്കേതം അല്ലെങ്കിൽ ശാസ്ത്രം. അവയെ വർജ്ജിക്കുക എന്നതു കാവ്യകലയുടെ ആത്മഹത്യയ്ക്കു തുല്യമാകുന്നു എന്നും അഭിപ്രായപ്പെടണം.

ഒരു നടൻ വേഷവിധാനംകൂടാതെയും ഇതരങ്ങളായ ചടങ്ങുകളെ വർജ്ജിച്ചും ഒരിടത്തിരുന്നു ആട്ടക്കഥയിലെ പദങ്ങൾ അഭിനയിക്കുന്നു എന്നു വിചാരിക്കുക. എന്നാൽ അതു കലയാകുകയില്ല. യഥാർത്ഥകലയിൽനിന്നു സഞ്ജാതമാകുന്ന ആനന്ദം അതിൽനിന്നു കാണികൾക്കു കിട്ടുവാൻ പ്രയാസം. നേരേമറിച്ചു അവൻ ഉചിതമായ വേഷവിധാനത്തോടുകൂടി കൊട്ടു പാട്ടു് ചേങ്ങില തിരശ്ശീല മുതലായവയോടും ചേർന്നു രാത്രിയിൽ അതു യഥാവിധി അഭിനയിക്കുന്നതായാലോ? അതു കലയായി ഭവിക്കും. അതിൽനിന്നു വിശേഷതരമായ ആനന്ദം ഉണ്ടാകുകയും ചെയ്യും. കൊട്ടു, പാട്ടു, നൃത്തം മുതലായവ നിസ്സാരമെന്നും അഭിനയംമാത്രം മുഖ്യം എന്നും അഭിപ്രായപ്പെട്ടു ഗീതാദികളെ ബഹിഷ്കരിച്ചു അങ്ങിനെ നടത്തുന്ന ഒരു കഥകളി കഥയില്ലാത്ത കളിയായിത്തീരും. ഗീതാദികൾ ഒരു നിലയിൽ നിസ്സാരമായിരിക്കാം. എന്നാൽ കലയ്ക്കു രൂപം സൃഷ്ടിച്ചു സൌന്ദര്യത്തെയും പ്രയോജനത്തെയും വർദ്ധിപ്പിക്കുന്നതിനു അവയും അത്യാവശ്യം.

കാളിദാസാദികളായ മഹാകവികൾ ശാസ്ത്രങ്ങളിൽ പൂർണ്ണമായ ഭക്തിയോടുകൂടിയവരായിരുന്നു. ശാകുന്തളവും ഉത്തരരാമചരിതവും വിശ്വവശീകരണവിശാരദങ്ങളായിബ്ഭവിച്ചതു അവയിലെ ഗദ്യപദ്യങ്ങളിലെ ആശയവിശേഷങ്ങൾകൊണ്ടുതന്നെയല്ല, അവ ഭരതാദിശാസ്ത്രവിധികൾ കടുകിട തെറ്റാതെ നിർമ്മിച്ചിരിക്കുന്നു എന്ന വസ്തുതകൊണ്ടുകൂടിയാകുന്നു. നാടകത്തിൽ നാന്ദി എവിടെ നിബന്ധിക്കണം? അതു ഏതുവിധം ഇരിക്കണം? കഥയുടെ ബീജബിന്ദ്വാദികളെ ഏതേതു സ്ഥാനങ്ങളിൽ വിന്യസിക്കണം? വിഷ്കംഭാദികളിൽ സൂച്യങ്ങളായ കഥാംശങ്ങൾ ഏവ? ഈവക കാര്യങ്ങൾ നാട്യശാസ്ത്രങ്ങളിൽനിന്നു അല്ലാതെ ഗ്രഹിക്കാവുന്നതല്ല. ശാകുന്തളത്തിലെ ശൃംഗാരവും ഉത്തരരാമചരിതത്തിലെ കരുണവും അതിശയേന സഹൃദയാസ്വാദ്യമായിരിക്കുന്നതു ഭരതശാസ്ത്രമതങ്ങൾക്കു ഇണങ്ങുന്നവിധം അവ നിബന്ധിച്ചതുകൊണ്ടാകുന്നു. അതുകൊണ്ടുതന്നെ ഈ മഹാകവികൾക്കു

കവിതാ കാളിദാസസ്യ
തത്ര ശാകുന്തളം മതം

എന്നും

ഉത്തരേ രാമചരിതേ
ഭവഭൂതിർവിശിഷ്യതേ

എന്നും അന്യാദൃശമായ പ്രശസ്തി ലഭിക്കുന്നതിനു കാരണം. പ്രസ്തുത കൃതികളിൽനിന്നു നാട്യശാസ്ത്രസങ്കേതാനുസരണം കല്പിതങ്ങളായ അംശങ്ങളെ നീക്കംചെയ്തു വസ്തുമാത്രപ്രതിപാദകങ്ങളായ വാക്യങ്ങളെമാത്രം സ്വീകരിച്ചു നവീകരിക്കുന്നുവെങ്കിൽ അവയുടെ സ്ഥിതിയെന്തായിരിക്കും? അപ്പോൾ അവ നിർജ്ജീവവും വിരൂപവുമായ പ്രാകൃതബന്ധങ്ങളായിത്തീരുമെന്നു ഉറപ്പുപറയാം. ഈ സംഗതി സാഹിത്യത്തിൽ സങ്കേതത്തിന്റെ സ്ഥാനം എത്രയ്ക്കു ഗുരുതരമെന്നു തെളിയിക്കും.

ശബ്ദാദിശാസ്ത്രങ്ങളെ പഠിക്കാതെയും വകവയ്ക്കാതെയും ഇരിക്കുന്നതു ഇക്കാലത്തു പരിഷ്കാരലക്ഷണമായിത്തീർന്നിട്ടുണ്ട്. അതുനിമിത്തം ഭാഷയിൽ അനേകം ദോഷങ്ങൾ കടന്നുകൂടി സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. അവയിൽ അബദ്ധങ്ങളായ പദങ്ങൾക്കു മുഖ്യത കൊടുക്കണം. പ്രശ്നം മേധാവി അന്തർരാഷ്ട്രം എന്നിവ അത്തരം ചില പദങ്ങളാകുന്നു.

പ്രശ്നത്തിനു ഗണിതം അടിസ്ഥാനമെന്നു പറയണം. പ്രശ്നംവയ്ക്കുക അഷ്ടമംഗല്യപ്രശ്നം എന്നിങ്ങനെ വ്യവഹാരം പ്രസിദ്ധമായിട്ടുണ്ട്. തുറമുഖപ്രശ്നം അരിപ്രശ്നം എന്നിങ്ങനെ കേൾക്കുമ്പോൾ തുറമുഖത്തെയും അരിയെയും കുറിച്ചു അറിയുന്നതിനു വയ്ക്കുന്ന പ്രശ്നം എന്ന അർത്ഥത്തിന്റെ പ്രതീതി സഹൃദയന്മാർക്കു ഉണ്ടാകുന്നു. എന്നാൽ തുറമുഖകാര്യം അരികാര്യം എന്നിങ്ങനെ (കാര്യം എന്ന) അർത്ഥത്തിൽ ഈ പദം പത്രങ്ങളിൽ ഉപയോഗിച്ചുവരുന്നു. വലിയ അക്ഷരത്തിൽ അരിപ്രശ്നം എന്നു ചേർത്തിട്ടു, താഴെ, പതിനായിരം ചാക്ക് അരി ആലപ്പുഴയിൽ ഇറക്കിയിരിക്കുന്നു എന്നു പത്രങ്ങളിൽ കാണാം. പ്രകൃതത്തിൽ ഒരു പ്രശ്നത്തിനും (ചോദ്യത്തിനും) സ്ഥാനമില്ല. ഇപ്രകാരം അസ്ഥാനത്തു പ്രതീതിവൈകല്യത്തോടും അർത്ഥശൂന്യതയോടുംകൂടി ഈ പദം ഉപയോഗിച്ചു പ്രചരിപ്പിച്ചതു പത്രങ്ങളാകുന്നു. അന്തർരാഷ്ട്രം സന്ധിനിയമപ്രകാരം തെറ്റ്. അന്താരാഷ്ട്രം ശരി. ചിലപ്പോൾ ചില പത്രങ്ങൾ അന്താരാഷ്ട്രമെന്നു എഴുതിക്കാണാറുണ്ട്. അതു ഭാഗ്യംതന്നെ.

ഭാഷയിൽ കുപ്രതിഷ്ഠകിട്ടിയ ഒരു പദമത്രേ മേധാവി. മേലധികാരി എന്ന അർത്ഥത്തിൽ ഈ പദം പ്രയോഗിക്കുന്നു. വിദേശമേധാവിത്വവും മറ്റും അതിപ്രസിദ്ധങ്ങളായ പദങ്ങളാകുന്നു. 'ധീർധാരണാവതീ മേധാ' എന്നു പ്രസിദ്ധമായ അമരകോശത്തിൽ ഈ പദത്തിനു അർത്ഥംചൊല്ലുന്നു. ശ്രീശങ്കരാചാര്യസ്വാമി 'മേധാവീ വിക്രമഃ ക്രമഃ' എന്ന വാക്യത്തിലെ 'മേധാവി'പദത്തെ 'മേധാബഹുഗ്രന്ഥധാരണസാമർത്ഥ്യം. സാസ്യാസ്തീതി മേധാവീ. 'അസ്മായാമേധാസ്രജോ വിനിഃ' ഇതി പാണിനീവചനാദ്വിനിപ്രത്യയഃ സചോപലക്ഷ' എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. ബഹുഗ്രന്ഥങ്ങളെ ധരിക്കുന്നതിനുള്ള ശക്തി മേധ, അതോടുകൂടിയവൻ മേധാവി. ഇതത്രെ പ്രസ്തുതപദത്തിന്റെ പണ്ഡിതസമ്മതമായ അർത്ഥം. മേധാവിയുടെ ഈ അർത്ഥം ഇന്നു വിസ്മൃതപ്രായമായിത്തീർന്നു.

വിദ്യാർത്ഥിനീവിദ്യാർത്ഥികൾ, യുവതീയുവാക്കൾ എന്നീവിധം പദപ്രയോഗങ്ങൾ പത്രങ്ങളിൽ കണ്ടുകണ്ടു മുഷിഞ്ഞിരിക്കുന്നവയാകുന്നു. ഇവ എത്രയ്ക്കു സഹൃദയോദ്വേഗജനകങ്ങളെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. ഏതാദൃശസന്ദർഭങ്ങളിൽ പുരുഷന്മാരെക്കുറിക്കുന്ന പദങ്ങൾമാത്രം പ്രയോഗിച്ചാൽ മതിയാകും. സ്ത്രീകൾ എന്ന അർത്ഥവും സിദ്ധിക്കും. 'പുമാൻസ്ത്രിയാ' എന്ന ശാസ്ത്രം നോക്കുക. മഹാകവിപ്രയോഗങ്ങളും അങ്ങിനെതന്നെ. 'ജഗതഃ പിതരൌ വന്ദേ' (രഘു) എന്നവാക്യത്തിലെ 'പിതരൌ' എന്ന പദത്തിനു മാതാവും പിതാവും എന്നു അർത്ഥം. അതുകൊണ്ടു 'പിതരൌ' എന്നു ദ്വിവചനം പ്രയോഗിച്ചിരിക്കുന്നു. ജഗത്തിനു അനേകം പിതാക്കന്മാർ സംഭവിക്കാവുന്നതല്ലല്ലോ. 'യൂനോസ്സ്വൈരവിഹാരതോഃ പേശലൈഃ കലാഭിഃ.' (ശുകസന്ദേശം) എന്നതിലെ 'യൂനോഃ' എന്ന പദത്തിനു യുവാവും യുവതിയും എന്നു അർത്ഥം ഗ്രഹിക്കണം. 'യൂനോഃ യുവത്യാശ്ചമധ്യേ പുമാൻസ്ത്രിയേത്യേകശേഷഃ' എന്നു പ്രസ്തുതപദത്തിനു വിവൃതികാരന്റെ വ്യാഖ്യാനം. നൃപതിനരപതിയെന്നും മറ്റും കവികൾ ധാരാളമായി പ്രയോഗിക്കാറുണ്ട്. ഈ പദങ്ങളിൽ സ്ത്രീയെക്കുറിക്കുന്ന പദം പ്രയോഗിക്കാത്തതുകൊണ്ടു രാജാവു പുരുഷന്മാരെമാത്രമേ രക്ഷിക്കുന്നുള്ളു എന്നും സ്ത്രീകളുടെ രക്ഷിതാവല്ലെന്നും വരുന്നില്ല. സ്ത്രീകളെക്കൂടി പരിപാലിക്കുന്നവൻ എന്ന അർത്ഥത്തിൽ 'നൃനാരീപതി' എന്നീവിധം പദപ്രയോഗംചെയ്യുന്നതായാൽ അതു ആക്ഷേപാർഹമായി ഗണിക്കപ്പെടും. നിശ്ചയം. ലോകവ്യവഹാരരീതിയും അങ്ങിനെതന്നെ. ഒരാളോടു 'നിങ്ങൾക്കു എത്ര പുത്രന്മാരുണ്ടു' എന്നു ചോദിച്ചാൽ അയാൾ പെൺമക്കളെയും ആൺമക്കളെയും വെവ്വേറെ ഗ്രഹിച്ചു രണ്ടു ആണും രണ്ടു പെണ്ണും എന്നു ഉത്തരംപറയുന്നു. അതുപോലെ വിദ്യാർത്ഥികളെന്നു പ്രയോഗിച്ചാൽ മതിയാവുന്നസ്ഥാനത്തു വിദ്യാർത്ഥിനികളെ ഉപയോഗിക്കേണ്ടതില്ല. പണ്ഡിതന്മാർ ഏതാദൃശപദങ്ങളെ വർജ്ജിക്കണമെന്നു ഉപദേശിക്കുന്നു.

പദപ്രയോഗത്തിന്റെ ഉദ്ദേശം വക്താവിന്റെ ആശയത്തെ അവികലമായി പ്രകാശിപ്പിക്കുകയാകുന്നു. ഒരു പദം വിവക്ഷിതമായ അന്തർഗ്ഗതത്തെ പ്രകാശിപ്പിക്കുന്നില്ലെന്നും, വിചാരിക്കാത്തതിനെ അബദ്ധമായി വെളിപ്പെടുത്തുന്നു എന്നും വരുന്നതായാൽ അതിനെ തീർച്ചയായും വർജ്ജിക്കണം. ആനയെന്നുപറഞ്ഞാൽ ചേനയെന്നു അർത്ഥം ഗ്രഹിക്കുന്നതിനു ബുദ്ധിമുട്ടുണ്ട്. മേധാവി എന്ന പദത്തിനു മേലധികാരി എന്ന അർത്ഥം ധരിക്കേണ്ടിവരുന്നതും അങ്ങിനെതന്നെ. പദങ്ങളെ, അവയ്ക്കു ശാസ്ത്രകാരന്മാർ നിശ്ചയിച്ചിരിക്കുന്നതും പണ്ഡിതന്മാരുടെയും കവികളുടെയും വ്യവഹാരംകൊണ്ടു പ്രസിദ്ധി ലഭിച്ചിരിക്കുന്നതും ആയ അർത്ഥത്തിൽ പ്രയോഗിക്കുന്നതുതന്നെ സർവ്വഥാ യുക്തം.

അബദ്ധപദങ്ങൾ സൃഷ്ടിച്ചു പ്രചരിപ്പിക്കുന്നതുകൊണ്ടു ഭാഷയ്ക്കു അശുചിത്വവും ആരോഗ്യഹാനിയും നേരിടുന്നു. അതുകൊണ്ടു സംഭവിക്കുന്ന പരിഷ്കാരവും സ്വാതന്ത്ര്യവും വാസ്തവത്തിൽ ആ പേരിനെ അർഹിക്കയില്ല. വ്യക്തിക്കും ഗൃഹത്തിനും എന്നതുപോലെ ഭാഷയ്ക്കും ശുചിത്വം അത്യാവശ്യം, അതു കൈവരണമെങ്കിൽ അബദ്ധപദങ്ങളെ വർജ്ജിച്ചു, ശാസ്ത്രങ്ങൾക്കും പണ്ഡിതന്മാർക്കും സമ്മതങ്ങളായവയെ സ്വീകരിക്കണം.

കവികൾക്കു അദുഷ്ടങ്ങളായ പദങ്ങൾ യഥേഷ്ടം കിട്ടുന്നതിനും സരസങ്ങളായ നൂതനപദങ്ങൾ നിർമ്മിക്കുന്നതിനും അവയെയും രസാലങ്കാരാദികളെയും സ്ഥാനം അറിഞ്ഞു നിവേശിപ്പിക്കുന്നതിനും ശാസ്ത്രജ്ഞാനവും ഗ്രന്ഥപരിചയവും അത്യാവശ്യമാകുന്നു.

പാല്ക്കടൽത്തിരതല്ലിയേറിവരും
കനകപ്പടങ്ങളെൻ
നാക്കിലമ്പൊടു നൃത്തമാണൊരു-
ഭോഷ്ക്കുചൊല്ലുകയല്ലഞാൻ

എന്നു മഹാകവി കുഞ്ചൻനമ്പ്യാർ പറയുന്നതു നിരർത്ഥമായ ആത്മപ്രശംസയല്ലെന്നു തുള്ളൽപ്രബന്ധങ്ങളുമായി പരിചയപ്പെട്ടിരിക്കുന്ന സഹൃദയന്മാർ സമ്മതിക്കും.

പാലാഴിമഥിതന്റെ വേഷം ചമയുവാൻ
കാലാഴികെട്ടിത്തുടങ്ങിയോരംഗന

* * *

ദുർമ്മദനെന്നുള്ള ഗന്ധർവ്വനേകദാ
ദുർമ്മദത്തോടെ നടക്കും ദശാന്തരേ
ഉർവ്വശീദേവിയെക്കണ്ടു കാമിക്കയാൽ
ദുർവ്വശീഭൂതചേതോവൃത്തിയാമവൻ

എന്നീ വകഭാഗങ്ങൾ നമ്പ്യാരുടെ ശബ്ദസ്വാധീനശക്തിയെ വെളിപ്പെടുത്തുന്നു. 'പാലാഴി-കാലാഴി' 'ഉർവ്വശീ-ദുർവ്വശീഭൂത' എന്നിങ്ങനെ സന്ദർഭോചിതങ്ങളും സൌന്ദര്യതുന്ദിലങ്ങളും ആയ പദങ്ങൾ നിഷ്പ്രയാസം ലഭിക്കണമെങ്കിൽ കവിയ്ക്കു പദപരിചയവും ശാസ്ത്രജ്ഞതനവും ഉണ്ടായിരിക്കണം, കിളിപ്പാട്ടുകൾ ചമ്പുക്കൾ ആട്ടക്കഥകൾ കൃഷ്ണഗാഥാദിപ്രബന്ധങ്ങൾ തുള്ളലുകൾ മുതലായ ശാഖകളിലെ പ്രധാന ഗ്രന്ഥങ്ങളുടെ കർത്താക്കന്മാർ നമ്പ്യാരെപ്പോലെ ശബ്ദസാമ്രാജ്യത്തിന്റെ ആധിപത്യംവഹിച്ചിരിക്കുന്നവരാകുന്നു. വിപുലമായ വൈദുഷ്യംകൊണ്ടു അവർക്കു ഈ മേന്മ കൈവന്നു എന്നു വിചാരിക്കണം.

രസാലങ്കാരങ്ങളെ അംഗഭംഗംകൂടാതെ നിവേശിപ്പിക്കുക, വിശദമായ വാക്യശൈലി ഉപയോഗിക്കുക എന്നീ കാര്യങ്ങളിൽ പുതുമക്കാരായ കവികളിൽ പലർക്കും പരാജയം നേരിട്ടുകാണുന്നു. കവിയുടെ വിവക്ഷ വാക്യങ്ങളിൽനിന്നു ഗ്രഹിക്കുവാൻ പ്രയാസം. കൃത്രിമവും തലതിരിഞ്ഞതും ആയ ഒരുതരം വാക്യശൈലിയെ അവർ ഉപയോഗിച്ചുവരുന്നു. പദങ്ങളിൽ അക്ഷരം എന്നപോലെ വാക്യത്തിൽ പദവും വേണ്ടസ്ഥാനത്തു ഉപയോഗിച്ചില്ലെങ്കിൽ ഫലം വിപരീതവും വികൃതവും ആയിത്തീരും.

കപി എന്ന പദം കേൾക്കുമ്പോൾ കുരങ്ങു എന്നു അർത്ഥബോധം ഉണ്ടാകുന്നതു 'ക' ആദ്യവും 'പി' ഒടുവിലും പ്രയോഗിക്കുന്നതുകൊണ്ടാകുന്നു. നേരേമറിച്ചു 'പി' ആദ്യവും 'ക' അവസാനത്തിലും നിവേശിപ്പിച്ചാൽ അർത്ഥത്തിനു എത്രയ്ക്കു വ്യത്യാസംവരും!

വാക്യങ്ങളിൽ കർത്താവു കർമ്മം ക്രിയ എന്നിവ ഇന്നയിന്നസ്ഥാനത്തു നിബന്ധിക്കണമെന്നു നിശ്ചയമുണ്ട്. തദനുസരണം പദങ്ങൾ ചേർക്കുന്നതുതന്നെ, ഭംഗി. കൃഷ്ണൻ രാമനോടു 'നീ ഇവിടെ നില്ക്കണ'മെന്നും 'ഞാൻ വന്നിട്ടേ പോകാവൂ' എന്നും പറഞ്ഞു എന്ന വാക്യം ഉദാഹരിക്കാം. ഇതിൽ കർത്തൃകർമ്മക്രിയകൾ വേണ്ടസ്ഥാനത്തു ഉപയോഗിച്ചിരിക്കുന്നു. 'നീ' കൃഷ്ണൻ രാമനോടും പറഞ്ഞു 'ഇവിടെ നില്ക്കണം' എന്നു തുടർന്നു പറഞ്ഞു 'ഞാൻ വന്നിട്ടേ പോകാവൂ' എന്നു പ്രസ്തുതവാക്യം കർത്താവു മുതലായവ അസ്ഥാനത്തു ഉപയോഗിച്ചതുകൊണ്ടു വികൃതമായിരിക്കുന്നു. 'അതേ ഞങ്ങളെപ്പറ്റി വീണ്ടുമെത്തിയിരിക്കുന്നു പരാതി. തനിസ്സാഹിത്യവുമായിടപെടുന്ന മംഗളോദയത്തിനെന്തു രാഷ്ട്രീയം — അതാണിപ്പോഴത്തെ ചോദ്യം. ഇതുകേട്ടാൽ തോന്നും നമ്മുടെ രാഷ്ട്രീയവും സാഹിതീയവും തമ്മിൽ യാതൊരിടപാടും ഉണ്ടായിട്ടില്ലാന്നാളവുമെന്നു'. ഇതുപോലെ തലതിരിഞ്ഞ, പ്രാകൃതങ്ങളായിത്തീർന്ന ഒരുതരം വാക്യങ്ങൾ ഇന്നു പല പത്രങ്ങളിലും കാണ്മാൻ കഴിയും. ചുരുക്കം ചില സന്ദർഭങ്ങളിൽ ഇത്തരം വാക്യങ്ങൾക്കു ഭംഗിതോന്നും. എന്നാൽ ഒരു ലേഖനത്തിലും കഥയിലും ആഖ്യായികയിലും എവിടെയും ഏതാദൃശവാക്യങ്ങളേ ഉള്ളൂ എന്നു വന്നാൽ അവയെ കുഷ്ഠശ്വിത്രാദിരോഗങ്ങൾ പിടിപെട്ട ശരീരത്തെ എന്നപോലെ വർജ്ജിക്കുകതന്നെവേണം. ഈ ദുർവ്യാധി ഇക്കാലത്തു ഗദ്യകാവ്യങ്ങളെ കഠിനമായി ബാധിച്ചിരിക്കുന്നു. 'കണ്ടു സീതയെ' എന്നും 'സീതയെക്കണ്ടു' എന്നും പറയുന്ന

(ശേഷം പന്ത്രണ്ടാംപേജിൽ)

# * ആചാര്യകൃപലാനി

"ഒരു മഹാന്റെ ഗംഭീരവും സരസവും വിജ്ഞാനപ്രദവുമായ പ്രസംഗത്തിലും പ്രാധാന്യം അർഹിക്കുന്നതു് ആദർശപരമായ ഒരു ജീവിതമാണ്" ഒരു ഗ്രന്ഥകാരൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു. കൃപലാനിയുടെ ജീവിതവും ഈ വാക്യവും തമ്മിൽ അഭേദ്യബന്ധമുണ്ട്. അദ്ദേഹം ഒരു മികച്ച സാഹിത്യകാരനും അതുല്യനായ പ്രഭാഷകനുമാണ്. ആ ജീവിതം ആദർശബഹുലവും അനുകരണീയവുമാണ്. അദ്ദേഹത്തിന്റെ തൂലികത്തുമ്പിൽനിന്നും നിർഗ്ഗളം ബഹിർഗ്ഗമിച്ച അനർഘരത്നങ്ങൾ ഭാരതമാതാവിന്റെ ഗളത്തിൽ പ്രഥമസ്ഥാനം അർഹിച്ചുകഴിഞ്ഞു.

ഹൈദരബാദിലുള്ള ഒരു പ്രശസ്ത അമീൽ കുടുംബത്തിൽ അദ്ദേഹം ജാതനായി. കാകാഭഗവൽദാസ്സിന്റെ ആറാമത്തെ പുത്രനാണ് കൃപലാനി—ഒരു തഹശീൽദാരായിരുന്ന ഭഗവൽദാസ്സിനെ ആ നാട്ടുകാർ വളരെ ബഹുമാനത്തോടുകൂടിയാണ് വീക്ഷിച്ചുവന്നിരുന്നതു്. മുൻകോപിയായിരുന്നതുകൊണ്ട് അദ്ദേഹത്തെ അവർ ഭയപ്പെട്ടു. കൂടാതെ അചഞ്ചലനായ ഒരു വിഷ്ണുഭക്തനായിരുന്നദ്ദേഹം. കൃപലാനിയുടെ ഏററവും മൂത്തരണ്ടു സഹോദരന്മാർ മുഹമ്മദുമതം സ്വീകരിച്ചു. ഖിലാഫത്ത് മൂവ്മെന്റ സമയത്തു് ഒരാൾ വെടിയേല്പിക്കുന്നതായി മരണമടഞ്ഞതായി വിശ്വസിക്കപ്പെടുന്നു. അഫ്ഗാനിസ്ഥാനിലെ ഭരണാധികാരിയെക്കൊണ്ട് ഇന്ത്യ ആക്രമിക്കുവാൻ അദ്ദേഹം വളരെ പണിപ്പെട്ടതായി കിംവദന്തികൾ ഉണ്ട്. മറെറാരു സഹോദരൻ ഒന്നാം ഗ്രീക്കയുദ്ധത്തിൽ വീരസ്വർഗ്ഗം പ്രാപിച്ചു. വേറെ ഒരു സഹോദരൻ ഹൈദരബാദ് സിൻഡിൽ ഒരു സ്വദേശിവസ്ത്രാലയവും, ഗുരുകുലവും സ്ഥാപിച്ചു് അമിൽവംശജരുടെ കീർത്തിയ്ക്കു് മാററുകൂട്ടി. കൃപലാനിയുടെ അനുജൻ മരപ്പണിയിൽ വ്യാപൃതനായി, അനന്തരം ത്യാഗമയമായ സന്യാസപന്ഥാവിൽകൂടി ജീവിതയാത്ര തുടർന്നു. ലോകത്തിലാരെയെങ്കിലും കൃപലാനി ഭയപ്പെട്ടിട്ടുണ്ടെങ്കിൽ — ഭയപ്പെടുന്നുണ്ടെങ്കിൽ അതീസഹോദരനെ മാത്രമാണെന്നു അദ്ദേഹംതന്നെ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. ഏഴു സഹോദരന്മാരുടെ പ്രീതിയ്ക്കു പാത്രമായി ആ കുടുംബത്തിൽ ജനിച്ച ആ ദേവകന്യ കീകീബെൻ— ഇന്നിതദ്ദ്വേഷ്യന്റെ പാദധൂളികളെപിൻതുടന്നു്, മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിന്റെ സമരകാഹളം മുഴക്കുന്ന മുകുലക്ഷങ്ങളുടെ മുന്നണിയിലെത്തിയിരിക്കുന്നു. ഉജ്ജ്വലമായ ആ പ്രസംഗങ്ങൾ പാരതന്ത്ര്യാന്തരായി കേഴുന്ന ജനതയെ സമരാഹ്വാനത്തലേയ്ക്കു് നയിക്കുന്നു. സൽസ്വഭാവികളും, കർമ്മധീരരുമായ അവരുടെ ജീവിതങ്ങൾ ആ സമുദായത്തിന്റേയും വിശിഷ്യാ ഭാരതത്തിലെ മുപ്പത്തെട്ടുകോടി ജനങ്ങളുടേയും വിജയവൈജയന്തിതന്നെ!

കൃപലാനിയ്ക്കു് ബാല്യത്തിൽത്തന്നെ വേണ്ട വിദ്യാഭ്യാസം നൽകുവാൻ ആ പിതാവു് വൈമനസ്യം പ്രകടിപ്പിച്ചില്ല. മെട്രിക്കലേഷൻ ജയിച്ച കൃപലാനി ബോംബയിലെ വിൽസൺകോളേജിൽചേന്നു് പഠനം തുടന്നു-ഒരു കൊല്ലത്തിനുശേഷം ഒരു പൊട്ടിച്ചിരിയോടും, നിറഞ്ഞ വെറുപ്പോടുംകൂടി തടിച്ച കണക്കപുസ്തകങ്ങളെല്ലാം മെട്ടത്തു് ചവററുകൊട്ടയിൽ തള്ളി—ചരിത്ര പുസ്തകങ്ങൾ ആ ജീവിതത്തെ മുഷിപ്പിച്ചു. ക്ഷേത്രഗണിതവും, ത്രികോണമിതിയും മററും ഹൃദിസ്ഥമാക്കാൻ അദ്ദേഹമുണ്ടോ ഇഷ്ടപ്പെടുന്നു! വിശാലമായ മുറിയിൽ നാലുവശമുള്ള കണ്ണാടിഅലമാരികളിൽ നിറച്ചുവച്ചിരിയ്ക്കുന്ന തങ്കവർണ്ണാങ്കിതമായ ലിപികളാൽ മോടിപിടിച്ച ഷേക്സ്പിയറിനും മററു് എല്ലാം പ്രധാന ആംഗ്ലേയപ്രബന്ധങ്ങൾക്കുമേ ആ മനസ്സിനെ വികസിപ്പിയ്ക്കുവാൻ കഴിഞ്ഞിരുന്നുള്ളു. ഒഴിവുദിവസങ്ങളിലെല്ലാം ആഖനിയിൽ ജോലിചെയ്യുവാൻ അദ്ദേഹം അതിയായ ശ്രദ്ധിച്ചുകാണിച്ചു ഇന്നദ്ദേഹത്തിൽ കളിയാടുന്ന ആംഗ്ലേയവിദ്വേഷത്തിന്റെ പത്തിരട്ടി സ്നേഹം അന്നു് ആ പുസ്തകങ്ങളോടു് ഉണ്ടായിരുന്നു.

കൃപലാനി ഒരൊന്നാന്തരം ഗായകനാണ്. ആ കണ്ഠത്തിൽ നിന്നും പുറപ്പെടുന്ന ഗാനാമൃതത്തിൽ ശിലകൾപോലും അലിഞ്ഞുപോകും. മസ്സൂഫർപൂരിൽ അദ്ദേഹംകഴിച്ചുകൂട്ടിയ അവസരം അനേകംപേർക്ക് ആനന്ദപ്രദമായി സമയം തള്ളിവിടുവാൻ ഉപകരിച്ചിരുന്നു. അദ്ദേഹത്തിന്റെ സംഗീതവാസനയെ പുകഴ്ത്താത്തവരില്ല. പദ്യസാഹിത്യമാണ് കൃപലാനിയ്ക്കു് കൂടുതൽ ഇഷ്ടം. അദ്ദേഹത്തിന്റെ ഗദ്യശൈലി പദ്യത്തിലുള്ള അഭിരുചിയെ വ്യക്തമാക്കുന്നുണ്ട്.

കറെനാൾ പാശ്ചാത്യരുടെ ജീവിതസമ്പ്രദായത്തെ കൃപലാനി കൂടുതൽ സ്നേഹി



ച്ചു. വിദ്യാർത്ഥിജീവിതം മിയ്ക്കവാറും 'തനിസായിപ്പ്' വേഷത്തിൽത്തന്നെയായിരുന്നു. അക്കാലത്തു് ഖദറിന്റെ പരുപരുപ്പിനെക്കാൾ, സിൽക്കിന്റെ മിനുസമാണ് ഉത്തമമെന്നു് അദ്ദേഹം തെററിദ്ധരിച്ചിരുന്നു. ഖദറിന്റെ പ്രചുരപ്രചാരം നാട്ടിന്റെ നാനാഭാഗങ്ങളും വ്യാപിച്ചു. വിൽസൺകോളേജിലെ ഒരു പ്രൊഫസറുമായി അദ്ദേഹം ശണ്ഠകൂടി. അതു് കൃപലാനിയുടെ ബോംബയിലെ വിദ്യാർത്ഥിജീവിതത്തിനു് ഒരു പൂർണ്ണവിരാമമിട്ടു. അതിനുശേഷം ബോംബെ ഉപേക്ഷിച്ചു് കറാച്ചിയിലെ ഡി. ജെ. കോളേജിലേയ്ക്കു് മാറി.

കൃപലാനി അന്നു് കറാച്ചിയിൽ ബി. എ ക്ലാസ്സിൽ പഠിക്കുകയാണ്. അവിടത്തെ പ്രിൻസിപ്പാൾ ജാക്സനു് ഇന്ത്യാക്കാരോടു് പൊതുവേ വെറുപ്പാണ്. ഒരു ദിവസം പൊതുയോഗത്തിൽ അയാൾ ഇങ്ങനെ പ്രസംഗിച്ചു: 'ഇന്ത്യാക്കാർ വെറുക്കപ്പെട്ടകള്ളന്മാരാണ്' ഒരു വൻപിച്ചജനവിഭാഗത്തിന്റെനേക്ക് ഒരു വെള്ളക്കാരന്റെ അവഹേളനം! അനേകായിരം ഇന്ത്യാക്കാരുടെ മദ്ധ്യത്തിൽ നിന്നുകൊണ്ട് ഒരു വിദേശിയന്റെ പരുഷമായ വാക്കുകൾ! അവർ അതെങ്ങനെസഹിയ്ക്കും! ക്ഷുഭിതരായ വിദ്യാർത്ഥികൾ പണിമുടക്കി. കൃപലാനിയുടെ നേതൃത്വം അവരെ വിജയിപ്പിച്ചു. ജാക്സൺ പരസ്യമായിക്ഷമായാചനംചെയ്തു. അവർ അടങ്ങി. സ്വരാജ്യസ്നേഹമഹിമകണ്ടു് അന്യർ അതിശയിച്ചു. അന്നുവരെ രാഷ്ട്രീയ കാര്യങ്ങൾ ഒരു ചുവന്നരേഖപോലെ കൃപലാനിയിൽ അവ്യക്തമായികിടന്നിരുന്നതേയുള്ളു. അതു് ക്രമേണ തെളിഞ്ഞുതുടങ്ങി. അതോടുകൂടി മാതൃഭക്തിയിൽ അദ്ദേഹം മതിമറന്നു. സാധുക്കളായ ഭാരതീയരുടെ മേൽ, ഇംഗ്ലീഷ് ദുഷ്പ്രഭുത്വത്തിന്റെ ആനകയററത്തെ കൃപലാനിശക്തിമത്തായ ഭാഷ

കെ. കെ. തങ്കപ്പൻനായർ,
പരിമല

യിൽ വിമർശിച്ചു. പൊതുയോഗങ്ങളിൽ ബ്രിട്ടീഷ്ഭരണകൂടത്തെ താങ്ങിപ്രസംഗിക്കുന്ന അവസരസേവകരെ ചട്ടമ്പികളായും സഹപാഠികളുമൊന്നിച്ചു് പരസ്യമായി അവഹേളിയ്ക്കുകയെന്നതു് കൃപലാനിയുടെ ഒരു പതിവായിരുന്നു. ഇതിൽ നിന്നെല്ലാം അദ്ദേഹത്തിൽ നിഴലിട്ടിരുന്ന സ്വരാജ്യസ്നേഹം എത്രമാത്രമെന്നു നമുക്ക് ഊഹിക്കാം.

വിദ്യാഭ്യാസശേഷം അദ്ധ്യാപകവൃത്തിയിലേർപ്പെട്ട കൃപലാനി പ്രൊഫസറായും മററും ജോലിനോക്കി. സഹപാഠികളുടെ ആരാധനാപാത്രമായും, മാസ്റ്റർശിയായും, അതേസമയംതന്നെ അധികാരികളെ അമ്പരിപ്പിച്ചിരുന്നതുമായ ആ കസ്റ്റിത്തരങ്ങളെപ്പററിയുള്ള മധുരസ്മരണകൾ ആ നാക്കിൽനിന്നുതന്നെ പുറപ്പെടുന്നതു് കേൾക്കുകയെന്നതു് ആ ശിഷ്യഗണങ്ങൾക്ക് അതിയായ കൗതുകം ഉളവാക്കി. തന്നെക്കാളും പ്രായംകുറഞ്ഞവരെ അനുജന്മാരെപ്പോലെ കരുതിസ്നേഹിക്കയും, പ്രായംകൂടിയവരെ ആദരവോടുകൂടിബഹുമാനിക്കയും ചെയ്യുന്നതു് അദ്ദേഹത്തിന്റെ പ്രധാനശീലമാണ്. ആ നോട്ടം യജമാനന്മാരെന്നഭിമാനിക്കുന്നവരെ വിറപ്പിക്കാൻ പര്യാപ്തമാണ്. ആ ഏടയാന്തരംഗത്തിൽ മങ്ങികത്തിക്കൊണ്ടിരുന്ന സ്വാതന്ത്ര്യാഗ്നിയ്ക്കു് അനുഭവങ്ങൾ തൈലസേചനം നടത്തിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ തത്വസമ്പൂർണ്ണങ്ങളാണ്. ആ മുഖത്തുദിക്കുന്ന വികാരങ്ങൾ ഉജ്ജ്വലങ്ങളും, അനഗാമികളെക്കൊണ്ട് എന്തും പ്രവർത്തിപ്പിക്കുവാൻ തക്ക ശക്തിയുള്ളതുമാണ്.

ബീഹാറിലും, ഗുജറാത്തിലും ഏഴുവർഷക്കാലം അദ്ധ്യാപകവൃത്തിതന്നെ തുടന്നു. ഗുജറാത്തിൽവെച്ചാണ് ആചാര്യനെന്ന സ്ഥാനം കൃപലാനിക്ക് ലഭിച്ചതു്. അവിടെ കൃപലാനി, ഇംഗ്ലീഷും, ചരിത്രവുമാണ് പഠിപ്പിച്ചുകൊണ്ടിരുന്നതു്. ഗ്രന്ഥശാലകളിൽനിന്നോ, പാഠപുസ്തകങ്ങളിൽനിന്നോ കാണാതെപഠിച്ചതു് വീണ്ടും ഛർദ്ദിക്കുകയല്ല അദ്ദേഹം ചെയ്തതു്. ഒരുസ്നേഹിതൻ നഷ്ടപ്പെടുന്നതിലും വലിയകഷ്ടമായിട്ടാണ് ഒരു വിനോദം പാഴാതിരിക്കുക എന്നു് കൃപലാനിതന്നെ പലപ്പോഴും പറയാറുണ്ട്. വിനോദങ്ങൾമുഖേന അനവധി വൈരികളേയും അതിലുപരിയായി സ്നേഹിതന്മാരെയും അദ്ദേഹം സമ്പാദിച്ചുകഴിഞ്ഞു. എഴുതുന്നതിലും ഭംഗിയായി അദ്ദേഹം സംസാരിയ്ക്കും. രസികസമൂഹങ്ങളുടെ മദ്ധ്യത്തിൽ ഒന്നാംതരം പ്രസംഗങ്ങൾചെയ്യും. കുഴ്ക്കളുടെ പ്രവാഹം പോലുള്ള തെളിവുകൾകൊണ്ട് തക്കങ്ങളെ അദ്ദേഹം കീഴ്പ്പെടുത്തും. കുത്തുവാക്ക പറയുവാൻ ഇദ്ദേഹത്തെപ്പോലെ സമത്ഥന്മാരായി വേറേ വല്ലവരുമുണ്ടോഎന്നു സംശയമാണ്.

മിക്കവാറും ജനങ്ങൾ 'ദാദാകൃപലാനി'യായെ അദ്ദേഹത്തെ അറിയുകയുള്ളു. 'ജി. ജി. ജി. കാളേജിലെ ഒരു ബംഗാളി സ്നേഹിതനാണ് അദ്ദേഹത്തെ ആദ്യം ഇങ്ങനെ സംബോധനചെയ്തതു്. ദാദാ എന്നവാക്കിനു ഒരു മൂത്ത സഹോദരൻ എന്നാണത്ഥം. എല്ലാവരും സഹോദരനെന്നുകരുതി കൃപലാനിയെ സ്നേഹിക്കുന്നതു ന്നധികമിഷ്ടം. ആബാലവൃദ്ധം ജനങ്ങൾ അദ്ദേഹത്തിന്റെ അന്തികത്തിൽ ചെന്നു സ്നേഹബഹുമാനാദികൾ ആഞ്ജിക്കാറുണ്ട്. ഒരുമന്ദസ്മിതത്താൽ അദ്ദേഹം അതെല്ലാ സ്വീകരിക്കും. ഒരുവസ്ത്രത്തിൽ നിന്നു പുറത്തുവന്നവരേപ്പോലെ ബീഹാർ, ഗുജറാത്ത്, യു. പി. ഇവിടെയെല്ലാം ഇവരുമൊന്നിച്ചു വസിക്കാറുണ്ട്. കൃപലാനിക്ക അധികംഭാഷകൾ വശമല്ല. മുപ്പതുകൊല്ലത്തെ പരിചയംകൊണ്ടുപോലും ഹിന്ദിയും ഗുജറാത്തിയും സംസാരിക്കുവാൻ നല്ല പരിചയമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ആ ഭാഷകളും ആ നാവിൽനിന്നും പുറപ്പെടുമ്പോൾ രസസമ്പൂർണ്ണങ്ങളാണ്. ശരിയായ കൃത്യനിർവഹണതല്പരതയും സ്വരാജ്യസ്നേഹവും അദ്ദേഹത്തിൽ മിന്നുന്നു. പ്രാപ്തന്മാരായ ഒരു സംഘത്തിന്റെ അനിഷേധ്യനേതാവാണ് കൃപലാനി.

അദ്ദേഹത്തിന്റെ നാട്ടുകാരെല്ലാം പാശ്ചാത്യപരിഷ്കാരപ്രേമികളാണ് ആ ആചാരങ്ങൾ കൃപലാനി വെറുക്കുന്നു. ഒരിക്കൽ ഗാന്ധിജി സിൻഡു് സന്ദർശിച്ചപ്പോൾ കൃപലാനി ചില നാട്ടുകാരെ അദ്ദേഹവുമായി പരിചയപ്പെടുത്തി. ശരിയായ ശൈലിയിലും ശക്തമായ ഭാഷയിലുമല്ല അപ്പോഴും കൃപലാനി സംസാരിച്ചതു്. ഗാന്ധിജിയും ശിഷ്യഗണങ്ങളും അദ്ദേഹത്തിന്റെ സംസാരരീതിയിൽ പൊട്ടിച്ചിരിച്ചു. അദ്ദേഹം ആ സമ്പ്രദായത്തിൽതന്നെ സംസാരം അവസാനിപ്പിച്ചു.

1917-ൽ പ്രൊഫസർ ആചാര്യകൃപലാനി ഗാന്ധിജിയുമൊന്നിച്ചു് ചാമ്പരൻ സന്ദർശിച്ചു് കിസാൻവർഗ്ഗക്കാരുടെ അവകാശങ്ങൾ പുനഃസ്ഥാപിച്ചു. ഏകദേശം ഇക്കാലത്തു് ബംഗാളിലെ ചിലർ ബീഹാർവാസികളെ ഭയപ്പെടുത്തി. ഈ സംഭവം എല്ലാം യുവവീരന്മാരേയും ശ്രദ്ധയെ ആകർഷിച്ചു. ജയപ്രകാശനാരായണൻ ഇപ്പോൾ സോഷ്യലിസത്തെ എത്രമാത്രം ഇഷ്ടപ്പെടുന്നുവോ അത്രമാത്രം കൃപലാനി ഭീകരവൃത്തിയെ ഇഷ്ടപ്പെട്ടു. ചിലർ കമ്മ്യൂണിസ്റ്റുകാരും, മററുചിലർ സോഷ്യലിസ്റ്റുകാരുമായി മാറി. എല്ലാം അരുവികളും ഒരുനദിയിൽചേരുന്നതുപോലെയും, എല്ലാം നിമ്നഗകളും കടലിൽ പതിയ്ക്കുന്നതുപോലെയും കമ്യൂണിസ്റ്റുകളും സോഷ്യലിസ്റ്റനദികളും എല്ലാം ഗാന്ധിസമാകുന്ന വാരിധിയിൽ വീണു. സമാധാനത്തിനുവേണ്ടി വിപ്ലവം നടത്തുന്നവരിലഗ്രഗണ്യനാണ് ഗാന്ധിജി. അക്രമത്തിൽ വിശ്വസിച്ചു്, അക്രമപരമായിത്തന്നെ കൃപലാനി സ്വല്പകാലംമുൻപുവരെ കഴിഞ്ഞുകൂടി. ഗാന്ധിജി കൃപലാനിയ്ക്കു് അഹിംസാമന്ത്രം പലപ്പോഴും ഉപദേശിച്ചുകൊടുത്തിട്ടുണ്ട്. പക്ഷേ അതൊന്നും അദ്ദേഹത്തിന്റെ കാതിൽ കയറിയില്ല. ഒഴിവുകഴിവുകൾ കൃപലാനി പലപ്പോഴും പറഞ്ഞു് അദ്ദേഹത്തിന്റെ ഉപദേശങ്ങളെ സ്വീകരിച്ചില്ല. ഗാന്ധിസവിശ്വാസിയായ കൃപലാനിയുടെനേക്കുള്ള ഉപദേശങ്ങൾ ഗദകളാൽ അടിച്ചുറപ്പിക്കപ്പെട്ടു. ഇന്നിതാ അഹിംസയിൽ വലിയ വിശ്വാസിയായി കൃപലാനി തീന്നിരിക്കുന്നു.

ഇന്ത്യയിലെ ഭൂരിപക്ഷ ജനങ്ങളുടെ അവകാശസംരക്ഷകനായി ഇന്നു് കൃപലാനി തിളങ്ങുന്നു. കുത്തുവാക്കുകൾസ്വീകരിച്ചും അതേസമയംതന്നെ സ്വതസിദ്ധമായ ഭാഷയിൽ മടക്കിക്കൊടുത്തും അദ്ദേഹം വിലസുന്നു യജമാനസേവ അദ്ദേഹത്തിനറിവല്ല. അവരോടു് എന്തു പറയുവാൻ ആ നാവിനു് മടിയില്ല. തന്റെ ആവശ്യങ്ങൾ അവഗണിച്ചു് അന്യക്കുവേണ്ടി അദ്ദേഹം വാദിക്കും. ഗാന്ധിജിയെ ഗാന്ധിസത്തെക്കാളും അദ്ദേഹം ഇഷ്ടപ്പെടുന്നു ഗാന്ധിജിയുടെ ഏററവും ഉത്തമനായ ശിഷ്യനാണ് കൃപലാനി. ഗാന്ധിജിയുടെ മരണശേഷവും അദ്ദേഹത്തിന്റെ ശിഷ്യനായിത്തന്നെ വത്തിച്ചു് ഭാരതത്തിന്റെ കേടാവിളക്കായി കൃപലാനി ശോഭിക്കുമെന്നു നിസ്സംശയം പ്രസ്താവിക്കാം.

—o—

* ഇംഗ്ലീഷിൽനിന്നും

ഈ ഡിസംബർ 9–ാംനു

ഇന്ത്യൻ കാൺസ്റ്റിററുവൻറ് അസംബ്ലി സമ്മേളിക്കുന്നു.

അതിനുമുമ്പ് വായിക്കുക:—

കാൺസ്റ്റിററുവൻറസംബ്ലി

ഗ്രന്ഥകത്താ, എം. പി. എൻ. നായർ

വില ക–1. 8–ണ.

(തപാൽചിലവു പുറമെ)

പി. കെ. ബ്രദേഴ്സ് കോഴിക്കോട്.

ഗ്രന്ഥവിചാരം

# ഐക്യകേരളപ്പതിപ്പ്

## കേരളക്ഷേമം

### വാണിവിലാസംപ്രസ്സ്, ഗുരുവായൂർ.

വില ൧ - രൂപാ

കൊച്ചീമഹാരാജാവുതിരുമനസ്സുകൊണ്ടു രക്ഷായുദമായി അഭിമന്ത്രിച്ചുവിട്ടിരിക്കുന്ന സമ്മോഹനാസ്ത്രമായ ഐക്യകേരളംകേരളക്ഷേമത്തെ മൂച്ഛിപ്പിക്കുന്നവിധമാണ് ഇതിലുള്ളതു്. ഈ പ്രസിദ്ധീകരണകത്താക്കാം മലയാളികളുടെ മഹോത്സവകാലമായ തിരുവോണത്തിനു മഹാബലിക്കുപഹാരമാക്കി ഇതിനെ സമർപ്പിക്കുമെന്നു പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇത്രടീർഘത അതിന്റെ സമഗ്രതയെ സഹായിക്കുമെന്നായിരുന്നു ഇവരുടെ വിചാരം. ഐക്യകേരളത്തെപ്പററി അഭിപ്രായം പറയുവാൻ, ഡാക്റ്റർ പട്ടാഭിയേയും, കെ. എം. മുൻഷിയേയും മററും മററും തേടിപ്പോപ്പെട്ട അവസരം കാത്തുനില്ക്കാൻകഴിഞ്ഞ ആ മനഃസ്ഥിതിയുള്ള സർദാർ കെ. എം. പണിക്കർ, കെ. പി. എസ്. മേനോൻ, എൻ. ആർ. പിള്ള ഡാക്റ്റർ ജോൺമത്തായി, പി. ജെ. തോമസ് തുടങ്ങിയ മലയാളികളാം മുററത്തെ മുല്ലയായിപ്പോയിരിക്കുന്നു. അതുപോലെതന്നെ, കൊച്ചിയിലേയും മലബാറിലേയുംകൂടാം സുസംഘടിതവും സുശക്തവുമായ എൻ. എസ്. എസ്., എസ്. എൻ. ഡി. പി. തുടങ്ങിയ സമുദായസംഘടനകളുടെ സജീവപ്രവർത്തകർക്കും ഇതിൽ കാര്യമില്ലെന്നു അവർ കരുതിക്കളഞ്ഞതുപോലെ തോന്നുന്നു. ഭാഷാപരമായി സാഹിത്യസേവനാഭിലാഷികളായ തിരുവിതാംകൂർ കാരെകടത്തിവിട്ടിട്ടുള്ളതായുംകാണുന്നില്ല. കൊച്ചിമഹാരാജാവു തിരുമനസ്സിലെ പ്രഖ്യാപനത്തിലെ സത്യസ്ഥിതിയെപ്പററി സുപ്രസിദ്ധസത്യാന്വേഷകനായ മഹാത്മജിയുടെ അഭിപ്രായംമൂന്നാംപന്തിയിലാക്കി പുറംതള്ളിയും, അതിന്റെവൈഷമ്യങ്ങളെപ്പററിവെളിപ്പെടുത്തിയ സർ സി. പി.യെ പുച്ഛിപ്പിട്ടത്തയും, ക്രിയാകേവലമുത്തരം എന്ന നിലയിൽ ക്ഷേത്രപ്രവേശനവിളംബരം, നിർബന്ധിതവിദ്യാഭ്യാസം, പ്രായപൂർത്തിവോട്ടവകാശം, വധശിക്ഷ നിറുത്തലാക്കൽ തുടങ്ങിയ ഭാരതത്തിലെ പ്രഥമസംഭവങ്ങളാംകൊണ്ടു പ്രഥിതനായ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിനെവിദൂരതയിലാക്കിയും, ഇത്തരംഒരു മഹൽപ്രസ്ഥാനത്തിന്റെ പ്രവർത്തകർക്കുവേണ്ടുന്ന സമചിത്തത ഈ വിധത്തിലാണു വെളിപ്പെടുത്തുന്നതു്. കൊച്ചിയും മലബാറും കൂടിച്ചേർന്ന് 46 ലക്ഷമായി നിന്നുകൊണ്ടു കൊച്ചിമഹാരാജാവിനെ മലയാളിമഹാരാജാവായിഅവരോധിച്ചുകൊണ്ടുള്ള മാമാങ്കവും ഇതുകൊണ്ടൊക്കാതിരിക്കുന്നില്ല.

രാജൻസർഷപമാത്രാണി
പരഛിദ്രാണി പശ്യതി
ആത്മനോബില്വമാത്രാണി
പശ്യന്നപിചപശ്യതി

എന്ന വ്യാസവചനമാണു നമ്മുടെ ഓർമ്മയിലെത്തുന്നതു്. തിരുവിതാംകൂറിന്റെയും മലബാറിന്റെയും പരിപൂർണ്ണസമ്മതത്തോടുകൂടി സാധിക്കേണ്ട കാര്യത്തിൽ കൊച്ചിമഹാരാജാവു സ്വന്തനില വിശദീകരിക്കുകയെന്നുള്ളതിൽ കവിഞ്ഞു മുൻകൈ എടുത്തതോപോകട്ടെ, അതിൽ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ടു അതിന്റെ പുറകേനടന്നതായി പ്രായം പ്രഖ്യാപനം ചെയ്തില്ല എന്നുള്ളതാണു ഇക്കൂട്ടരെ ചൊടിപ്പിക്കുന്നതു്. അഖിലകേരളവ്യാപ്തമായ ഒരു പ്രസ്താവന ശ്രീശതിരുവുള്ളത്തിൽനിന്നു പ്രത്യുദ്ഗമം ചെയ്യൂ. അതന്റെ പ്രശംസ മുഴവൻ ആ തിരുമനസ്സിലേക്കുതന്നെ ആയിരുന്നുകൊള്ളട്ടെ. പെരുമ്പടപ്പുമൂപ്പീന്നു കുലശേഖരകിരീടപതിയോടു ഒരു ആലോചന നടത്തേണ്ട രാജസ്ഥാനഗൌരവം, പരിപാലിക്കാത്തതെന്തുകൊണ്ടായിരുന്നു. ഐക്യകേരളപ്രഖ്യാപനത്തിനുശേഷം അതിന്റെ നിർവ്വഹണസമിതി ഏർപ്പെടുത്തി ഊർജ്ജിതപ്രവർത്തനം തുടങ്ങിക്കഴിഞ്ഞിട്ടും തിരുവിതാംകൂറും മലബാറും കൊച്ചിക്കാരുടെ പുറകേ ചെന്നുകൊള്ളുമെന്ന നയപരിപാടി തന്നെ സ്വീകരിച്ചുകാണുന്നതു വളരെ സൗമ്യസ്വരത്തിലായാലും ഗർഹണീയമെന്നല്ലേ പറയാൻ സാധിക്കൂ.

ശ്രീമതി കെ. ബാലാമണിയമ്മയുടെ ഉപാസനാമൂത്തി എന്ന പ്രാത്ഥനാഗീതത്തോടുകൂടിയാണ് കേരളക്ഷേമം പ്രകൃതത്തിൽ പ്രവേശിക്കുന്നതു്. 'കടൽമകളായും സഭാശിവയായും കലാമയിയായും' മലയാളനാടിനെ ദർശിച്ചു കരാളസർപ്പവും കുടുംബദൈവതമായി സങ്കല്പിക്കുന്ന കേരളീയരുടെ പാരമ്പര്യമഹിമാവിനെ മണിവീണമീട്ടിനാദബ്രഹ്മമൂതം പ്രാപിക്കുന്ന ആ ഉപാസനാവൈഭവം കലാസൗന്ദര്യമുടൽപൂണ്ടു നില്ക്കുയാണെന്നു തന്നെ തോന്നും. അടുത്തു ല്കന്ന വള്ളത്തോളാം കവിത ‡വിധിമായവശംഭൂരുപദേനമു ഷ്പേരിൽ പതിഞ്ഞാലും കൊച്ചിയും മലബാറും തിരുവിതാംകൂറും ഒന്നുതന്നെയാണെന്നും ചേരമാൻപെരുമാളാം ചീന്തിത്തള്ളിയ ഭാരതമാതാവിന്റെ തൃപ്പാദവിരിവസ്ത്രമായ കേരളത്തെ വീണ്ടും തുന്നിച്ചേക്കണമെന്നും അതിൽ അദ്ദേഹം ആത്മാർത്ഥതയോടെ ആവശ്യപ്പെടുന്നു. ഐക്യകേരളം സാധിക്കേണ്ടതെങ്ങനെ, എന്ന ചോദ്യചിഹ്നത്തോടുകൂടി ശ്രീ: എം. പി. നാരായണമേനോൻ കൊച്ചി തിരുവിതാംകൂർ മഹാരാജക്കന്മാരുടെ ആത്മാർത്ഥതയെ പരിശോധിച്ചു അതിന്റെ നിർവ്വഹണം സാധിക്കുന്നവിധമാണു ആ ലേഖനം. അന്നന്നത്തെ പെരുമ്പടപ്പുമൂപ്പീന്നായിരിക്കും മലയാളത്തിലെ മഹാരാജാവ്, എന്നുവരെ അദ്ദേഹം കേരളത്തിന്റെ ഒസ്യത്തെഴുതിവയ്ക്കുന്നുണ്ടു്. ഐക്യകേരളപ്രശ്നത്തെ അഭിമുഖീകരിക്കുന്ന ശ്രീ ഗോവിന്ദൻകുട്ടിനായർ കൂടുതൽ സമചിത്തതയോടുകൂടി പൊതുകാര്യങ്ങളുപേക്ഷിക്കുകയും തറവാട്ടുപാരമ്പര്യത്തിനും ഏകയോഗക്ഷേമത്തിനും യോജിച്ചവിധം പല വിട്ടുവീഴ്ചകളെ സന്നദ്ധത പ്രദർശിപ്പിക്കുകയുംചെയ്യുന്നു. 'ഈ ചിങ്ങം 3-ാംതീയതിയിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ പ്രാമുഖ്യംനൽകി പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഉന്നയിച്ചിട്ടുള്ള വാദകോടിയെ ശ്രീകുട്ടികൃഷ്ണമാരാർ അസ്ഥാനസ്ഥമായി പരാമർശിക്കയാണു കേരളൈക്യത്തിൽ. ഞങ്ങളുടെ ലേഖകന്റെ വാദകോടിയെ ഭയം എന്നു അദ്ധ്യാരോപം ചെയ്തു കളരിമാറി നിർഭീകത നടിക്കുന്ന ആ ദേഹം സ്ഥിതിവിവരക്കണക്കുകളെക്കൊണ്ടല്ല വെറും സൗമനസ്യത്തെ ആശ്രയിച്ചു ഒരു സമരസപ്പെടുത്തലിൽ അവസാനംകാണുന്നതു് അതിലേറെ വിചിത്രതരമാകുന്നുണ്ടു്.

ഇനിയും ഐക്യകേരളപ്പതിപ്പിൽ നമ്മുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നതു് ശ്രീ കെ. പി. ശിവശങ്കരമേനോന്റെ ഐക്യകേരളവും തിരുവിതാംകൂറും എന്ന ലേഖനമാണു. തിരുവിതാംകൂറിൽ ഉത്തരവാദഭരണം സ്ഥാപിതമാകാതെ ആ സംസ്ഥാനത്തിനു ഈ വൻപിച്ച പ്രശ്നത്തിൽ കാര്യമായി നിലകൊള്ളുവാൻ സാധിക്കയില്ലെന്നു അദ്ദേഹം സമ്മതിക്കുന്നു. എന്നാൽ അതേസമയം തമഴരുടെ പുറംതള്ളലിൽപെട്ടുകിടക്കുന്ന മലബാറിലെ സ്ഥിതി അദ്ദേഹം വിഴുങ്ങിക്കളഞ്ഞിരിക്കുന്നു. മലബാറിനു മദ്രാസിൽനിന്നു വേർപെട്ടുകൊണ്ടു് പ്രത്യേകഗവമ്മെണ്ടുണ്ടായാലേ മാത്രമേ ആ വിധത്തിൽ ഭരണസംബന്ധമായ എല്ലാ വിഭാഗങ്ങൾക്കും പൂർണ്ണതസൗകര്യങ്ങൾ മാത്രമേ സംയോജനം സമരസമാകയുള്ളുവെന്ന സ്ഥിതി അദ്ദേഹം ഉപലക്ഷണംചെയ്യേണ്ടതില്ലായിരുന്നു. ഐക്യകേരളവും മലബാറും എന്ന ലേഖനത്തിൽ സി. ജി: സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ചു സിന്ധുസംസ്ഥാനംപോലെ മലബാറിനുമാത്രം വേണമെങ്കിൽ ഒരു സംസ്ഥാനമാകാൻ മറെറന്തുപ്രതിബന്ധമാണുള്ളതെന്നു ചോദിക്കുന്നു. അതു കാണുമ്പോൾ പിന്നെ എന്തേ അതങ്ങുസാധിച്ചുകൂടെ എന്നു നമുക്കു ചോദിക്കാൻ തോന്നിപ്പോകും. സാഹിത്യപരമായി ശ്രീ. പി. ദാമോദരൻപിള്ളയുടെ കരുണയുടെ കലാഭംഗം എന്ന ഒരു ലേഖനംമാത്രമേ ഇതിൽ എടുത്തു കല്പിക്കേണ്ടതായുള്ളു. ശാസ്ത്രീയഗവേഷണങ്ങളോ പ്രാചീനചരിത്രാന്വേഷണങ്ങളോ ആധുനികരാജ്യമീമാംസാവിമർശനങ്ങളോ വിഷയവൈവിധ്യത്തിനായിട്ടുപോലും സ്വീകരിച്ചുകാണുന്നില്ല. എന്നിരുന്നാലും ഏതെങ്കിലുദ്ദേശ്യത്തെ പ്രധാനമാക്കി ഈ പ്രസിദ്ധീകരണം സാധിച്ചിരിക്കുന്നുവോ അതു സാകല്യേന സഫലമായിട്ടില്ലെങ്കിലും ഉള്ളടത്തോളംകൊണ്ടു സംതൃപ്തരായി പ്രവർത്തകരെ അഭിനന്ദിക്കയും സമുചിതമായ പ്രോത്സാഹനം കൊണ്ടു ആ പ്രസ്ഥാനത്തെ സഹായിക്കയും ചെയ്യേണ്ട കടമ ഓരോ കേരളീയനും ഉണ്ടെന്നുതന്നെയാണ് ഞങ്ങളുടെ വ്യക്തവും ശക്തവുമായ അഭിപ്രായം.

സി. എം. പി.

—o—

## തിരുവിതാംകൂർ ബിസിനസ്സ് ഡയറക്ടറി

### പബ്ളിഷേഴ്സ്

—o—

### അസോഷിയേറററഡ് അഡ്വർട്ടൈസേഴ്സ്, കോട്ടയം

മോഡേൺ തിയേറേറഴ്സാരുടെ ചിത്രം ഫിലിംതാരമായ കെ. എൽ. വി. വസന്ത, നൃത്തവേലയിലേർപ്പെട്ടുനില്ക്കുന്ന മുഖചിത്രത്തോടുകൂടിയാണു ഈ ബിസിനസ്സ് ഡയറക്ടറി രംഗപ്രവേശംചെയ്തിരിക്കുന്നതു്. അങ്ങനെ പാശ്ചാത്യമായ മാതൃകയും നാമവുംവഹിച്ചിരിക്കുന്ന പ്രസ്തുത പ്രസിദ്ധീകരണം അതിനുചിതമായ ഇംഗ്ലീഷുഭാഷതന്നെ ഉപയോഗിച്ചു നമ്മോടു പരിചയപ്പെടുന്നു. രാജ്യനിവാസികളിൽ വ്യവസായമനോഭാവം വദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇത്തരം പ്രസിദ്ധീകരണങ്ങളെക്കൊണ്ടു അതിനെ പ്രവൃദ്ധമാക്കാനുദ്ദേശിച്ചു പ്രവർത്തകരുടെ ശ്രമം പ്രശംസനീയമായിട്ടുണ്ടു്. നാട്ടിൽ ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധതാല്പര്യങ്ങളോടുകൂടിയ സ്ഥാപനങ്ങൾതമ്മിൽ സഹകരിച്ചുപ്പെടുന്നതിനും സഹാനുകരണാധിഷ്ഠാനത്തിന്മേൽസംഘടിക്കുന്നതിനും ഉതകുന്ന ഒരു പരസ്പരബോധം സാധിക്കയെന്നുള്ളതാണു് ഈ ദേശപ്രസ്ഥാനങ്ങളുടെ മുഖ്യപ്രയോജനം. ഇതു നമ്മുടെ നാടിനെസംബന്ധിച്ചിടത്തോളം കുറച്ചു മുമ്പതന്നെ ആരംഭിക്കേണ്ടതുമായിരുന്നു.

ശ്രമാവഹമായ ഈ കൃത്യം ഏററെടുത്തു ഇത്ര അധികം ഭംഗിയായ ഒരുവിവരണം നമുക്കു സമർപ്പിച്ചതിൽ പ്രവർത്തകരോടുള്ള അഭിനന്ദനത്തിനു കുറവുകൂടാതെതന്നെ ഇതിലുള്ള ചില കുറവുകളെ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതു ഒരു കോട്ടയംപ്രസിദ്ധീകരണമെന്നനിലയിൽ അവിടത്തെ സ്ഥാപനങ്ങളെ അധികമായി ഉൾക്കൊണ്ടു അങ്കംവീർപ്പിക്കയാണു ചെയ്തിട്ടുള്ളതു്. കണ്ണിൽ കണ്ടതുകൊണ്ടു തൃപ്തിയായി കയ്യിൽ കിട്ടിയതു അകത്താക്കി എന്നേ ഇതുകൊണ്ടു വന്നുകൂടുന്നുള്ളു. തിരുവിതാംകൂറിലെ മുന്തിനില്ക്കുന്ന വ്യവസായവാണിജ്യങ്ങളേയും അതിൽ ഏർപ്പെട്ടിരിക്കുന്ന പ്രമുഖവ്യക്തികളേയും അത്രമന്നു ഇതു നമുക്കു കാട്ടിത്തരുന്നില്ല. ഇതു് പ്രവർത്തകന്മാരുടെ അന്വേഷണബുദ്ധിയുടെ ഉന്മേഷക്കുറവിനെയാണു വെളിപ്പെടുത്തുന്നതു. അടുത്ത പതിപ്പിൽ കോട്ടയത്തോടൊപ്പംതന്നെ തിരുവിതാംകൂറിനെ മുഴക്കെക്കാണുവാനുള്ള വിശാലദൃഷ്ടിയും വിതതമായ പരിശ്രമവും വിനിയോഗിക്കുമെന്നു വിശ്വസിക്കുന്നു. തിരുവിതാംകൂറിനെപ്പററി രാഷ്ട്രീയമായും സാമ്പത്തികമായും സ്ഥലമാഹാത്മ്യപരമായും പല നല്ല വിവരങ്ങളും ഇതു നൽകുന്നതുകൂടാതെ എ. ഡി. 870 മുതൽ ഉള്ള തിരുവിതാംകൂർമഹാരാജാക്കന്മാരെയും ആമുഖംപിള്ള മുതലുള്ള ദിവാന്മാരെയും ചരിത്രപരമായി സ്പർശിച്ചിട്ടുള്ളതും ഇതിന്റെ വിശേഷവിധികളിൽപെടുന്നു. പ്രസിദ്ധീകരണകർത്താക്കളുടെ പരിശ്രമത്തിനു സകലവിധനന്മകളും ആശംസിച്ചുകൊള്ളുന്നു.

സി. എം. പി.

—o—

## FREEDOM OR PAKISTAN

*By*

C. S. PILLAI

Published by Thompson & Co. Ltd. Sole Selling rights with Tamil Nadu Publications, 33 Broadway, Madras. Pp. 57+XVII.

Price Rs. 2/-

This is an attractively got up book dealing with the most vital question that faces India today. The author who was in London when the Pakistan resolution was passed at Lahore says that the news was received by the British as the greatest from India since the Battle of Plassey. A very systematic and incessant propaganda carried on by the Pakistanis and their supporters in India and abroad has made the fatal conception a live issue in India. The author points out that the demand for Pakistan is like an attack from within and has to be withstood with all the patriotism, united strength and resolute determination of the Hindus as well as the patriotic and progressive elements of other communities. He characterises Mahatma Gandhi's approval of the "C. R. formula" as a Himalayan blunder and his insistence that Hindu-Muslim Unity should be a prerequisite to Swaraj as fatal. The slogan "without Hindu Muslim Unity there can be no Swaraj" has given the power of veto over the Country's future to League leadership. The author seeks to prove that the "Quit India" resolution of the Congress is inconsistent with the attempt to arrive at a settlement with the League "begging for a settlement before the fundamental condition of British withdrawal is fulfilled." No country in the world has attained its freedom after fulfilling the imposible condition of hundred per cent unity amongst its people. The mind for Hindu Muslim unity (now Congress-League Unity) is no more important to India than the Republican-Democrat unity to the U. S. A., the Labour-Conservative Unity to Britain or the Catholic-Protestant Unity to Canada or Ireland. It is only a domestic problem and unity will come only after freedom is achieved. The history of Ireland is cited as a parallel.

The author examines the League's claims and proves their fallacy and impracticability in very clear and forcible language. He belonged to that not insignificant section of thinking Indians who believe that the undue importance the Congress leadership and more especially Mahatma Gandhi attaches to Hindu-Muslim agreement before Swaraj is achieved is at the root of the ever growing and fantastic demands of League Leadership which has culminated in the Great Calcutta Killings and the orgy in Bihar and else where and he has presented a well reasoned case before the country.

# വനിതാസൗന്ദര്യം

യു. ഡി. മിസ് ലീലാബായി

സൗന്ദര്യം പ്രകൃതിദത്തമായ ഒരു അനുഗ്രഹമാണ്. അചേതനങ്ങളും, സചേതനങ്ങളുമായവയുടെ അഴകും ആകർഷകത്വവും, സൗന്ദര്യമെന്നു വ്യാഖ്യാനിക്കാം. ലോകം സൗന്ദര്യത്തെ ആരാധിക്കുന്നു. സൗന്ദര്യത്തിന്റെ മനോഹാരിതം ലോകത്തെ ആകർഷിക്കുന്നു. സൃഷ്ടിയിൽ പ്രഥമസ്ഥാനം വഹിക്കുന്നതു മനുഷ്യരാണ്. മനുഷ്യർ രണ്ടുജാതിയിൽപെടുന്നു. ആണും പെണ്ണും. ഇരുകൂട്ടരും പരസ്പരം സൗന്ദര്യത്തെ ആരാധിക്കുന്നു. പുരുഷന്മാരുടെ കായസൗഭഗതയെക്കാൾ പ്രകൃതി ദാനിച്ചിരിക്കുന്നതു് സ്ത്രീകളുടെ സൗന്ദര്യത്തെയാണ്. ഒരു സ്ത്രീ സുന്ദരിയായിരിക്കേണ്ടിടത്തോളം ആവശ്യം പുരുഷന് അത്യാവശ്യമില്ലതന്നെ. അവളുടെ സൗന്ദര്യമാണ് ലോകത്തിൽ അവളെ വിലപിടിപ്പിക്കേണ്ടതു്. സ്ത്രീയുടെ സൗന്ദര്യത്തിനു വിലകല്പിക്കപ്പെട്ടിരിക്കുന്നതിനാൽ സൗന്ദര്യവിഹീനയായ സ്ത്രീ ദുർഭാഗ്യവതിയത്രെ. സ്ത്രീസ്വാതന്ത്ര്യവാദമെന്നിരുന്നാലും, അതിൽ, തുല്യസ്വാതന്ത്ര്യം, അധികാരിയുമായ പുരുഷന്റെ, പൗരുഷത്വത്തെ ആശ്രയിച്ചു ജീവിക്കേണ്ട ഒരു കടമ, അഥവാ, ആവശ്യം, സ്ത്രീത്വത്തിന് നിശ്ചയമായും ഉണ്ട്. അതിനു പൗരുഷവിധേയത്വത്തിനു, അവളെ അർഹയാക്കേണ്ടതു് അനുഗൃഹീതമായ സൗന്ദര്യമാണ്. ധനവതിയായ ഒരു വിരൂപിയെ ഒരു പുരുഷൻ 'ആത്മാർത്ഥമായി' സ്നേഹിക്കുന്നില്ല. എന്നാൽ ഒരു സൗന്ദര്യധാമം, നിർധനയെന്നിരുന്നാലും ഒരു കുബേരന് അവളെ ഹൃദയംഗമമായി സ്നേഹിക്കാൻകഴിയും. അതു് അജയ്യമായ സൗന്ദര്യത്തിന്റെ വിജയഗുണമാണ്. സൗന്ദര്യം ഈശ്വരാനുഗ്രഹമോ, ആശക്തിയുടെ പ്രതിഫലനമോ ആണ്. അതു ഭാഗ്യവുമത്രെ. ദുർഭാഗ്യത്തിന്റെ പര്യായമാണു വൈരൂപ്യം. ഒരു കുടുംബത്തിൽ വിരൂപകളുടെ ഉദയം, ആ കുടുംബം ദുർഭാഗ്യത്തിലേക്കു കുതിക്കുന്നു എന്നു തീരുമാനിക്കാം. സൗന്ദര്യവതികളുടെ ആവിർഭാവം അവിടെ ഭാഗ്യം ആശ്ലേഷിക്കുന്നു എന്നുമാണ്.

ലോകത്തിൽ എവിടെയും, സൗന്ദര്യവതികളായ യോഷാമണികൾ, അതതുദേശങ്ങളെ അലങ്കരിക്കുന്നുണ്ട്. 'പ്രകൃതിയുടെ വികൃതി' യെന്നോണം, ചിലദേശങ്ങളിലെ സ്ത്രീകൾ, സൗന്ദര്യസൗഭാഗ്യത്തിനു മാർഗ്ഗദർശികളാണ്.

'ട്രാൻസ്കാക്കേഷ്യ' എന്ന പശ്ചിമോത്തരഏഷ്യയിൽ(Asia) ഉള്ള സ്ത്രീകൾ, സൗന്ദര്യത്താൽ മികച്ചു നിന്നിരുന്നു. ഒരു ശതകാലത്തിനു മുമ്പ്, ആ നാട്, ലോകത്തിലെ സ്ത്രീസൗന്ദര്യകേന്ദ്രമായിരുന്നുവെങ്കിൽ, ഇന്നു ആ സ്ഥാനം, അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ശത്രുക്കളുടെ ആക്രമണങ്ങളും, പ്രകൃതിമാറ്റത്താൽ വന്നുചേർന്ന ചൂടും, മഴക്കാലവും അവിടുത്തെ സ്ത്രീസൗന്ദര്യത്തെ ഗ്രസിച്ചതായി കാണുന്നു.

ജപ്പാൻകാർ, കാഴ്ചകാലം കയ്യടക്കിവച്ചിരുന്ന 'കൊറിയാ' എന്ന സംസ്ഥാനത്തുള്ള സ്ത്രീകൾ, ഏഷ്യക്കാരാണ്. ഈഷൽമഞ്ഞയും, സാമാന്യം കറുപ്പും കലർന്ന, കൊറിയൻപെണ്ണുങ്ങൾ, ചീനയും ജപ്പാനും സ്ത്രീകളെക്കാൾ കണ്ടാൽകൊള്ളാവുന്നവരാണ്. റഷ്യൻപൗരന്മാർ, കൊറിയാവനിതകളെ വിവാഹംചെയ്തു് സൗന്ദര്യസംതൃപ്തി നേടുന്നുണ്ട്.

ശാന്തസമുദ്രത്തിലെ 'ഹവായി' ദ്വീപുകളിൽ ഒരുവിധം വെളുത്തു ദീർഘകളായ ലലനകൾ, സൗന്ദര്യമുള്ളവരെന്നു കരുതപ്പെടുന്നു. ഹവായിയൻനർത്തകികൾ, സൗന്ദര്യമുള്ളവരും, അന്യരെ വശീകരിക്കുന്നതിൽ സമർത്ഥകളുമത്രെ. അവർ അമേരിക്കയിലും മററു ദ്വീപാന്തരങ്ങളിലും എത്തി സൗന്ദര്യപ്രദർശനം നടത്തുന്നു.

കറുത്തവർഗ്ഗക്കാരുടെ കേന്ദ്രമായ ആഫ്രിക്കൻനാടുകളിലെ നീഗ്രോകളിൽ, 'കറുത്ത സൗന്ദര്യവനിതകൾ' ഉണ്ടത്രെ. സോമാലികൾ എന്ന മെഡിറററേനിയൻ തീരനീഗ്രോകളിൽ 'വെളുത്ത സൗന്ദര്യവതി'കളെ യൂറോപ്യന്മാർ ഭാര്യമാരായി നിയമിക്കാറുണ്ട്.

മലയാളക്കരയിലെ നായർസ്ത്രീകളുടെ സൗന്ദര്യം, മാതൃകാപരമെന്നു മലബാർ കലക്ടരായിരുന്ന 'ലോഗൻ'സായ്പ് ഇംഗ്ലണ്ടിലേക്കു റിപ്പോർട്ടുചെയ്തിട്ടുണ്ട്. പക്ഷേ ഇന്ന് ആ സൗഭാഗ്യം അവരിൽനിന്നും തേഞ്ഞുമാഞ്ഞു പോകയാണ്. ധനപരമായ വ്യതിയാനം അവരുടെ ശരീരപരമായും, സൗന്ദര്യപരമായും, ആഡംബരപരമായുമുള്ള ഉയർച്ചകളെ ക്ഷീണിപ്പിക്കുന്നു.

ബാൾക്കൻരാജ്യങ്ങളിൽ സാമാന്യസൗന്ദര്യം, സ്ത്രീത്വത്തെ അനുഗ്രഹിച്ചിട്ടുണ്ട്. ഡാന്യൂബ്തീരത്തു വസിക്കുന്ന ബാൾക്കൻദേശവനിതകൾ, ശുചിത്വത്തിൽ പേർകേട്ടവരാണ്.

പരിഷ്കാരത്തിന്റെയും, ധനത്തിന്റെയും തത്സംബന്ധമായ ആഡംബരങ്ങളുടെയും ഇന്നത്തെ കേന്ദ്രം, യുണൈറ്റഡ് സ്റ്റേറ്റ്സ്,' (U. S. A.) എന്ന ഐക്യ അമേരിക്കയാണ്. അതിരററ സ്ത്രീസൗന്ദര്യവും, തത്സംബന്ധമായ അലങ്കാരസാമഗ്രികളും, യുണൈറ്റഡ് സ്റ്റേറ്റ്സിലെപ്പോലെ, ലോകത്തിന്റെ മററു ഭാഗങ്ങളിലില്ലെന്നാണ് ഇന്നത്തെ അഭിപ്രായഗതി. ഉയർന്ന യൂറോപ്യൻപ്രഭുക്കൾ, അമേരിക്കൻപെണ്ണുങ്ങളെ വിവാഹംചെയ്യുന്നതിനു പരിശ്രമിക്കുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സിൽപെട്ട 'കാലിഫോർണിയാ' മററൊരു സ്വതന്ത്രരാജ്യമായ 'മെക്സിക്കോ' ഈ രാജ്യവിഭാഗങ്ങൾ, സ്ത്രീസൗന്ദര്യത്തിൽ അമേരിക്കയിൽ കീർത്തികേട്ടിരിക്കുന്നു. അമേരിക്കൻയോഷകൾ, വെള്ളക്കാരികളെങ്കിലും, യൂറോപ്യൻവെള്ളപ്പെണ്ണുങ്ങൾക്കുള്ള വെൺകടലാസുവെണ്മയോ, കട്ടച്ചുവപ്പോ അമേരിക്കൻസ്ത്രീകളിൽ കാണ്മാനില്ല. വെളുത്തുചുവന്ന ഒരു ഈഷൽകാപ്പനിറം അവരുടെ സൗന്ദര്യത്തിനു മാററു കൂട്ടിയിരിക്കുന്നു. യൂറോപ്പിൽ ചില രാജ്യങ്ങളിൽ കാണുന്ന ചെമ്പൻമുടിയോ, പൂച്ചക്കണ്ണോ നീണ്ടതോ, നടു പൊങ്ങി അഗ്രം പരന്നതോ, അഗ്രം കിളർന്നു ദ്വാരങ്ങൾ വികസിച്ചതോ ആയ നാസിക ഈ വക വൃത്തികേടുകളോ അമേരിക്കൻപെണ്ണുങ്ങളിൽ കാണ്മാനില്ല. സ്പാനീഷുകാരുടെ നീണ്ട താടിയും ഐറിഷ്പെണ്ണുങ്ങളുടെ കോന്ത്രപ്പല്ലുകളും, ജർമ്മൻവനിതകളുടെ കുഴിഞ്ഞ കവിൾത്തടങ്ങളും, ഇററലി, തുർക്കി തുടങ്ങിയ മദ്ധ്യധരണിക്കടൽതീരവാസികളായ അബലകളുടെ കട്ടച്ചുവപ്പുനിറവും, മുടിയില്ലായ്മയും അമേരിക്കയിൽ ദുർല്ലഭമത്രെ. ആരോഗ്യവും, ആകർഷകമായ നിറവും അപഗ്രഥനനിരീക്ഷണത്തിൽ അതൃപ്തങ്ങളല്ലാത്ത അവയവപുഷ്ടിയും, ഒത്ത നീളവും, വണ്ണവും, വട്ടമുഖവും, തുടുത്തു രക്തംകലർന്ന ചുണ്ടുകളും, കവിൾത്തടങ്ങളും മദ്ധ്യഅമേരിക്കൻസ്ത്രീകളെ ലോകത്തിലേക്കും സൗന്ദര്യവതികളാക്കിത്തീർത്തിരിക്കുന്നു.

പുരാണങ്ങളിൽ ദേവസ്ത്രീകളെപ്പററിയും അവരുടെ ദിവ്യസൗന്ദര്യങ്ങളെപ്പററിയും പ്രതിപാദിച്ചുകാണുന്നു. പുരാണകാലത്തു ഗതാഗതമാർഗ്ഗങ്ങൾ സുലഭങ്ങളല്ലാതിരുന്നതുമൂലം വല്ലവഴിയിലുംകൂടി യാദൃച്ഛികമായി വന്നുചേരുന്ന സൗന്ദര്യവതികളും വെളുത്ത നിറത്തോടുകൂടിയവരുമായ പെണ്ണുങ്ങളെ അന്നു ദേവസ്ത്രീകളെന്നു ഭ്രമിക്കയായിരുന്നു. ദേവന്മാർ വെളുപ്പുനിറമുള്ളവരാണ്. അസുരർ കറുത്തവരും. ഇന്ത്യാക്കാർ കറുത്തവരാണല്ലൊ. [illegible]നാട്ടിൽ ഒരു വെളുത്ത പെണ്ണു വന്നുകൂടുമ്പോൾ ഇന്ത്യാക്കാർ ഭ്രമിച്ചു അവളെ ദേവസ്ത്രീയെന്നു എണ്ണപ്പെട്ടുപോന്നതാണ്. ഇന്ത്യയിൽ ചേർന്ന കാശ്മീരമെന്ന മലമഞ്ഞുരാജ്യത്തെ സ്ത്രീകളോളം സൗന്ദര്യമുള്ളവർ അമേരിക്കയിലോ മററുലോകവിഭാഗങ്ങളിലോ ഇല്ല. അവരിൽപെട്ട വല്ല സ്ത്രീകളും വഴിതെററി ഇന്ത്യയിൽ വന്നുചേരുകയോ വല്ലവരും അപഹരിച്ചുകൊണ്ടുവരികയോചെയ്യുമ്പോൾ ആ സ്ത്രീകളുടെ അലൗകികജന്യമായ സൗന്ദര്യവും നിറവും കണ്ടു ദേവസ്ത്രീകൾ എന്നുപറഞ്ഞിരിക്കണം. ഇന്നുപോലും സുഗമമായ ഗതാഗതം ഇന്ത്യയും കാശ്മീരവുമായിട്ടില്ല. പിന്നെ പുരാണകാലത്തെ സഞ്ചാരസൗകര്യത്തെപ്പററി പറയേണ്ടല്ലോ.

ഏററവും വെളുപ്പും ഇളംചെമപ്പും കലർന്ന കാശ്മീരിപ്പെണ്ണുങ്ങളുടെ തലമുടിയും പുരികങ്ങളും കണ്ണുകളും സൗന്ദര്യപ്രത്യേകതകളായ നീലവർണ്ണമാണ്. കവിൾത്തടമദ്ധ്യം രക്തിമപ്പൂവികലർന്നിരിക്കും. പവിഴസമാനങ്ങളായ ഓഷ്ഠാധരങ്ങൾ. വിരിഞ്ഞ മാറ്, കനകലതകൾ പോലെയുള്ള കൈകാലുകൾ രക്തനഖങ്ങൾ ഈ വിശേഷങ്ങൾ അവരെ ദേവസ്ത്രീകൾ എന്നു വിശ്വസിപ്പിക്കുന്നു. മാനസസരസ്സ് എന്ന ദേവസരസ്സ് കാശ്മീരമാണ്. ദേവലോകത്തേക്കുള്ള വഴി, കാശ്മീർ ഹിമാലയം വഴിയെന്നു പുരാണങ്ങൾ വീക്ഷിക്കുന്നവർക്കു കണ്ടുപിടിക്കാൻ കഴിയും.

കാശ്മീരത്തു് സ്ത്രീസൗന്ദര്യത്തെ ആസ്വദിക്കുന്നതിനായി, ലോകത്തിന്റെ സകല ഭാഗങ്ങളിൽ നിന്നും ധനാഢ്യന്മാർ വന്നു് അവിടെ സ്ഥിരവാസംചെയ്യുന്നുണ്ട്. കാശ്മീരത്തു മഹമ്മദീയവനിതകളാണ് സൗന്ദര്യസമ്പത്തിൽ മുന്നിട്ടുനില്ക്കുന്നതു്. കാശ്മീരസരസ്സുകളിൽ കുളിച്ചാൽതന്നെ സൗന്ദര്യം ഉണ്ടാകുമെന്നു അവരുടെ ഇടയിൽ ഒരു പഴഞ്ചൊല്ലുണ്ട്. സകലതിന്റെയും ജന്മസ്ഥാനം ഇന്ത്യയെന്നു പ്രഖ്യാതമായിരിക്കുന്നതുപോലെ ദിവ്യസൗന്ദര്യമുള്ള പത്മിനീരത്നങ്ങളുടെയും സ്ഥാനം ഭാരതമെന്നു നമുക്കു അഭിമാനിക്കാം......

—o—

# കേരളഫെഡറേഷൻ

പി. ദാമോദരൻപിള്ള ബി. ഏ.

കൊച്ചിയിലെ മന്ത്രി മി: പനമ്പിള്ളിഗോവിന്ദമേനോൻ മദ്രാസിൽവച്ചു ചെയ്ത ഒരു പ്രസ്താവനയിൽ, കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നിവ ഉൾപ്പെട്ട ഒരു സബ്ഫെഡറേഷനാണ് കേരളത്തിനാവശ്യമെന്നു പ്രസ്താവിച്ചുകാണുന്നു. രണ്ടുമൂന്നാഴ്ചയ്ക്കുമുൻപ് ഒരുലക്കം മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ, 'രാഷ്ട്രപരിണാമം' എന്ന പേരിൽ ഞാൻ എഴുതിയിരുന്ന ലേഖനത്തിൽ കേരളത്തിനു ഒരു ഫെഡറേഷനായിരിക്കും കേവലമായ ഐക്യത്തേക്കാൾ നന്നെന്നു സൂചിപ്പിച്ചിരുന്നു. അതിനാൽ മി: പനമ്പിള്ളിയുടെ അഭിപ്രായം എനിക്കു പരിതൃപ്തിജനകമായി തോന്നിയെന്നു എടുത്തുപറയേണ്ടതില്ലല്ലോ.

കേരളയൂണിയൻ, കേരളൈക്യം എന്നെല്ലാം പറയുമ്പോൾ ഒരു ഫെഡറേഷനാണ് ഉദ്ദേശിക്കപ്പെടുന്നതെങ്കിൽ ആ വാക്പ്രയോഗങ്ങളെപ്പററി എതിരഭിപ്രായമുണ്ടാകേണമെന്നില്ല. യൂണിയനിലും ഐക്യത്തിലും ഫെഡറേഷന്റെ തത്വംതന്നെ പ്രവർത്തിക്കുന്നതായി ഇന്നത്തെ ലോകത്തിൽ ധാരാളം കാണ്മാനുണ്ട്. 'ഇന്ത്യൻയൂണിയൻ' തന്നെയും ആ വിധത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നു വ്യക്തമാണല്ലോ. ആ യൂണിയനിൽ മൂന്നു പ്രൊവിൻഷ്യൽഗ്രൂപ്പുകളാണ് ഉള്ളതു്. ഈ ഓരോ ഗ്രൂപ്പും ഓരോ ഫെഡറേഷനായിരിക്കയും ചെയ്യും. അതിനാൽ ഇന്ത്യൻയൂണിയൻ ആ രൂപത്തിൽ നടപ്പിൽവന്നാൽ അതു് കുറെ ഫെഡറേഷനുകളുടെ ഒരു സംഘാതമായിരിക്കുമെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. ഒരു 'സൂപ്പർഫെഡറേഷൻ' ആണിതു്.

അങ്ങനെയാണെങ്കിൽ കേരളഫെഡറേഷനു അതിലുള്ള സ്ഥാനമെന്തായിരിക്കുമെന്നു് ഒരു സംശയം ഉദിക്കുന്നു. ഫെഡറേഷൻ ആശയം നന്നുതന്നെ. അതു് നടപ്പിൽവന്നാൽ കൊള്ളാവുന്നതുമാണ്. പക്ഷെ, മേൽപ്പറഞ്ഞ ഇന്ത്യൻയൂണിയനിൽപെട്ട ഒരു ഗ്രൂപ്പിലെ ഘടകമായ മദ്രാസ് പ്രൊവിൻസിന്റെ ഭാഗമാണ് മലബാർ. കൊച്ചിയും തിരുവിതാംകൂറും വേറെയുമാണ്. എന്തെന്നാൽ അവയ്ക്കു് മദ്രാസിനോടല്ല, ഇന്ത്യാഗവൺമെന്റിനോടാണ് ബന്ധം. ആ നില മാറിയാൽ അവയുടെ രാഷ്ട്രീയമായ ഭാവം എന്തായിരിക്കും? കൊച്ചിയും തിരുവിതാംകൂറും സ്വതന്ത്രങ്ങളാകുമോ? അതോ, അവ മദ്രാസിന്റെ അംശമാകുമോ? ഇവ രണ്ടുമല്ലെങ്കിൽ ഭാഷാപരമായ അടിസ്ഥാനത്തിൽ മലബാറുമൊന്നിച്ചു് ഏകപ്രൊവിൻസാകുമോ? ഇതിനെപ്പററിയൊന്നും തല്ക്കാലം ഒന്നുംപറയാൻ നിവൃത്തിയില്ല.

എങ്കിലും ഈ ഒടുവിൽ പറഞ്ഞ ഭവിഷ്യത്തു് സംഭവിച്ചുകണ്ടാൽ കൊള്ളാമെന്നു് ആഗ്രഹം തോന്നുവാൻ പലർക്കും വഴിയുണ്ടായിരിക്കാം. ആഗ്രഹം ഒന്നു്, കാര്യങ്ങളുടെ ഗതി മറെറാന്നു് എന്നുവന്നാൽ നൈരാശ്യമായിരിക്കുമല്ലോ ഫലം.

ഇന്നത്തെ നിലകണ്ടിട്ടു് ഒന്നും ആഗ്രഹിക്കാതിരിക്കുകയാണ് നന്നെന്നു തോന്നുന്നു. ഇടക്കാലഗവൺമെണ്ടു് ഉറച്ചുകഴിഞ്ഞിരുന്നെങ്കിൽ, കാൺസംബ്ളി ഒരു യാഥാർത്ഥ്യമായി കലാശിക്കുമായിരുന്നു എന്നു പറയാം. ആ ഗവൺമെണ്ടു് ഉറച്ചുകഴിഞ്ഞോ? അക്കാര്യം തീർച്ചപറയാൻ വയ്യ.............

അങ്ങനെയാണെങ്കിൽ മി. പനമ്പിള്ളി പറയുന്ന ഉത്തരവാദഭരണം ഉടനടി സാധിക്കുമോ? ഉവ്വ്, എന്നുപറയാൻ നിവൃത്തിയില്ല. സമരമില്ലാതെ ലീഗോ, ബ്രിട്ടീഷ്ഗവൺമെണ്ടോ ഭരിച്ചാലോ? അപ്പോഴും അതെളുപ്പമല്ല. ഇതൊന്നുമില്ലാതെ ഇടക്കാലഗവൺമെണ്ടു് തുടരുകയും കാൺസംബ്ളി മുറയ്ക്കു കൂടുകയും ചെയ്താലുള്ള കഥയെന്തായിരിക്കും? രാജാക്കന്മാർ അതിൽ ഒററക്കുചേർന്നാൽ മതിയെന്നുള്ള വ്യവസ്ഥ ഇവിടെ ഓർക്കേണ്ടിയിരിക്കുന്നു.

ജനങ്ങൾതിരഞ്ഞെടുക്കുന്ന പ്രതിനിധികളാണ് സ്റേറുകളുടെ പ്രാതിനിധ്യം വഹിക്കേണ്ടതെന്നു് പറയാം. അങ്ങനെ പലരും പറയാറുമുണ്ട്. പക്ഷേ എത്ര സ്റേറുകൾക്ക് അങ്ങനെ തിരഞ്ഞെടുപ്പു സാധിക്കും? തിരഞ്ഞെടുപ്പു് എന്നുവച്ചാൽ എന്താണെന്നു് ജനങ്ങൾക്കറിവില്ലാത്ത നാട്ടുരാജ്യങ്ങൾപോലും ഇന്ത്യയിലുണ്ട്. അതിനാൽ ചില നാട്ടുരാജ്യപ്രജകൾ വിചാരിക്കുന്നതുപോലെ കാര്യം അത്രഎളുപ്പമാണോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഹൈദരബാദിലെ ജനങ്ങൾ സംഘടിതബലത്തോടെ പ്രക്ഷോഭണം നടത്താത്തതുകൊണ്ടു് കാൺഗ്രസ് ഒന്നും ചെയ്യുന്നില്ലെന്നു് പണ്ഡിററ് നെഹ്റു പ്രസ്താവിച്ചതിന്റെ സാരം പൊതുവേ നാട്ടുരാജ്യങ്ങളുടെ കാര്യത്തിൽ കാൺഗ്രസ് വല്ലതെയൊന്നും ചെയ്യാൻ പോകുന്നില്ലെന്നായിരിക്കണം.

അപ്പോൾ, ഉത്തരവാദഭരണത്തിനു വേണ്ടി പ്രജകൾ കുറെ ബഹളം കൂട്ടിയാലും തൽക്കാലം ആവഴിയ്ക്കു് വലിയ ലാഭമൊന്നും ഉണ്ടാകാൻ പോകുന്നില്ലെന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതോടൊപ്പംതന്നെ ഭാഷാപരമായ അടിസ്ഥാനത്തിൽ പ്രൊവിൻസുകൾ വേർതിരിക്കുന്ന പ്രശ്നം 2 വർഷത്തേയ്ക്കു മാററിവയ്ക്കണമെന്നു സർദാർ പട്ടേൽ പറഞ്ഞതായുള്ള വാർത്ത അദ്ദേഹം നിഷേധിച്ചിട്ടില്ലെന്നുംകൂടി ഓർക്കാവുന്നതാണ്. അഥവാ, കാൺസംബ്ളി പ്രശ്നം ആലോചിക്കുന്നതു് യഥാകാലം മാത്രമായിരിക്കുമെന്നു സാരം.

ആകപ്പാടെ ഉള്ള നില എല്ലാം അർത്ഥത്തിലും 'വ്യാകുലം'തന്നെ. അതുകൊണ്ടുമാത്രം കാര്യനിവൃത്തിക്കുവേണ്ടി ശ്രമിച്ചുകൂടെന്നില്ല. എങ്കിലും, 'കാലോവലോകനം കാര്യസാദ്ധ്യം നൂനം' എന്നുള്ളതു് വിശേഷിച്ചു് ആലോചിക്കേണ്ടതാണെന്നു മാത്രം. എന്തെന്നാൽ പ്രയോഗത്തിലാണ് വൈഷമ്യം, തത്വത്തിലല്ല.

—0:o:0—

## മൈസൂർ മദ്യനിരോധനം

—o—

ബാംഗളൂർ, നവം. 29—മൈസൂർ നിയമസഭയുടെ ഡിസംബർസമ്മേളനത്തിലേക്കുള്ള 43 അനൗദ്യോഗികപ്രമേയങ്ങളിൽ ഏററവും കൂടുതൽ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നതു് ഉടനടി സ്റേറിൽ പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമെന്നുള്ള പ്രമേയത്തിനാണ്.

—o—

# വൈസ്രോയിയും പാർട്ടിയും കെയ്റോയിൽ

കറാച്ചി ഡിസംബർ 1—വേവൽപ്രഭു പണ്ഡിററ്നെഹ്റു, മി. ജിന്നാ, മി. ലിയാക്കത്താലിഖാൻ, സർദാർ ബലദേവസിംഗ് എന്നിവർ തങ്ങളുടെ സ്റ്റാഫുകളോടു സമേതം ഒരു സ്പെഷ്യൽ വിമാനത്തിൽ ഇന്നു 7-15 ന് ലണ്ടനിലേക്കു പുറപ്പെട്ടിരിക്കുന്നു.

സർദാർബലദേവസിംഗിനു് കറാച്ചിയിലെ സിക്കുകാർ ഒരു വലിയ സ്വീകരണം നൽകി. ലണ്ടനിൽ എന്തു നടക്കുമെന്നു തനിക്കറിവില്ലെങ്കിലും ഇന്ത്യയെ ജീവച്ഛേദനം ചെയ്യാൻ സിക്കുകാർ സമ്മതിക്കുന്നതല്ല എന്നു് അദ്ദേഹം പ്രസ്താവിച്ചു.

## ലണ്ടനിലെ സംതൃപ്തി

ലണ്ടൻ നവ. 30—കാൺഗ്രസ്സ്ലീഗ് പ്രതിനിധികൾ ലണ്ടനിൽ സംഭാഷണത്തിലേക്കു ക്ഷണം സ്വീകരിച്ചതിനെപ്പററി ലണ്ടനിൽ സംതൃപ്തി പ്രകടിപ്പിക്കപ്പെടുന്നു. ഈ ആഴ്ച ലണ്ടനിൽ നിരന്തരമായ പ്രവർത്തനങ്ങൾ നടക്കുന്നതാണ്.

## മി. ലിയാക്കത്ത് ആലിഖാൻ

കറാച്ചി, ഡിസ. 1—മി. ലിയാക്കത്ത് ആലിഖാൻ അദ്ദേഹത്തിൻെറ ലണ്ടനിലെ താമസക്കാലത്തു് ഇന്ത്യയുടെ പവൻമിച്ചം തീരുമാനിക്കുന്നതു സംബന്ധിച്ചു് ബ്രിട്ടീഷ് ട്രഷറിവിദഗ്ദ്ധന്മാരുമായി ചർച്ചകൾ നടത്തുന്നതാണെന്നറിയുന്നു. ആവിധ ചർച്ചകൾക്കു് അദ്ദേഹം വേണ്ട ഒരുക്കങ്ങൾ ചെയ്തിട്ടുണ്ടെന്നും ഈ വിഷയം സംബന്ധിച്ച പ്രമാണങ്ങൾ അദ്ദേഹം കൂടെ കൊണ്ടുപോയിട്ടുണ്ടെന്നുമാണറിയുന്നതു്.

## പണ്ഡിതനെഹ്റു.

കറാച്ചി, ഡിസ: 1—പണ്ഡിതനെഹ്റു ഇന്ത്യയിൽനിന്നു തിരിച്ചപ്പോൾ സന്തുഷ്ടനായി കാണപ്പെട്ടു: അഞ്ചാറുദിവസങ്ങൾക്കകം, തീർച്ചയായും ഡിസംബർ 9-ാംനു-യ്ക്കകം താൻ തിരിച്ചെത്തുന്നതാണെന്നു് അദ്ദേഹം പത്രപ്രതിനിധികളോടു പറഞ്ഞു. മി. ജിന്നാ പത്രപ്രതിനിധികളോടും യാതൊന്നും പറഞ്ഞില്ല.

കെയ്റോ, ഡിസംബർ 1. ഇന്ത്യാവൈസ്രോയി വേവൽപ്രഭുവും ഇന്ത്യൻനേതാക്കന്മാരും 14.05-ന് (ജി. എം. ററി) കെയ്റോവിലെ അൽമാസാ വിമാനത്താവളത്തിൽ എത്തി.

## മി കൃഷ്ണമേനോൻ

ന്യൂയാർക്ക്, ഡിസം: 1—മി: വി. കെ. കൃഷ്ണമേനോൻ ഇന്നു രാത്രി വിമാനമാർഗ്ഗം ലണ്ടനിലേക്കു പുറപ്പെട്ടിരിക്കുന്നു.

—o—

# മി. വി. കെ. കെ. മേനോൻെറ നിയമനം

—o—

ന്യൂഡെൽഹി, നവം: 30—യൂറോപ്യൻ രാജ്യങ്ങളും ഇന്ത്യയുംതമ്മിൽ കഴിയുന്നതുംവേഗം നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനു് ആ രാജ്യങ്ങളിലെ ഗവമ്മെൻറുകളുമായി അനൗപചാരികസംഭാഷണങ്ങൾ നടത്തുവാൻ പല യൂറോപ്യൻ രാജ്യങ്ങളും സന്ദർശിക്കുന്നതിനുവേണ്ടി ഇന്ത്യാഗവമ്മെൻറ് മി. വി. കെ. കെ. മേനോനെ തങ്ങളുടെ പ്രത്യേകപ്രതിനിധിയായി നിയമിച്ചിരിക്കുന്നു.

—o

# മി. കെ. പി. എസ്. മേനോനെ നിയമിച്ചു

—o—

## മാസ്ക്കോസന്ദർശിക്കുവാനുള്ള ഇന്ത്യൻപ്രതിനിധിയായി

ന്യൂഡെൽഹി, നവം: 30—മാസ്ക്കോസന്ദർശിച്ചു് സോവിയററുഷ്യയും ഇന്ത്യയുംതമ്മിൽ നയതന്ത്രപ്രതിനിധികളെ ഏർപ്പെടുത്തുന്നതിൻെറ പ്രാരംഭമായുള്ള ഏർപ്പാടുകളെപ്പററി സോവിയററു ഗവമ്മെൻറുമായി ചർച്ചചെയ്യുന്നതിനു് തങ്ങളുടെ പ്രത്യേകപ്രതിനിധിയായി ഇന്ത്യാഗവമ്മെൻറ് ചൈനയിലെ ഇന്ത്യൻഏജൻറു് ജനറലായ മി. കെ.പി.എസ്.മേനോനെ നിയമിച്ചിരിക്കുന്നതായി ഒരു പ്രസ്കമ്മ്യൂണിക്കെയിൽ പറയുന്നു. ഐക്യരാഷ്ട്ര ജനറൽ അസംബ്ളി കഴിഞ്ഞശേഷം മി. മേനോൻ മാസ്ക്കോയിലേയ്ക്കു പോകുന്നതാണ്.

# വൈസ്രോയിയെ തിരിച്ചുവിളിയ്ക്കുമോ?

—o—

ന്യൂഡെൽഹി, നവം: 30—ലണ്ടൻസംഭാഷണങ്ങൾ ആരംഭിക്കുമ്പോൾ കാൺഗ്രസ്സിനുവേണ്ടി പണ്ഡിതനെഹ്റു വൈസ്രോയി വേവൽപ്രഭുവിനെ തിരിച്ചുവിളിക്കണമെന്നാവശ്യപ്പെട്ടുമെന്നു മെയിലിൻെറ ലേഖകൻ എഴുതുന്നു. ഇടക്കാലഗവമ്മെൻറിലെ കാൺഗ്രസ്സ് അംഗങ്ങൾ ഇന്നലെ വൈകുന്നേരം ഒരു യോഗം കൂടി, ആചാര്യകൃപലാനി യോഗത്തിൽ സന്നിഹിതനായിരുന്നു. ദീർഘകാലപദ്ധതി സംബന്ധിച്ചുള്ള കാൺഗ്രസ്സ്പ്രമേയത്തിനപ്പുറം പോകാൻ പാടില്ലെന്നു യോഗം നെഹ്റുവിനേയും ബലദേവസിംഗിനേയും അനുസ്മരിപ്പിച്ചു. നിർബന്ധിതഗ്രൂപ്പിങ്ങിനെ പ്രാരംഭഘട്ടങ്ങളിൽതന്നെഎതിർക്കണമെന്നുള്ള കാൺഗ്രസ്സിൻെറ നില പാലിയ്ക്കപ്പെടുമെന്നു ഇതുകൊണ്ടർത്ഥമാകുന്നു. ഇടക്കാലഗവമ്മെൻറ് സംയുക്തഉത്തരവാദിത്വത്തിൽ വർത്തിക്കുകയും വൈസ്രോയി വ്യവസ്ഥാപിതമേധാവിയായിത്തീരുകയും ചെയ്യുമെന്നുള്ള മന്ത്രിസഭാമിഷൻെറ ഉറപ്പു് നടപ്പിലാക്കണമെന്നാവശ്യപ്പെടണമെന്നു നെഹ്റുവിനോടും ബലദേവസിംഗിനോടും ഉൽബോധിപ്പിച്ചിട്ടുണ്ട്.

ലണ്ടനിൽവച്ചു് ലിയാക്കത്താലിഖാൻ ഇന്ത്യയുടെ സ്റ്റെർലിംഗ് മിച്ചം സംബന്ധിച്ച സംഭാഷണങ്ങൾ നടത്തുന്ന പ്രശ്നവും ചർച്ചചെയ്യുന്നതാണ്. ഈസ്റ്റാഫ്രിക്കയിലും വെസ്റ്റിൻഡീസിലും ഫിജിയിലും ഇന്ത്യൻഏജൻറന്മാരെ നിയമിക്കുന്നതു സംബന്ധിച്ചുള്ള അഭിപ്രായഭിന്നതകൾ നെഹ്റു നിരപ്പാക്കുന്നതുമായിരിക്കും.

—o—

# തിരുവിതാംകൂറിനു് ധാന്യം ടണ്ണുരി

—o—

മദ്രാസ്, ഡിസ: 1.—എസ്. എസ്. റൈജർ എന്നകപ്പൽ 2800 ടൺ ബർമ്മാ അരിയുമായി കഴിഞ്ഞവ്യാഴാഴ്ച കൊച്ചീതുറമുഖത്തെത്തി. ഇതിൽ 1800 ടൺ തിരുവിതാംകൂറിനും ബാക്കി കൊച്ചിയ്ക്കുമാണ്. (ഏ: പി)

—o—

# ഡാ: എസ്. സിന്നാ

—o—

## കാൺസംബ്ളിസമ്മേളനദിവസമദ്ധ്യക്ഷതവഹിക്കും

ന്യൂഡെൽഹി, നവം 30—ഒരു പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതുവരെ ഡിസംബർ 9-ാംനു-കാൺസ്റ്റിററുവൻറ് അസംബ്ളിയുടെ അദ്ധ്യക്ഷപദം സ്വീകരിക്കണമെന്നു് കാൺസംബ്ളി സെക്രട്ടറി, ഡാക്ടർ സച്ചിദാനന്ദസിന്നായെ അറിയിച്ചിരിക്കുന്നു. ഇദ്ദേഹം പാററ്നാസ്വദേശിയും ഏററവും പ്രായംചെന്ന ഒരു നിയമസഭാംഗവുമാണ്.

—o—

# ഡാക്കായിൽ വീണ്ടും അസ്വാസ്ഥ്യം

കല്ക്കത്താ, ഡി: 1—ഡാക്കാനഗരത്തിൽ വീണ്ടും അസ്വസ്ഥത ഉളവായിരിക്കുന്നു. ഇന്നുച്ചയ്ക്കുശേഷം പല ഭാഗങ്ങളിലെ സംഭവങ്ങളുടെ ഫലമായി ഒരുഡസനോളം ആളുകൾക്കു പരുക്കുപററി. അവരിൽ ഒരാൾ പിന്നീടു മരിച്ചു. ചില ഫർണിച്ചർകടകൾ തീവയ്ക്കപ്പെട്ടു. (ഏ. പി)

—o—

# ആസ്ത്രേ: ട്രേഡ് ഡെലിഗേഷൻ

—o—

മദ്രാസ്,ഡിസം 1 മി. ബി. മിച്ചാമിൻെറ നേതൃത്വത്തിലുള്ള ആസ്ത്രേ:ട്രേഡ്ഡെലിഗേഷൻ ഇന്നുകൊളംബിൽനിന്നു് ഇവിടെ എത്തിയിരിക്കുന്നു. വൈകുന്നേരം അവർ പ്രധാനമന്ത്രിയെ സന്ദർശിയ്ക്കും: നാളെ അവർ തിരുവിതാംകൂറിൽനിന്നുള്ള വ്യവസായികളുടെ ഒരു ഡെലിഗേഷനെ സന്ദർശിയ്ക്കും. (ഏ: പി.)

# ദക്ഷിണാഫ്റിക്ക തോററു

—o—

## യു. എൻ. കമ്മിററിവോട്ടിംഗിൽ

ലേക്സക്സസ്, നവം: 30—ഇൻഡോ-ദക്ഷിണാഫ്രിക്കൻ തർക്കം ഒരു സാർവ്വരാഷ്ട്രീയകോടതിയിൽ സമർപ്പിക്കണമെന്നുള്ള ജനറൽ സ്മട്ട്സിൻെറ വാദത്തിനെതിരായി ആ പ്രശ്നം അടുത്ത യു. എൻ. അസംബ്ളിസമ്മേളനത്തിൽ റിപ്പോർട്ടു ചെയ്യണമെന്നുള്ള ഫ്രഞ്ചു് മെക്സിക്കൻ നിർദ്ദേശം 19 വോട്ടിനെതിരായി 24 വോട്ടോടെ യു. എൻ. പൊളിററിക്കൽലീഗൽ കമ്മിററി പാസ്സാക്കിയിരിക്കുന്നു.

സംഗതികൾ നേരിട്ടുചെന്നന്വേഷിക്കുവാൻ ദക്ഷിണാഫ്രിക്കയിലേക്കു പോകുന്നതിനു ജനറൽഅസംബ്ളി ഒരു കമ്മിഷനെ നിയമിക്കുന്ന കാര്യം പര്യാലോചിക്കുവാൻ ഇന്ത്യൻഡെലിഗേഷൻ തയ്യാറാകുമെന്നും എന്നാൽ ഒരു സാർവ്വരാഷ്ട്രീയകോടതി അങ്ങിനെയൊരു കമ്മിഷനെ നിയോഗിക്കണമെന്ന ജന: സ്മട്ട്സിൻെറ നിർദ്ദേശത്തോടു തങ്ങൾ യോജിക്കുന്നതല്ലെന്നും ജസ്റ്റിസ് ചഗ്ലാ പ്രസ്താവിച്ചു.

—o—

# സർ ജാൺകാൾവിൽ

—o—

## ആക്ടിംഗ് വൈസ്രോയി

ന്യൂഡെൽഹി, ഡിസം: 1-വേവൽപ്രഭു



ഇന്ത്യയിൽ നിന്നു പുറപ്പെട്ടു് 3½ മണിക്കൂർകഴിഞ്ഞപ്പോൾ മന്ത്രിസഭയുടെ ഒരു പ്രത്യേക യോഗത്തിൽവച്ചു സർ ജാൺ കാൾവിൽ ആക്ടിംഗ് വൈസ്രോയിയും ഇന്ത്യയുടെ ഗവർണ്ണർജനറലുമായി സത്യപ്രതിജ്ഞചെയ്തു.

## സർദാർ പട്ടേൽ വൈസ്പ്രസിഡൻറ്

പണ്ഡിതനെഹ്റുവും മി: ലിയാക്കത്ത് ആലിഖാനും ഇന്ത്യയിൽ ഇല്ലാതിരിക്കുന്ന അവസരത്തിൽ സർദാർ പട്ടേൽ ഇടക്കാലഗവമ്മെൻറിൻെറ വൈസ്പ്രസിഡൻറായിരിക്കുമെന്നു ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

—o—

# ഡാൺ എഡിററർ ഇംഗ്ലണ്ടിലേയ്ക്കു്

—o—

ന്യൂഡൽഹി, ഡിസ: 1. ഡാണിൻെറ എഡിററും മുസ്ലിം ന്യൂസ് പേപ്പേഴ്സ് അസോസ്യേഷൻെറ പ്രസിഡൻറുമായ മി: അൽട്ടാഫ് ഹുസൈൻ ഇന്നുരാവിലെ ബ്രിട്ടനിലേക്കു പുറപ്പെട്ടിരിക്കുന്നു. അദ്ദേഹം ലണ്ടൻസംഭാഷണങ്ങളിൽ പങ്കെടുക്കുന്ന ലീഗാംഗങ്ങളുടെ സെക്രട്ടറിയും പബ്ളിക്ക് റിലേഷൻസ് ആഫീസറും ആയിരിക്കുന്നതാണ്.

—o—

# സർദാർ പട്ടേൽ ബാംബെയിൽ

—o—

ബാംബെ, ഡിസം: 1. ഇന്ത്യാ ഗവ: ഹോംമെമ്പർ സർദാർ വല്ലഭായിപട്ടേൽ ഇന്നു നാഗപ്പൂരിൽനിന്നും വിമാനമാർഗ്ഗം ഇവിടെ എത്തിയിരിക്കുന്നു. കേന്ദ്രഗവമ്മെൻറിൽ ഉദ്യോഗം സ്വീകരിച്ചശേഷം അദ്ദേഹം ആദ്യമായിട്ടാണു് ബാംബെ സന്ദർശിക്കുന്നതു്. അദ്ദേഹം ഇവിടെ അഞ്ചുദിവസം താമസിക്കുന്നതും ആ ദിവസങ്ങളിൽ അദ്ദേഹത്തിനു കാര്യബഹുലമായ പരിപാടികൾ ഉണ്ടായിരിക്കുന്നതുമാണ്. ഡിസംബർ 6-ാം തീയതി വെള്ളിയാഴ്ച അദ്ദേഹം ഡൽഹിക്കുപോകുന്നു.

—o—

# ആകാശം താഴെവീണാലും

# കാൺസംബ്ളി

## ഡിസംബർ ൯-ാംതീയതി സമ്മേളിക്കുമെന്നു് സർദാർപട്ടേൽ

ബാംബെ ഡിസംബർ 1—"ആകാശം വീണുപോവുകയോ ഭൂമി പിളർന്നുപോവുകയോ ചെയ്താലും കാൺസ്റ്റിററുവൻറു അസംബ്ളി മുൻപു നിശ്ചയിക്കപ്പെട്ടതുപോലെ ഡിസംബർ ൯-ാംതീയതിതന്നെ സമ്മേളിക്കുന്നതാണ്. വരുന്നതുവരട്ടെ. ലണ്ടൻ കാൺഫറൻസിലേക്കുള്ള ഡെലിഗേററുകൾ അതിനകം തിരിച്ചുവന്നാലും ഇല്ലെങ്കിലും അസംബ്ളി നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതിയിൽ അതിൻെറ പ്രവർത്തനം സമാരംഭിക്കും." ഇപ്രകാരമാണ് ഇടക്കാലഗവ. ഇൻഫർമേഷൻ ആൻറ് ബ്രോഡ്കാസ്റ്റിംഗ് മെമ്പർ സർദാർപട്ടേൽ അദ്ദേഹത്തിനു ലഭിച്ച ഒരു സ്വീകരണത്തിനു് മറുപടി പറഞ്ഞുകൊണ്ടു പ്രസ്താവിച്ചതു്. ബാംബെ പ്രൊവിൻഷ്യൻ കാൺഗ്രസ്സ് കമ്മിററിയാണു സ്വീകരണം ഏർപ്പാടുചെയ്തിരുന്നതു്.

ഒരുമിനിട്ടുനേരം നീണ്ടുനിന്ന ഒരു പ്രസംഗത്തിൽ അദ്ദേഹം എട്ടു മാസങ്ങൾക്കു മുൻപു ഇന്ത്യയിലേക്കുള്ള മന്ത്രിസഭാമിഷൻെറ വരവിനുശേഷമുള്ള രാജ്യത്തെ സംഭവവികാസങ്ങളെ അവലോകനംചെയ്തു, രണ്ടുലക്ഷത്തിലധികംവരുന്ന ഒരു ജനക്കൂട്ടം ആ പ്രസംഗം പരിപൂർണ്ണനിശബ്ദതയോടെശ്രദ്ധിച്ചുകേട്ടു.ഉദ്യോഗംസ്വീകരിച്ചശേഷമുള്ളതൻെറആദ്യസന്ദർശനം ഒരുസമാധാനദൌത്യമാണെന്നു അദ്ദേഹം പ്രസ്താവിക്കയും രണ്ടാഴ്ചക്കാലത്തേക്കു വിശ്രമം എടുത്തു സ്ഥിതിഗതികൾ സാധാരണനിലയിലാക്കുവാൻ പൌരന്മാരോടഭ്യർത്ഥിക്കയും ചെയ്തു. സകല ലഹളയ്ക്കും വിരാമമിട്ടു സ്വയം ഒന്നു നിയന്ത്രിക്കുക. പിന്നെയും ശല്യം പൊട്ടിപ്പുറപ്പെടുന്നപക്ഷം നമുക്കു കുററവാളികളെ കണ്ടുപിടിച്ചു വേണ്ടപോലെ അവരോടു പെരുമാറാം എന്നാണ് അദ്ദേഹം പറഞ്ഞതു്. ഗുണ്ടാ എന്നുപറയുന്നവൻ നിങ്ങളെ ആക്രമിക്കുന്നപക്ഷം നിങ്ങൾ ഒരിക്കലും ഓടിക്കളയരുതു്. സ്വയംരക്ഷയ്ക്കു നിങ്ങൾ പരിശീലിക്കുക. പോലീസിൻെറ സഹായം എപ്പോഴുംനോക്കിയിരിക്കരുതു്. നിങ്ങൾക്കു സാധിക്കുമെങ്കിൽ മഹാത്മാഗാന്ധി നിങ്ങളെ പഠിപ്പിച്ചിട്ടുള്ളതുപോലെ അക്രമരഹിതമായി ഗുണ്ടായെ നേരിടുക. ആവശ്യമായി വന്നാൽ പരിപൂർണ്ണഅക്രമത്തോടെ നേരിടണം. എ. പി.

—o—

# ആചാര്യകൃപലാനി

മദ്രാസ്, ഡിസ: 1—കാൺഗ്രസ്സ്പ്രസിഡൻറ് ആചാര്യകൃപലാനി ഡിസംബർ 20-ാംതീയതി മദ്രാസിൽ എത്തുന്നതാണെന്നറിയുന്നു.

# മി. ജിന്നായുടെ ശങ്കയും മി. ആററ്ലിയുടെ മറുപടിയും

## നെഹ്റുവിൻെറ സന്ദേശം എന്തെന്നറിയണം

(റായിട്ടർ)

ലണ്ടൻ നവംബർ 30—ലണ്ടനിൽ ആദ്യമായി വൈസ്രായി, പണ്ഡിററ് നെഹ്റു, സർദാർ ബലദേവസിംഗ്, മി. ജിന്നാ, മി. ലിയാക്കത്താലിഖാൻ, എന്നിവർ പെത്തിക്ലാറൻസ് പ്രഭു, സർസ്റ്റാഫോർഡ്, മി. എ. വി. അലക്സാണ്ടർ എന്നീ ക്യാബിനററ്മിഷൻ അംഗങ്ങളുമായി സംഭാഷണം നടത്തുന്നതും, ചിലസന്ദർഭങ്ങളിൽ പ്രധാനമന്ത്രികൂടി അതിൽ സംബന്ധിക്കുന്നതും, മന്ത്രിസഭ മുഴുവൻ സ്ഥിതിഗതികൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതുമാണ്.

പണ്ഡിററ് നെഹ്റുവും അനുയായികളും പാർക്ക്ലെയിനിലെ ഡോർചെസ്റ്റർഹോട്ടലിൽ താമസിക്കുന്നതായിരിക്കും. അദ്ദേഹത്തിൻെറ കൂടെതന്നെ സർദാർ ബലദേവസിംഗും അതേ ഹോട്ടലിൽതന്നെയാണ് താമസം.

മി. ജിന്നായും കൂട്ടരും മേഫെയറിലെ ക്ലാറിഡ്ജസ് ഹോട്ടലിലുമായിരിക്കും.

### ആററ്ലി—ജിന്നാ സംഭാഷണം

കറാച്ചി 30—മി. ആററ്ലി പണ്ഡിററ് നെഹ്റുവിനു അയച്ച സന്ദേശം പത്രപ്രസിദ്ധമായപ്പോൾ പണ്ഡിററ് നെഹ്റുവിൻെറ സന്ദേശം എന്തെന്നറിയാതെ താൻ ലണ്ടനിലേക്കു പുറപ്പെടുന്നതുകൊണ്ടു വിശേഷമൊന്നുമില്ലെന്നു മി. ജിന്നാ മി. ആററ്ലിയ്ക്കു കമ്പിയടിക്കയുണ്ടായി. അദ്ദേഹത്തിൻെറ കമ്പിയിൽ ഇങ്ങനെ പറഞ്ഞു.—"ഇപ്പോൾ നടന്ന സംഭവങ്ങൾ ആകപ്പാടെ പുതിയ ഒരു നില ഉളവാക്കിയിരിക്കുന്നു. "അങ്ങു" പണ്ഡിററ നെഹ്റുവിനയച്ച സന്ദേശത്തെമാത്രം ആശ്രയിച്ചു ഒന്നും പ്രവൃത്തിക്കാൻ നിവൃത്തിയില്ല. സകല കാര്യങ്ങളും ചർച്ചചെയ്യാൻവയ്യെങ്കിൽ ഞാൻ ലണ്ടനിൽവരുന്നതുകൊണ്ടു വിശേഷമൊന്നുമില്ല.

എല്ലാ വീക്ഷണസ്ഥാനങ്ങളും ശരിക്കു ചർച്ചചെയ്യുന്നതിനു ബാധകമായി താൻ പണ്ഡിററനെഹ്റുവിനയച്ച സന്ദേശങ്ങളിൽ യാതൊന്നും പറഞ്ഞിട്ടില്ല എന്നു മി. ആററ്ലി മറുപടി നൽകി. അതനുസരിച്ചു മി. ജിന്നാ ക്ഷണം സ്വീകരിക്കയും ചെയ്തു.

### "ഫഷിസ്റ്റ് ഹൈഡ്രാ"

ലണ്ടൻ നവ. 30 മി. ജിന്നായും മി. ലിയാക്കത്താലിഖാനും ലണ്ടനിൽ വന്നാലുടൻ അവരെ സമ്മാനിക്കാൻ ഇന്ത്യൻ വർക്കേഴ്സ് അസോസ്യേഷൻപ്രസിഡൻറ മി. ചൗധരി അക്ബർഖാൻ "ഫഷിസ്റ്റ് ഹൈഡ്രാ" എന്ന ഒരു പുസ്തകം തയ്യാറാക്കിയിരിക്കുന്നു. അതിൽ ഇങ്ങനെ പറയുന്നു.—"ലീഗിൻെറ അനുയായികൾ ഇസ്ലാമിനു അപരിഹാര്യമായ ദോഷമാണു ചെയ്യുന്നതു്. ഇസ്ലാമിൻെറ ശത്രുക്കൾ അതിനെതിരായി പറയുന്ന ദുഷ്പ്രവാദങ്ങൾ സത്യമാണെന്നു അവർ വെളിപ്പെടുത്തുന്നു. സമാധാനത്തിൻെറ മതമാണ് ഇസ്ലാമെങ്കിൽ മി. ജിന്നായുടെ അജ്ഞരായ ശിഷ്യന്മാർ മതവിരുദ്ധതയായി ഗണിക്കത്തക്ക മഹത്തായതോതിൽ ദുഷ്പ്രവൃത്തികൾ ചെയ്തിരിക്കുന്നു. ഇന്ത്യയിൽ ബ്രിട്ടീഷ് യജമാനന്മാരുടെ നിലനില്പിനെ സഹായിക്കുകയാൽ അവർ മദ്ധ്യപൂർവ്വദേശത്തിലെ മുസ്ലിംരാജ്യങ്ങളുടെമേലുള്ള ബ്രിട്ടീഷ് പിടിമുറുക്കുകയും ചെയ്യുന്നു.

—o—

## സർദാർ പട്ടേലിൻെറ ഉപദേശം

—o—

നാഗപൂർ, നവം: 30. ജനങ്ങളെ പരസ്പരം മാററണമെന്നുള്ള മി: ജിന്നായുടെ നിർദ്ദേശം കേവലം അസംബന്ധമാണെന്നും, തെന്നിന്ത്യയിലെ മുസ്ലിങ്ങൾ ഉത്തരേന്ത്യയിലേക്കോ, അവിടത്തെ ഹിന്ദുക്കൾ ദക്ഷിണേന്ത്യയിലേക്കോ മാറാൻ സമ്മതിക്കയില്ലെന്നും, മി. ജിന്നായുടെ പ്ലാൻ നടക്കുകയില്ലെന്നും സർദാർ പട്ടേൽ പ്രസ്താവിക്കുന്നു. ഒരു നൂറുജിന്നാമാർ ശ്രമിച്ചാലും ജനങ്ങളുടെ പ്രവാസം സാധിക്കുന്നതല്ല" കാൺസംബ്ലിയുടെ കാര്യത്തിൽ യാതൊരു കാലതാമസവും സമ്മതിക്കാവുന്നതല്ലെന്നു അദ്ദേഹം തുടർന്നു. പാകിസ്ഥാൻ സാധിക്കുമെന്നു, അതിനുവേണ്ടി അക്രമം ആകാമെന്നും മി: ജിന്നായുംകൂട്ടരും വിചാരിക്കുന്നിടത്തോളംകാലം രാജ്യത്തിൽ സമാധാനമുണ്ടാകയില്ലെന്നും, ജനങ്ങൾ പോലീസിൻെറയും പട്ടാളത്തിൻെറയും സഹായം പ്രതീക്ഷിക്കാതെ അക്രമമോ അനതിക്രമമോകൊണ്ടു ഗുണ്ടകളെ എതിർക്കണമെന്നും അദ്ദേഹം ഉപദേശിക്കുന്നു.

—o—

## ദിവാൻബഹദൂർ സി. പി. കരുണാകരമേനോൻ

—o—

### അടുത്ത കൊച്ചിദിവാൻ

മദ്രാസ്, നവം: 30. ഇന്ത്യാഗവർമ്മെൻറിൻെറ മദ്രാസ് ഏറിയായിലെ റീജിയനൽ ഫഡ്കമ്മീഷണർ ദിവാൻബഹദൂർ സി. പി. കരുണാകരമേനോനു മൂന്നുമാസത്തെ അവധി അനുവദിച്ചിരിക്കുന്നതായറിയുന്നു. റീജിയനൽ ഫുഡ്കമ്മീഷണറായി പകരം ആരെ നിയമിക്കുമെന്നറിവായിട്ടില്ല. ഡൽഹിയിൽനിന്നുള്ള റിപ്പോർട്ടുകൾ ഒരു സൂചനയായി കരുതാമെങ്കിൽ മി: പിംഗ്ച്ച്. രാമറെഡ്ഡിയെ റീജിയനൽ ഫുഡ കമ്മീഷണറായി നിയമിക്കപ്പെടാനിടയുണ്ടു്. രാഷ്ട്രീയവകുപ്പു് ദിവാൻബഹദൂർ സി. പി. കരുണാകരമേനോനെ റിട്ടയർചെയ്യുന്നതിൻെറ പ്രാരംഭമായി അവധിയിൽ പോകുന്ന സർ ജോർജ്ജു ബോഗിനുപകരം കൊച്ചീദിവാനായി നിയമിക്കുന്നതിനു് അതുസംബന്ധിച്ച ഡിപ്പാർട്ടുമെൻറുകളുമായി എഴുത്തുകുത്തു നടത്തിവരുന്നു. ദിവാൻബഹദൂർ കരുണാകരമേനോൻ ഡിസംബർ മദ്ധ്യത്തിൽ അവധിയിൽ പോകുന്നതാണു്.

—o—

## ഫ്രാൻസിലെ കുഴപ്പം

—o—

പാരീസ് 29—ബിഡോയുടെ നേതൃത്വത്തിലുള്ള ഫ്രഞ്ചു സംയുക്തമന്ത്രിസഭ രാജിവച്ചതിനെ തുടർന്നു് ഫ്രാൻസിൽ ഗവർമ്മെണ്ടുസംബന്ധമായ കുഴപ്പം നേരിട്ടിരിക്കുന്നു. പുതിയ ഗവർമ്മെണ്ടു രൂപവൽക്കരിക്കുന്നതുവരെ ബിഡോ ഗവർമ്മെണ്ടു് കാവൽഗവർമ്മെണ്ടെന്ന നിലയിൽ തുടരുന്നതാണു്. പക്ഷെ മന്ത്രിസഭയുടെ അധികാരം പ്രയോഗിച്ചുള്ള യാതൊന്നും ചെയ്യാൻ ആ ഗവർമ്മെണ്ടിനു് അവകാശമുണ്ടായിരിക്കുന്നതല്ല.

—o—

## വിശ്വാസം വീണ്ടെടുക്കുന്നു

—o—

### മഹാത്മജിയുടെ താമസത്തിൻെറ ഫലം

ചൗമുഹാനി. 29—ഇരുസമുദായങ്ങളും തമ്മിൽ വിശ്വാസം പുനസ്ഥാപിക്കപ്പെടുകയും, അവർ തങ്ങളുടെ സാധാരണജീവിതഗതി സമാധാനപരമായി തുടരുകയും ചെയ്യുന്നതുവരെ തൻെറ താമസം തുടരുന്നതാണെന്നു മഹാത്മജി പറയുകയും, ഗ്രാമീണരുമായി ദിനംപ്രതി സമ്പർക്കം സ്ഥാപിക്കയും ചെയ്തതിനു ഗണ്യമായ ഫലങ്ങൾ ഉണ്ടായിരിക്കുന്നു. നഷ്ടമായിരുന്ന വിശ്വാസം ജനങ്ങൾ വീണ്ടെടുത്തുവരുന്നതായി കാണുമാറുണ്ടു്. അഭയാർത്ഥികൾ അവരുടെ ക്യാമ്പുകളിൽനിന്നു് തിരിച്ചുവരുന്നു.

—o—

## രാജധാനി

—o—

(സ്വ. ലേ.)

വൃശ്ചികം 14—

തിരുവട്ടാർപകുതിയും ആററൂർപകുതിയിലെ ആററൂരും ഭൂതമാന്തുരും കരകളും ഉൾപ്പെടുത്തി ഒരു വില്ലേജുയൂണിയൻ സംഘടിപ്പിക്കുവാനാലോചിച്ചിരിക്കുന്നു എന്നും ഈ നിർദ്ദേശത്തെ സംബന്ധിച്ചു സ്ഥലവാസികളിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആറാഴ്ചക്കകം രേഖാമൂലം ഗവർമ്മെൻറിനെ അറിയിക്കണമെന്നും ഗവർമ്മെൻറു നിർദ്ദേശിച്ചിരിക്കുന്നു.

ഇന്ത്യയിലെ യൂണിവേഴ്സിററികളിലും തൊഴിൽപരമായ പഠനങ്ങൾക്കും ഗവേഷണത്തിനുമുള്ള അഖിലേന്ത്യാഇൻസ്റ്റിട്യൂട്ടുകളിലും ഉപരിപഠനഗവേഷണവും റിഫ്റെഷർകോഴ്സുകളും നടത്തുന്നവർക്കു നൽകുന്നതിനായി പ്രതിമാസം 125 രൂപാ വീതമുള്ള 10 സ്കാളർഷിപ്പുകൾക്കു് തിരുവിതാംകൂറുകാരിൽനിന്നു് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടു് ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈ സ്കാളർഷിപ്പ് രണ്ടുകൊല്ലക്കാലത്തേക്കു് നൽകുന്നതായിരിക്കും. അപേക്ഷകർ 35 വയസ്സിനു താഴെ പ്രായമുള്ളവരും ഒന്നാംക്ലാസോ രണ്ടാംക്ലാസ്സോ ഡിഗ്രിയും പ്രത്യേക പരിശീലനവുമുള്ളവരുമായിരിക്കണം. ഉദ്യോഗത്തിലിരിക്കുന്നവർക്കു് മുൻഗണന നൽകുന്നതായിരിക്കും. അപേക്ഷകൾ ഡിസംബർ 31-ാംതീയതിക്കുമുൻപു് യൂണിവേഴ്സിററി രജിസ്ട്രാർക്കയക്കേണ്ടതാണു്.

സംസ്ഥാനത്തെ കെമിക്കൽ ഇൻഡസ്ട്രീസിൽ നിയമിക്കപ്പെടുന്നതിലേക്കു് എഞ്ചിനീയറിങ്ങിൽ കെമിസ്റ്റുകളെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു കോഴ്സ് സ്ഥലം എൻജിനീയറിംഗ്കാളേജിൽ ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഈ കോഴ്സ് ഒരു കൊല്ലത്തേക്കായിരിക്കുന്നതും ഇതിലേക്കു് 20 പേരെ തിരഞ്ഞെടുക്കുന്നതുമാണു്. തിരഞ്ഞെടുക്കപ്പെടുന്നവരിൽ രണ്ടിൽ മൂന്നുഭാഗം തിരുവിതാംകൂറുകാരായിരിക്കും. കെമിസ്ട്രിയെടുത്തു് ബി. എസ്സ്. സി. പാസ്സായിട്ടുള്ളവർക്കും ഒന്നാംക്ലാസ്സിലോ രണ്ടാംക്ലാസ്സിലോ ബി. ഏ. പാസ്സായിട്ടുള്ളവർക്കും അപേക്ഷിക്കാവുന്നതാണു്. വ്യവസായസംബന്ധമായി മുൻ പരിചയമുള്ളവർക്കു് മുൻഗണന നൽകുന്നതാണു്. തിരുവിതാംകൂറുകാരായി അർഹതയുള്ള അപേക്ഷകർക്കു് പ്രതിമാസം 75 രൂപ സ്റ്റൈപൻറു് നൽകുന്നതാണു്. അപേക്ഷകൾ ഡിസംബർ 15-ാംതീയതിക്കുമുമ്പു് യൂണിവേഴ്സിററി രജിസ്ട്രാർക്കയച്ചിരിക്കണം.

കാർപ്പറേഷൻവിനോദനികുതി ഏർപ്പെടുത്തിയതിനെ തുടർന്നു് തൽസംബന്ധമായ ജോലികൾക്കായി ഒരു സൂപ്രവൈസ്സറെ നിയമിക്കണമെന്നും അമിനാദാർമാർക്കു് ദിവസം 12-അണ അലവൻസു് നൽകണമെന്നും ഇക്കഴിഞ്ഞ കാർപ്പറേഷൻ കൗൺസിൽയോഗത്തിൽ തീരുമാനിച്ചതായറിയുന്നു. തമ്പാനൂർ വാലി സ്കീം സംബന്ധിച്ച പ്ലാനും എസ്റ്റിമേററുകളും തയാറാക്കുവാൻ കമ്മീഷണരെ അധികാരപ്പെടുത്തിയതായും അറിയുന്നു.

അഖിലേന്ത്യാ ആര്യ (ഹിന്ദു)ധർമ്മസേവാസംഘത്തിൻെറ തിരുവിതാംകൂർ ശാഖയുടെ ആഭിമുഖ്യത്തിൽ ഈമാസം 20-ാം തീയതി സംസ്ഥാനമൊട്ടുക്കു് ഗീതാജയന്തി പതിവുപോലെ വിവിധചടങ്ങുകളോടുകൂടി ആഘോഷിക്കുന്നതാണു്.

ജയന്തിദിവസം സംഘത്തിൻെറ ആഭിമുഖ്യത്തിൽ സ്ഥലം ചിത്രാഹിന്ദുമതഗ്രന്ഥശാലയിൽവച്ചു ഗീതാകഥനമത്സരവും പൊതുയോഗവും ഉണ്ടായിരിക്കുന്നതാണു്. കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേകം മത്സരം നടത്തപ്പെടുന്നതും മത്സരിക്കുന്നകുട്ടികൾക്കു ഗീതയുടെ ഏതെങ്കിലും രണ്ടു് അദ്ധ്യായവും മുതിർന്നവർ മൂന്നു് അദ്ധ്യായവും കഥനംചെയ്യുവാൻ അറിഞ്ഞിരിക്കേണ്ടതുമാണു്. മത്സരത്തിൽ വിജയികളാകുന്നവർക്കു സമ്മാനങ്ങൾ നൽകപ്പെടുന്നതാണു്.

—o—

## ഉപവാസം നിർത്തി

—o—

നവഖലി, നവം. 29—സ്ഥലത്തെ ജയിലിൽ നിരാഹാരവ്രതം തുടങ്ങിയിരുന്ന 189 തടവുകാർ ബംഗാൾ ജയിൽവകുപ്പുമന്ത്രി മി. റഹ്മാൻെറ അഭ്യർത്ഥന അനുസരിച്ചു് അതു നിർത്തിയിരിക്കുന്നു.

# ബ്രിട്ടൻ സൃഷ്ടിച്ച സത്വം

## മു: ലീഗിനെപ്പററി ലണ്ടൻ മുസ്ലീങ്ങൾ

ലണ്ടനിലെ മുസ്ലീംകമ്മററി പ്രസിദ്ധീകരിച്ച, 'ജിന്നായിററ് കൂട്ടക്കൊല' എന്ന ലഘുലേഖയിൽ ബ്രിട്ടൻ സൃഷ്ടിച്ച ലീഗിനെ ആദ്യം അമർച്ചചെയ്യണമെന്നു പ്രസ്താവിച്ചിരിക്കുന്നു. എന്തെന്നാൽ ലീഗിൻെറ നാരകീയമായ പ്രവർത്തനങ്ങൾ രാജ്യത്തെ സഹോദരഹത്യാപരമായ ഒരു വിപ്ലവത്തിലേയ്ക്കു ചാടിച്ചിരിക്കുന്നു. കൽക്കട്ടായിലെ കൂട്ടക്കൊല, കൊള്ള, തീവയ്പു്, എന്നിവയെ മി. ജിന്നായിലുള്ള 'ജിൻ' രൂപവൽക്കരിക്കയും, പ്രോത്സാഹിപ്പിക്കയും, അനുഗ്രഹിക്കയും ചെയ്തെന്നും, ബംഗാൾമന്ത്രിസഭ അതു് നടപ്പിലാക്കിയെന്നും ലഘുലേഖയിൽ തുടരുന്നു. ബംഗാൾ മന്ത്രിസഭ പൊതുഖജനാവിൽ നിന്നും നടപ്പാക്കിയ പോക്രികളെ നഗരത്തിൽ കടത്തി അവർക്കു വേഗത്തിനുവേണ്ടി വാഹനങ്ങൾ, അടിക്കാൻ വടികൾ, കുത്താൻ കത്തികൾ, തീവയ്ക്കാൻ പെട്രോൾ, മുതലായവ നൽകി, അവർ ഹിന്ദുഭവനങ്ങൾ തീവച്ചു. അവയിലെ ജനങ്ങളുടെ വയസ്സു് സ്ത്രീപുരുഷവ്യത്യാസം എന്നിവയൊന്നും ഗണിച്ചില്ല.

പഴയ കിരാതന്മാരായ ആക്രമണക്കാർ പോലും സ്ത്രീകളെയും കുട്ടികളെയും വെറുതെ വിട്ടിട്ടുണ്ടു്. ജയിച്ചുകയറുന്ന സേച്ഛാധിപതികൾ പ്രഭുക്കൾ അവരെ ചന്തയിൽ വിൽക്കാൻമാത്രം അടിച്ചുകൊണ്ടുപോയിട്ടുണ്ടു്. എന്നാൽ ഇന്ത്യൻവിശുദ്ധഭൂമിയിലെ കൽക്കട്ടായിൽ മി: ജിന്നായുടെ വിശ്വസ്തരായ അനുയായികൾ സകല മനസ്സാക്ഷിക്കും സകല മതത്തിനും, സമാധാനമതമെന്നു ഘോഷിക്കപ്പെടുന്ന ഇസ്ലാമിനും വിരുദ്ധമായി ഒരു വിനാശകമായ മഹോത്സവംതന്നെ നടത്തിയിരിക്കുന്നു. ഇതു് ഇസ്ലാമിനു ഒരു അവമാനമാണ്. അത്രമാത്രമോ, ഇസ്ലാമിനെ അതു് തെററിദ്ധരിപ്പിക്കയും ചെയ്യുന്നു. മുസ്ലീംലീഗ് പതിനാറാം-നൂററാണ്ടിലെ നിലയിൽ പ്രവർത്തിക്കുകയാൽ ഇസ്ലാമിൻെറ മുഖത്തു കരിതേച്ചിരിക്കുന്നു. ലീഗ് എത്രയുംനേരത്തെ രംഗം വിടുന്നുവോ അത്രയും അതു് ഇന്ത്യയ്ക്കും മുസ്ലീങ്ങൾക്കും ഇസ്ലാമിനും നന്നായിരിക്കും.

### സർവ്വീസിലെ വർഗ്ഗീയത

ലാഹൂർ, നവം: 28. പബ്ലിക്സർവ്വീസിലെ വർഗ്ഗീയതക്കെതിരായി പഞ്ചാബ് ഗവർമ്മെണ്ടു ഒരു സമരംതന്നെ ആരംഭിച്ചിരിക്കുന്നു. അല്പദിവസങ്ങൾക്കുമുൻപു് പഞ്ചാബ് ഗവർമ്മെണ്ടു വർഗ്ഗീയവാദികളായ രണ്ടു് ആനററിമജിസ്ട്രേട്ടന്മാരെ പിരിച്ചുവിട്ടു. പൊതുവെ സർവ്വീസിൽ മുഴുവൻ ഈ നയം വ്യാപിപ്പിക്കുകയാണ് ഗവർമ്മെണ്ടിൻെറ ഉദ്ദേശം. മേലാൽ ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗീയബുദ്ധിയേയും കൈക്കൂലിമുതലായ അഴിമതികൾപോലെതന്നെ ഗണിക്കുന്നതായിരിക്കും.

### വക്കീലന്മാരും ഡാക്ടറന്മാരും കൊയ്യുന്നു

ഡാക്കാ, നവം 27—ഡാക്കായിലെ നാരായൺഗഞ്ചു സബ്ഡിവിഷനിൽ ഒരു വർഗ്ഗത്തിൽപെട്ട കൊയിത്തുകാർ മററു വർഗ്ഗത്തിൽ പെട്ടവരുടെ നിലങ്ങൾ കൊയ്യുകയില്ലെന്നു ശഠിക്കുകയാൽ വക്കീലന്മാർ ഡാക്ടറന്മാർ മുതലായവർ കൊയിത്താരംഭിച്ചിരിക്കുന്നു. സ്ഥലത്തെ കാൺഗ്രസ് കമ്മററി കൊയിത്തുകാരുടെ സംഘങ്ങൾ രൂപവൽക്കരിച്ചുവരുന്നു.

ചെറുകഥ

# എന്റെ ക്ലാസ്സ്മേററ്

അമ്പലപ്പുഴ ഭാസി.

ചന്ദ്ര, ഒരുങ്ങിയതുമതി. മണി 5 ആയി' ധൃതഗതിയിൽ പൌഡർ ഇട്ടുകൊണ്ടു നിന്ന എന്നോട് എന്റെ സ്നേഹിതൻ ശശി പറഞ്ഞു.

ഇതു കേട്ടാൽ തോന്നും ആരെയോ അത്യാവശ്യമായി കാണാൻ പോകുകയാണെന്ന്. സിനിമാതീയേറ്ററിന്റെ മുമ്പിൽ പകലെ അഞ്ചുമണിയോടുകൂടി ചില 'സിമ്പിളന്മാർ' വന്നുനില്പുണ്ടല്ലോ. അതിനുവേണ്ടി എന്നെ ക്ഷണിക്കുവാൻ വന്നിരിക്കുകയാണ് എന്റെ സ്നേഹിതൻ.

ഞാൻ മനസ്സുകൊണ്ട് പിറുപിറുത്തു 'ഇതെന്തൊരു ധൃതി. പൌഡർ ഇടണ്ടേ.'

ഒരുവിധത്തിൽ പൌഡർ ഇട്ടുകഴിഞ്ഞു. ഒന്നുകൂടി തലമുടി മിനുക്കാമെന്നുവെച്ചു ഞാൻ ചീപ്പ് കയ്യിലെടുത്തു. അക്ഷമനായി റോഡിലേക്കു നോക്കിക്കൊണ്ടു നിന്ന സ്നേഹിതൻ പറഞ്ഞു 'ഛേ, കഴിഞ്ഞില്ലേ. പൌഡറും സെന്റും, വരുന്നെങ്കിൽ വേഗം വരണം.'

'ഞാൻ പൌഡർ ഇട്ടുകഴിഞ്ഞു' ഇതൊന്നും കണ്ടില്ലേ 'ശശിയോടു ഞാൻ പറഞ്ഞു.' പാവം, മനസ്സ് ഇവിടെ എങ്ങും അല്ല. തീയേറ്ററിന്റെ മുമ്പിൽ ഇതിങ്ങനെ ആരെയോ ആരാഞ്ഞുനടക്കുകയാണ്. 'പച്ചസാരി, നീലസാരി......'

ഞാൻ പെട്ടെന്ന് കുപ്പായം ഇട്ട് വെളിയിലേയ്ക്കിറങ്ങി. ശശി നെടുതായി ഒന്നു നിശ്വസിച്ചു. 'ചന്ദ്ര നിങ്ങളെയും കൂട്ടിക്കൊണ്ടു ഒരു വഴിയ്ക്കു പോകുവാൻ വരുന്നവനാണ് മടയൻ. ഇന്നലെയും ഇതുപോലെതന്നെ അവിടെ ചെന്നപ്പോഴേയ്ക്കും 'ഫസ്റ്റ്ഷോ തുടങ്ങാറായി.'

'എന്റെ ശശീ!' ഞാൻ ഇടയ്ക്കുകയറി പറഞ്ഞു. 'നിങ്ങളുടെ വർത്തമാനം കേട്ടാൽ നമ്മൾ സിനിമാകാണുവാൻ പോകുകയാണെന്നു തോന്നുന്നല്ലോ?' 'സിനിമയ്ക്കു അല്ലെങ്കിൽ സിനിമയ്ക്കു വരുന്നവരെ കാണുവാൻ.' ധൃതഗതിയിൽ പറഞ്ഞുകൊണ്ടിരുന്ന ശശി ഉത്തരംപറഞ്ഞു.

'ഇങ്ങനെ വേഗമായാലോ' ഞാൻ ചോദിച്ചു. ശശിയുടെ മുഖം ഒന്നു കറുത്തു 'നിങ്ങൾക്കു സമ്മതമുണ്ടെങ്കിൽ വന്നാൽ മതി' ഇതു പറയുന്നതിനിടയ്ക്കും ശശിയുടെ വേഗം ഒന്നിരട്ടിക്കുന്നതേയുള്ളു. ഒരുവിധത്തിൽ ഞാനും അയാളുടെ കൂടെ പാഞ്ഞെത്തുന്നുണ്ട്.

* * *

ഞങ്ങൾ തീയേറ്ററിന്റെ മുമ്പിൽ പ്രത്യക്ഷരായി. നല്ല ആൾക്കൂട്ടം. അന്നത്തെ സിനിമ 'സോംഗ് ഓഫ് ബർണാഡിത്ത്' ആയിരുന്നു. തീയേറ്ററാണെങ്കിൽ വലിയ തോരണങ്ങളാലും വൈദ്യുതദീപങ്ങളാലും അലങ്കരിക്കപ്പെട്ടിരുന്നു. ഈ പുതിയ സിനിമയുടെ ഉൽഘാടനദിവസമായിരുന്നു അന്ന്. റോഡും പരിസരങ്ങളും സിനിമാകാണുവാൻ വന്നവരാലും ഞങ്ങളെപ്പോലുള്ള ചില വിദ്യാർത്ഥികളാലും നിറഞ്ഞിരുന്നു.

ശശി എന്റെ ചെവിയിൽ മന്ത്രിച്ചു 'ചില്ലറ വല്ലതുമുണ്ടോ. ഞാൻ എടുക്കുവാൻ മറന്നുപോയി. സിഗററ് വേണ്ടേ. ഇല്ലെങ്കിൽ എങ്ങനെയും ഈ മുൻപന്തിയിൽ ഇങ്ങനെ നില്ക്കുന്നതു്. അങ്ങു തിരിച്ചുതന്നേക്കാം'

ശശിയാണെങ്കിൽ ആളു കണ്ടാൽ സുമുഖൻ. ഒരു നല്ല കസവുവേഷ്ടി ഉടുത്തിട്ടുണ്ട്. ഒരു ഡാക്കാജൂബായും ധരിച്ചിട്ടുണ്ട്. പഞ്ചാബ് ചപ്പലാണെങ്കിൽ അതുമുണ്ട് ഒരു ജോഡി കാലിൽ. ഒറ്റനോട്ടത്തിന്, ആകെ ആയിരം രൂപായ്ക്കുവരെ ജാമ്യം കൊടുക്കാം. പക്ഷേ നാലുകാശു കയ്യിലില്ല. ഇതാണ് വാസ്തവത്തിൽ ഇന്നത്തെ മിക്കവാറും കാളേജുവിദ്യാർത്ഥികളുടെ നില. മറ്റുള്ളവരെ 'കാക്കുക' അതാണ് ഞങ്ങളിൽ പലരുടെയും സ്വഭാവം. വലിയ കൂട്ടുകെട്ടായിരിക്കും. ഒരുമിച്ചു എല്ലാസ്ഥലത്തും പോകുകയുള്ളു. കാശിന്റെ കാര്യംവരുമ്പോൾ സ്നേഹിതന്റെ പോക്കററിൽ കയ്യിടണം.

ഇതൊക്കെ ഞാനോർത്തു. അന്നെനിയ്ക്കു മണിഓർഡർ വന്നദിവസമായിരുന്നു. അതുശശിയ്ക്കു അറിയാമായിരുന്നു. അപ്പോൾ എന്റെ കൈവശം ഒരു രണ്ടുരൂപാനോട്ടും ഒരു നാലണാ തുട്ടുമുണ്ടായിരുന്നു. ആ രണ്ടുരൂപാനോട്ടുകൂടി കണ്ടാൽ ശശിയ്ക്കു അന്നേരം ഒരു ക്രാംഡ്രീംഗ്സ് കുടിയ്ക്കണം. അല്ലെങ്കിൽ ഉടൻ വയററിൽ വേദനയുണ്ടാകും. ഒരുവിധത്തിൽ ആ നാലണമാത്രം മടിയിൽനിന്നെടുത്തു നാലു സിഗററും ഒരു തീപ്പെട്ടിയും വാങ്ങി. ഞങ്ങൾ ഓരോ സിഗററ എടുത്തു. ബാക്കി ശശിയുടെ കൈവശംതന്നെ ഏല്പിച്ചു.

എനിയ്ക്കു വയസ്സ് 25 ഉള്ളു. എനിയ്ക്കില്ലാത്ത ദുർഗ്ഗുണം ഒന്നും ഇല്ലെന്നുതന്നെ പറയാം. വീട്ടിൽ അച്ഛന്റെയും മററും വിചാരം ഞാൻ, അവിടെ അവർ കാണുന്ന ചന്ദ്രൻതന്നെയാണെന്നാണ്—ഒരു സൽസ്വഭാവി പിതൃഭക്തിയും മാതൃഭക്തിയും വഴിഞ്ഞൊഴുകുന്നയാൾ. ദുർഗ്ഗുണം എന്തെന്നറിഞ്ഞിട്ടില്ലാത്ത ഒരു പരമസാധു'—

ബസ്സ്സ്റ്റാൻഡിന്റെ അടുത്തുതന്നെയാണ് ചങ്ങനാശ്ശേരിയിലെ ന്യൂതീയേറ്റർ. എപ്പോഴും ആ ബസ്സ്സ്റ്റാൻഡിൽ പലരും വന്നും പോയും ഇരിക്കുന്നു. എനിക്ക് സുപരിചിതരായ പല ബന്ധുക്കളേയും സ്നേഹിതരേയും പലപ്പോഴും അവിടെ വച്ചു കണ്ടുമുട്ടിയിട്ടുണ്ട്. ഈ ഭയമൊക്കെ മനസ്സിലുണ്ടെങ്കിലും ഞാൻ സധൈര്യം ആ സിഗററുകത്തിച്ചു പുകവലിയ്ക്കുവാൻ തുടങ്ങി.

* * *

സ്ത്രീകളുടെ ബഹളംതന്നെ അന്ന്. ശ്രീഭാഗവും യൌവനയുക്തകളായവർ. ശശി അങ്ങനെ കണ്ണു നാനാവശങ്ങളിലും ഓടിയ്ക്കുന്നുണ്ട്. ഞങ്ങൾക്കു സുപരിചിതരായ പലരും അന്നു വന്നിട്ടുണ്ടായിരുന്നു.

'ശശീ, ഇങ്ങനെയാണെങ്കിൽ കണ്ണിന്റെ ബാററി പെട്ടെന്നു തീർന്നുപോകും' ഞാൻ ശശിയോടു പറഞ്ഞു.

ഇതൊന്നും ശശി ഗൌനിച്ചില്ല. അയാൾ പഴയ ജോലിയിൽതന്നെ ബദ്ധശ്രദ്ധനായിരിയ്ക്കുകയാണ്.

* * *

അങ്ങിനെ നില്ക്കുമ്പോൾ ഒരു സ്ത്രീ—ഉദ്ദേശം 40 വയസ്സ്—കൂടെ ഒരു പെൺകുട്ടിയും ഒരു പുരുഷനും. പെൺകുട്ടിയ്ക്കു ഒരു ഇരുപതും അയാൾക്കു ഇരുപത്തഞ്ചും വയസ്സുവരും. 'ആ വയസ്സായസ്ത്രീ പെൺകുട്ടിയുടെ അമ്മയും മററയാൾ സഹോദരനുമായിരിക്കണം.' ഞാൻ ഇങ്ങനെ മനസ്സുകൊണ്ടൂഹിച്ചു.

ആ പെൺകുട്ടിയാണെങ്കിൽ സൌന്ദര്യസമ്രാട്ട്. ഒരു സാരി ഉടുത്തിരിക്കുന്നു. ഒരു നല്ല പച്ചസാരി. കസവുബോർഡർ. ചുവന്നശരീരം. അങ്ങിനെ കൊഴുത്തുരുണ്ട രണ്ടു കൈകളും. കാഞ്ചനമാലയേക്കൂടി അതിശയിപ്പിക്കുന്ന രണ്ടു നയനങ്ങളും കുനിരകളും. സൌന്ദര്യം വഴിഞ്ഞൊഴുകുന്ന ആ ദേവനാരി ആരായിരിക്കുമോ എന്തോ, എന്റെ ചിന്ത ഈ വഴിക്കായി.

പലരും അവളെ നോക്കുന്നുണ്ട്. ശശിയുടെ ദൃഷ്ടിയിലും ഈ വിഷയം ഉൾപ്പെടാതിരുന്നില്ല. അയാൾ എന്റെ തോളിൽതട്ടി അങ്ങോട്ട് കണ്ണുകാണിച്ചു. 'ചന്ദ്ര, എന്തുപറയുന്നു. സിനിമയ്ക്കു കയറുന്നുണ്ടോ.'

ഞാൻ ഒന്നുമൂളി അയാൾ അവളെ അങ്ങനെ സൂക്ഷിച്ചുസൂക്ഷിച്ചു കടക്കണ്ണുകൊണ്ടു വീക്ഷിയ്ക്കുവാൻ തുടങ്ങി.

സിഗററ കത്തിത്തീർന്നവിവരം ഞാൻ അറിഞ്ഞില്ല. കൈക്കൊരു ചൂടുതട്ടി. ഞാൻ ആ സിഗററുകുററിവലിച്ചെറിഞ്ഞു. 'ആ പെൺകുട്ടിയ്ക്കെന്താ ഇങ്ങോട്ടൊന്നു നോക്കിയാൽ?' ഞാൻ തന്നത്താനെ എന്നോട് ഒന്നുചോദിച്ചു. അവൾ നമ്രമുഖിയായി നില്ക്കുകയാണ്. പലരും അവളെ തൊട്ടുതൊട്ടില്ല എന്നതുപോലെ നില്ക്കുന്നു. എനിയ്ക്കു അവരോട് വലിയ ദേഷ്യംതോന്നി. 'എന്തുചെയ്യാം സിനിമാതീയേററല്ലേ.' ഞാൻ സമാധാനപ്പെട്ടു.

'അവർ എന്താ, ടിക്കററ വാങ്ങിയ്ക്കാത്തതു് ഒന്നു ചോദിച്ചാലോ' എനിയ്ക്കു തോന്നി.

ശശി ഇതിനിടയ്ക്കു പലപ്രാവശ്യവും ഓരോന്നുംപറഞ്ഞു് എന്നെ വിഷമിപ്പിക്കുന്നുണ്ട്. ഞാൻ അതൊന്നും ശ്രദ്ധിച്ചില്ല.

പെട്ടെന്നു അവൾ തലതിരിച്ച് ഞങ്ങൾ നിന്ന വശത്തേയ്ക്കു ഒന്നുനോക്കി. എനിയ്ക്കു സംതൃപ്തിയായി. അതിനിടയ്ക്കു രണ്ടു വൃദ്ധന്മാർ തള്ളിക്കയറിവരുന്നു. അവർ ആ പെൺകുട്ടിയുടെ അടുത്തുകൂടെ തള്ളി മുന്നോട്ടു കടക്കുകയാണ്. അതു എന്റെ നോട്ടത്തിനു ഒരുവിഘാതംവരുത്തി. ഞങ്ങൾക്ക് കുറച്ചുനേരത്തേയ്ക്കു ആ വൃദ്ധന്മാരെമാത്രമേ കാണുവാൻ കഴിഞ്ഞുള്ളു. ശശിയ്ക്കു ഇതു സഹിച്ചില്ല. അയാൾ എന്റെ ചെവിയിൽ മന്ത്രിച്ചു. 'പരഹൃദയജ്ഞാനമില്ലാത്തവൃദ്ധൻ. നമ്മൾ നില്ക്കുന്നതിന്റെ ഉദ്ദേശം പിന്നെ എന്തോന്നോ.' 'അവരുടെകാലത്തു് ഇതൊന്നും ഇല്ലാതിരുന്നായിരിക്കാം' അയാൾ സമാധാനപ്പെട്ടു.

കഷ്ടം അവളുടെ സഹോദരനുമായി ഒരു പരിചയവുമില്ലല്ലോ; ഞാൻ തന്നത്താനെ ഒന്നു ശപിച്ചു.

പെട്ടെന്ന് ഒരാൾ അവരുടെ അടുത്തുചെന്ന് ആ പെൺകുട്ടിയുടെ അമ്മയുമായി ഏതോ സംസാരിക്കുന്നതു ഞാൻ കണ്ടു. ശശിയും ഇതുകണ്ടു. ബാക്കിയുണ്ടായിരുന്ന രണ്ടു സിഗററ് എടുത്തു ഞങ്ങൾ കത്തിച്ചു. ഇതിനിടയ്ക്കും എന്റെ നോട്ടം ആ പുതിയആളിന്റെ നേർക്കാണ്.

എനിയ്ക്കൊരുപരിചയംതോന്നി. അതെന്റെ 'ക്ലാസ്സ്മേററ്' മി: രാജനാണ്. ചങ്ങനാശ്ശേരിയിലാണ് അയാളുടെ സ്വദേശം. ഇപ്പോൾ പഠിത്തംഎല്ലാം നിർത്തിയിരിക്കുകയായിരിക്കണം. ഞങ്ങൾ ആലപ്പുഴ എസ്. ഡി. വി. ശാലയിൽവച്ചു ഒരുമിച്ച് ആറാംഫാറത്തിൽ പഠിച്ചിട്ടുണ്ട്. ഞങ്ങൾ ആത്മാർത്ഥസ്നേഹിതന്മാരായിരുന്നു. പലപ്പോഴും ഞങ്ങൾ പാർക്കിലും മററും ഒരുമിച്ചു കറങ്ങിയിട്ടുണ്ട്. ഒരുമിച്ച് 'കൃഷ്ണാതീയേറററി'ന്റെ മുമ്പിലും മററും ഇതുപോലെ പരിസരങ്ങൾ കണ്ടു രസിച്ചിട്ടുണ്ട്.

അയാൾ അത്രനല്ല സ്വഭാവക്കാരനല്ല. അയാൾ ആ പെൺകുട്ടിയുടെ അമ്മയുമായി സംസാരിക്കുന്നതിനിടയ്ക്കു അവളെ നോക്കുന്നുണ്ട്. എനിയ്ക്കു സംശയമായി. 'അയാൾക്ക് ഇവരുമായി വല്ല പരിചയവുംകാണും. അയാൾക്കു ഈ പെൺകുട്ടിയോടു വല്ല അനുഭാവവും ഉണ്ടായിരിക്കാം.' 'തീർച്ചയായും അയാളും പരിചയംപറഞ്ഞു ഇവരുമായി സിനിമയ്ക്കു കയറും' എനിയ്ക്കുതോന്നി. ഈ വിവരമെല്ലാം ഞാൻ ശശിയെ ധരിപ്പിച്ചു.

'ഞാൻപോയി രാജനുമായി സംസാരിക്കട്ടെ' ശശിയോടു് ഒന്നു് ആലോചിച്ചു. 'രാജനോടുള്ള പരിചയംവച്ചുകൊണ്ടു് അവരുമായി പരിചയമാകാം.' ഇതായിരുന്നു എന്റെ വിചാരം.

'ഓ: അതുവേണ്ട. നമുക്കു സിനിമയ്ക്കു കയറിയേക്കാം. ചന്ദ്രന്റെ കയ്യിൽ ചക്രമില്ലേ.' ഇതായിരുന്നു ശശിയുടെ ഉപായം. ഞാൻ അല്പം ഒന്നു വെമ്പി. ആവശ്യം എന്റേതല്ലേ. ഞാൻ സമ്മതിച്ചു.

ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ രാജൻ പോയി ടിക്കററുവാങ്ങിക്കൊണ്ടുവന്നു. അവർ നാലുപേരും മെയിൻഗേററിൽകൂടി അകത്തേയ്ക്കു കടക്കുന്നതു് ഞാൻ കണ്ടു.

"എന്നാൽ വരൂ. വരൂ. 'ധൃതിയിൽ ശശിയുടെ കൈക്കു് പിടിച്ചുവലിച്ചുകൊണ്ടു ഞാൻ മുന്നോട്ടുതള്ളിക്കയറി. എനിയ്ക്കും രഭസം പററി. അവർ ഏതിനാണ് ടിക്കററ എടുത്തതു്. 'റിസർവഡ്' അല്ലെങ്കിൽ 'ഫസ്റ്റ് ക്ലാസ്സ്' ഞാൻ നിശ്ചയിച്ചു. അതിൽ കുറയുകയില്ല. ഇതിനിടയിൽ രാജന്റെ കയ്യിലേയ്ക്കു ഞാൻ ഒന്നു നോക്കി. 'ടിക്കററിന്റെ നിറം പച്ചയാണ്'. റിസർവ്ഡ്തന്നെ. ഞാനും രണ്ടു റിസർവ്ഡ് ടിക്കററ എടുത്തുകൊണ്ടുവന്നു.

ഞങ്ങളും അകത്തുകടന്നു. എന്റെ ഗണിതം തെററിയില്ല. അവർ നാലുപേരും റിസർവ്ഡിനു ഇരിപ്പുണ്ടായിരുന്നു. അവരുടെ പുറകിൽ കിടന്നിരുന്ന രണ്ടു ചാരുകസേരയിൽ ഞങ്ങളും സ്ഥാനംപിടിച്ചു.

ശേഷം ഒൻപതാം പേജിൽ

## ലേലപ്പരസ്യം

ഈ ഡിപ്പോയോടുചേന്ന റെയിൽവേളപ്പുരകൂട്, ബീച്ച് ഇവിടങ്ങളിൽ മൂന്നു ഷെഡ്ഡുകളിലായി ശേഖരിച്ചിട്ടുള്ളതും 65 ടൺ വരുന്നതുമായ തവിട്, പൊടി മുതലായ ഭക്ഷ്യധാന്യാവശിഷ്ടങ്ങൾ (വളമായി ഉപയോഗിക്കാവുന്നതു്) ഈ മാസം 19-ാംനു- (ബുധനാഴ്ച) പകൽ 2 മണിക്കു് ഡിപ്പോആഫീസിൽവച്ചു് പരസ്യമായി ലേലംചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ ചേരുന്നതിനു് ബ്രി: രൂ. 25 നിരതദ്രവ്യമായി വയ്ക്കേണ്ടതാകുന്നു. ലേലസംഖ്യയുടെ നാലിലൊന്നു് ലേലംകഴിഞ്ഞുടനേയും, ബാക്കി ലേലം സ്ഥിരപ്പെട്ടത്തിവരുന്നമുറയ്ക്കും ലേലക്കാരൻ കെട്ടിവയ്ക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിവു ലഭിച്ചാൽ ഒരാഴ്ചക്കകം സാധനങ്ങൾ ലേലക്കാരന്റെ ചെലവിൽ ഷെഡ്ഡുകളിൽനിന്നും മാററിക്കൊള്ളണം. കൂടുതൽ വിവരങ്ങൾ ഡിപ്പോആഫീസിൽനിന്നും അറിയാവുന്നതാണ്.

ഡിപ്പോആഫീസർ (ഒപ്പ്)

ഫുഡ്ഗ്രെയിൻസ് ഡിപ്പോആഫീസ്
കൊല്ലം; 16—4—122.

## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
പി. യു. ചിന്നപ്പാ, ഡി. ബാലസുബ്രഹ്മണ്യം, എം. ആർ. സന്താനലക്ഷ്മി, യു. ആർ. ജീവരത്നം, എൻ. എസ്. കൃഷ്ണൻ, ററി. ഏ. മധുരം തുടങ്ങിയവർ അഭിനയിച്ച
**ജഗതലപ്രതാപൻ**
എന്ന ചിത്രം

അമ്പലപ്പുഴ ഗോപിടാക്കീസിൽ
V. A. ചെല്ലപ്പാ, ശാമ, നാഗർകോവിൽ മഹാദേവൻ, ചെറമജ്, തവമണിദേവി, സന്താനലക്ഷ്മി രാജകാന്തം മുതലായവർ അഭിനയിച്ച
**ആരവല്ലി**
തമിഴ് സ്റ്റണ്ട് ചിത്രം.

ഷവറ ബേബിടാക്കീസിൽ
മഹത്തായ 2-ാം വാരം
ഹൊന്നപ്പാഭാഗവതർ, ശാമ, കെ. എൽ. വി. വസന്ത, കെ. കെ. പെരുമാൾ, കൃഷ്ണൻ, മധുരം മുതലായവർ അഭിനയിച്ച
**രാജരാജേശ്വരി**

(എട്ടാംപേജിൽനിന്നു തുടൎച്ച)

സിനിമ തുടങ്ങുവാൻ പത്തുമിനിട്ട് കൂടിയുണ്ട്. എന്നെ കണ്ട ഉടൻ രാജൻ എഴുനേററു ചിരിച്ചു. എന്റെ അടുത്തുള്ള മററൊരു കസേരയിൽ വന്നിരുന്നു എന്നോടു സംസാരിക്കുവാൻ തുടങ്ങി. ഞങ്ങൾ ഒരുമിച്ചുകഴിഞ്ഞ കാലത്തെ പല മധുരസ്മരണകളും ഞങ്ങൾ അന്യോന്യം ഓൎമ്മിപ്പിച്ചു. ശശിയേ ഞാൻ അയാൾക്കു പരിചയപ്പെടുത്തി. അവർതമ്മിലും ചില കുശലപ്രശ്നങ്ങൾ നടന്നു.

ആ പെൺകുട്ടിയുടെ അമ്മ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയായിരുന്നു. 'ഇവരെല്ലാം നിന്റെ പരിചയക്കാരാണോ' രാജനോടു അവർ ചോദിച്ചു,

'അതെ' അയാൾ ഉത്തരം പറഞ്ഞു. 'ഇവർ രണ്ടുപേരും കോളേജിൽ പഠിക്കുകയാണ്'.

ഞങ്ങൾക്കു സംതൃപ്തിയായി. ഒരു പരിചയത്തിനു വഴിയായി ഒരു വിഷയവും കണ്ടില്ല. അല്ലെങ്കിൽ ഞാൻ അവരോട് നേരിട്ട് ഒന്നു സംസാരിച്ചേനെ

ഇതൊക്കെയായിട്ടും അവരുടെ കൂടെയുള്ളയാൾ ആ തള്ളയുടെ ഇടതുവശത്തു അങ്ങനെ ഇരിയ്ക്കുകയാണ്. വലതുവശത്തു മകളും.

സിനിമ തുടങ്ങി. ഇംഗ്ലീഷായതുകൊണ്ടു ഇടയ്ക്കിടയ്ക്ക് രാജൻ ആ സ്ത്രീയ്ക്കു കഥ പറഞ്ഞുകൊടുക്കുന്നുണ്ട്. ആ പെൺകുട്ടി ഇടയ്ക്കിടയ്ക്ക് രാജനെനോക്കുന്നുണ്ട്. എനിക്കു സംശയം വൎദ്ധിച്ചു. എങ്കിലും ഇവരാരെന്നു രാജനോടു ചോദിയ്ക്കുവാൻ എനിയ്ക്കു ധൈൎയ്യം വന്നില്ല. അയാൾക്കു പെട്ടെന്നു കോപം വന്നെങ്കിലോ കഴിഞ്ഞകാലത്തെ സ്വഭാവംതന്നെയായിരിക്കണമെന്നില്ലല്ലോ.

* * *

സിനിമ തീരാറായി. ഇനി ഒരു 'റീൽ' കൂടെയുള്ളൂ. ശശി എന്നോടു പതുക്കെ പറഞ്ഞു. 'ഒന്നു സംസാരിക്കുവാൻ സാധിച്ചില്ലല്ലോ.'

'ക്ഷമിച്ചിരിയ്ക്കൂ' സിനിമ കഴിയട്ടെ. നമുക്കു അവരെ കാപ്പികുടിക്കാൻ ക്ഷണിച്ചേക്കാം'

'സിഗററവലിയ്ക്കുന്നോ' അവരുടെകൂടെയുണ്ടായിരുന്നയാൾ ഒരു സിഗററ്പാക്കററ് ഞങ്ങളുടെനേരെ നീട്ടി.

'ഞങ്ങൾ ഇപ്പോൾ വലിച്ചതേയുള്ളൂ. Thanks' ഞാൻ ഉത്തരംപറഞ്ഞു

'അതും ഒരാശ്വാസമായി' ശശി എന്നോടുപറഞ്ഞു. 'നമുക്കു പരിചയത്തിനു ഒരു വഴികൂടിയായി. അയാളുമായിട്ടാണു വൎത്തമാനംപറഞ്ഞാലെന്തു്. വിഷയം ഇന്നത്തെ സിനിമതന്നെയാകട്ടെ.'

'നിങ്ങൾ എന്തു ചാടാതെ' ഞാൻ സമാധാനപ്പെടുത്തി.

സിനിമ കഴിഞ്ഞു. വലിയ തിക്കം തിരക്കം. രണ്ടാമത്തെ പ്രദൎശനത്തിനാണെങ്കിൽ അതിനും ധാരാളമാളം.

'നമുക്കു ബഹളംകഴിഞ്ഞിട്ടിറങ്ങാം' അവരോടു എല്ലാപേരോടുമെന്നപോലെ ഞാൻ പറഞ്ഞു.

അവരതനുസരിച്ചു. ഞങ്ങൾ ഒരുവശത്തേയ്ക്കു മാറിനിന്നു. ഞാനും ആ അപരിചിതനായ യുവാവുമായി പല കുശലപ്രശ്നങ്ങളും നടത്തി. അതിൽനിന്നു അദ്ദേഹത്തിന്റെ പേര് 'മധുസൂദനൻനായർ' എന്നാണെന്നു മനസ്സിലായി.

എന്റെ ആകാംക്ഷ ഒന്നുകൂടി വൎദ്ധിച്ചു. ഞങ്ങൾ തീയേറററിനു വെളിയിലിറങ്ങി മുന്നോട്ടു നടന്നു. കവലയിലെത്തി. രാജന്റെ അടുക്കൽ ഞാൻ ചോദിച്ചു. 'കാപ്പി കുടിച്ചിട്ടുപോകരുതോ. അടുത്തുതന്നെയാണ് കൃഷ്ണാലോഡ്ജ്.'

'ഞങ്ങൾ ആലപ്പുഴയ്ക്കുപോകുകയാണ്. അമ്മയും മററും ധൃതിയിലാണ്. പിന്നൊരവസരത്തിൽ കാപ്പിയും മററും കുടിച്ചുകൊള്ളാം' ഇതായിരുന്നു രാജന്റെ മറുപടി.

ഇതുകേട്ടു് ആ സ്ത്രീപറഞ്ഞു 'കുഞ്ഞേ ഇപ്പോൾ പോയെങ്കിലേ ഒടുവിലത്തെ ബോട്ടെങ്കിലും കിട്ടുകയുള്ളൂ. പിന്നൊരവസരത്താലാകട്ടെ സൽക്കാരങ്ങളെല്ലാം.'

'ഇതെന്റെ സഹോദരിയും മറേറതു 'ബ്രദർഇൻലായുംആണു്' രാജൻ തുടൎന്നു: അവൾ നാളെതന്നെ 'മധുരയ്ക്കു' പോകണം. അതാണു ഇത്ര തിടുക്കം.'

'എന്നാൽ താങ്ക്സ്'

—o—

വാദവേദി

# വെസ്റ്റ്മിനിസ്റ്റർ മോഡൽ വ്യവസ്ഥാപിതഭരണമാണ്

എ. ഗോപാലൻനായർ എം. ഏ., ബി. എൽ.

(ഒരു മറുപടി)

1122 വൃശ്ചികം 3-ാം തീയതി മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ ശ്രീ. സുകുമാരൻനായർ ഉന്നയിച്ചിട്ടുള്ളതിൽ ചില അഭിപ്രായങ്ങൾക്കു് ഒരു മറുപടിയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

ശ്രീ. സുകുമാരൻനായരുടെ താഴെപ്പറയുന്ന അഭിപ്രായങ്ങളുമായി ഞാൻ വിയോജിക്കുന്നു.

1. 'മഹാരാജാവു് തിരുമനസ്സുകൊണ്ടു പരമാധികാരിയായിരിക്കുന്ന സ്ഥിതിക്കു് ദിവാൻജി ഒരിക്കലും തിരഞ്ഞെടുക്കപ്പെട്ട ആളായിരിക്കയില്ല.'

2. 'ഇംഗ്ലണ്ടിൽ ഭൂരിപക്ഷനേതാവല്ലാത്ത ഒരാളെ മന്ത്രിയായി നിയമിക്കുന്നതിൽ നിയമപരമായ യാതൊരു തടസ്സവുമില്ല.'

3. 'ഭരണമേധാവിയെ നിയമിക്കാനും നീക്കാനും അധികാരം മഹാരാജാവു് തിരുമനസ്സിൽ നിക്ഷിപ്തമായിരിക്കുന്നതു് പ്രജായത്തഭരണവ്യവസ്ഥയുടെ നിലനില്പിനു് ഏററവും ആവശ്യമായ ഒരു രക്ഷാവ്യവസ്ഥയാണ്.'

മഹാരാജാവു് തിരുമനസ്സിലെ പരമാധികാരത്തിനു് വിധേയമായി ഉത്തരവാദഭരണം വേണമെന്നു് പറയുന്നതുകൊണ്ടു് സാധാരണ മനസ്സിലാക്കുന്നതു വെസ്റ്റ്മിനിസ്റ്റർ മോഡലിൽ ഒരു വ്യവസ്ഥാപിതഭരണം വേണമെന്നാണ്. അതായതു് മഹാരാജാവുതിരുമനസ്സിലെ പരമാധികാരവും ജനകീയസിദ്ധാന്തങ്ങളും കൂട്ടിയിണക്കിയുള്ള പ്രവൎത്തനക്ഷമമായ ഒരു ഭരണഘടനയെന്നു് മാത്രമെ ഉദ്ദേശമുള്ളൂ. ഇംഗ്ലണ്ടിലെ രാജാവിന്റെ പ്രത്യേകാധികാരങ്ങളെ 'പ്രിറോഗേറീവ്സ്' (Prerogatives) എന്നു പറയുന്നു. അവ നമ്മുടെ മഹാരാജാവു് തിരുമനസ്സിലേക്കുള്ള പരമാധികാരംപോലെ വിപുലമാണ്. എന്നാൽ ഇംഗ്ലണ്ടിലെ രാജാവു് ജനപ്രതിനിധികളാൽ തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭയുടെ അനുവാദംകൂടാതെ സ്വേച്ഛപോലെ തന്റെ പ്രിറോഗേറീവ്സ് ഉപയോഗിക്കുന്നില്ല. ഒരു പരീക്ഷണഘട്ടത്തിൽ ഉപയോഗിക്കേണ്ട രക്ഷാവ്യവസ്ഥകളായി ഇന്നു പരിലസിക്കുന്നു.

ജനപ്രതിനിധികളാൽ തിരഞ്ഞെടുക്കുന്ന മന്ത്രിമാരുടെ ഉപദേശമനുസരിച്ചു ഭരണംനടത്തുന്നതുകൊണ്ടാണ് ഇംഗ്ലണ്ടിലെ രാജാവിനെ ഒരു വ്യവസ്ഥാപിത ഭരണാധികാരിയെന്നു് പറയുന്നതു്. ഭരണയന്ത്രത്തിന്റെ പ്രവൎത്തനംസംബന്ധിച്ചു ഭാഗ്യവശാൽ ഇംഗ്ലണ്ടിൽ പല പതിവുകളും ഉറച്ചിട്ടുണ്ട്. ഇവയെ കൺവെൻഷൻ (Convention) എന്നു പറയുന്നു ഇവയ്ക്കു ഏറിയകാലത്തെ പഴക്കമുണ്ട്. പതിവുകളെ രാജാവുപോലും ലംഘിക്കുന്നില്ല.

1832-ൽ ഗ്രേപ്രഭുവിന്റെ രാജിയെ തുടൎന്നുണ്ടായ സംഭവവികാസങ്ങൾ ഒരു വ്യവസ്ഥാപിതഭരണാധികാരിയുടെ നില വ്യക്തമാക്കുന്നുണ്ട്. രാജിയെതുടൎന്നു വെല്ലിംഗ്ടൻപ്രഭു മന്ത്രിസഭരൂപീകരിക്കാൻ ചെയ്ത ശ്രമങ്ങൾ പരാജയപ്പെട്ടു. ഗ്രേപ്രഭു വീണ്ടും അധികാരത്തിൽവന്നു. ഭരണപരിഷ്കാരബില്ല് വീണ്ടും പ്രഭുസഭയിൽ ആലോചനയ്ക്കുവന്നു. രാജാവ് ഭരണപരിഷ്കാരബില്ല് പ്രഭുസഭയിൽ പാസ്സാക്കുന്നതിനു് ആവശ്യമുള്ള പ്രഭുക്കന്മാരെ സൃഷ്ടിക്കാമെന്നു് ഗ്രേപ്രഭുവിനു് രേഖാമൂലം ഉറപ്പുകൊടുത്തു. എന്നാൽ വെല്ലിംഗ്ടൻപക്ഷക്കാരായ പ്രഭുക്കൾ പ്രഭുസഭയിൽ ഹാജരായില്ല. ബില്ല്പാസ്സായി. രാജകീയാനുമതിയും ലഭിച്ചു. പ്രഭുക്കന്മാരെ നിയമിക്കുന്നതു രാജാവിന്റെ പ്രത്യേക അധികാരമാകയാൽ അന്നത്തെ രാജാവ് ഗ്രേപ്രഭുവിന്റെ നിൎദ്ദേശത്തിനു് വഴങ്ങാതെ ഇരുന്നെങ്കിൽ നിയമപ്രകാരം രാജാവിന്റെ നടപടി തെററാണെന്നു പറയാൻ നിവൃത്തിയില്ല. പക്ഷേ രാജാവിന്റെ പ്രവൃത്തികൊണ്ടു് രക്തംചൊരിച്ചിലില്ലാതെ ഒരു വിഷമഘട്ടം തരണംചെയ്തു.

ഇതുപോലെ ചില സംഭവങ്ങൾ 1911 ലും ഉണ്ടായി. ലിബറൽകക്ഷിക്കാർ പ്രഭുസഭയുടെ അധികാരത്തെ പരിമിതപ്പെടുത്തുവാൻ ഒരു ബില്ല് അവതരിപ്പിച്ചു. പ്രഭുസഭയിൽ ലിബറൽ കക്ഷിക്കു ഭൂരിപക്ഷം ഇല്ലായിരുന്നു. ബില്ല് പ്രഭുസഭയിൽ ചെന്നപ്പോൾ പല ഭേദഗതികളുംചെയ്തു. ഈ ഭേദഗതികളെ അംഗീകരിക്കാൻ കാമൺസ്സഭ വിസമ്മതിച്ചു. ബില്ല് വീണ്ടും പ്രഭുസഭയിൽ അവതരിപ്പിച്ചപ്പോൾ ലിബറൽസിനു് ഭൂരിപക്ഷം ലഭിക്കുന്നതിനു് ആവശ്യമുള്ള പ്രഭുക്കന്മാരെ നിയമിക്കാമെന്നു് രാജാവ് ലിബറൽ മന്ത്രിസഭയ്ക്കു ഉറപ്പുകൊടുത്തു. രാജാവിന്റെ ഉറപ്പിനെക്കുറിച്ചറിവുണ്ടായിരുന്ന പ്രഭുസഭ അപ്പോൾ ബില്ല്പാസ്സാക്കി. അങ്ങിനെ രാജാവ് ഒരു വിലക്ഷണമായ സ്തംഭനാവസ്ഥയെ ഒഴിവാക്കി.

ഭരണമേധാവിയെ നീക്കുവാനും ആക്കുവാനും ഉള്ള അധികാരം രാജാവിനുണ്ട്. എന്നാൽ ഒരു മന്ത്രിസഭ രാജിവച്ചാൽ പ്രതിപക്ഷകക്ഷിയുടെ നേതാവിനെ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിക്കയല്ലാതെ വേറെ ആരെയും മന്ത്രിസഭരൂപീകരിക്കാൻ ക്ഷണിക്കുന്നില്ല.

ഈ സംഗതിയിൽ വ്യവസ്ഥാപിതഭരണാധികാരിക്കുള്ള അധികാരങ്ങൾ എന്തുമാത്രം പരിമിതമാണെന്നു വിക്ടോറിയാരാജ്ഞിയുടെ വാഴ്ചയുടെ ആരംഭത്തിൽ ഉണ്ടായ ഒരു സംഭവം തെളിയിക്കും. വിക്ടോറിയാരാജ്ഞിയുടെ കൊട്ടാരത്തിലുള്ള പരിചാരികമാർ വിഗ്പാർട്ടിയിൽ ഉൾപ്പെട്ടവരാണെന്നും അവരെമാററണമെന്നും ടോറി പാർട്ടിനേതാവായ റാബട്ട് പീൽ പ്രധാനമന്ത്രിയായപ്പോൾ ആവശ്യപ്പെട്ടു വിക്ടോറിയാരാജ്ഞി നിരസിച്ചു. റാബട്ട് പീലുംമന്ത്രിസഭയും ഉടൻ രാജിവച്ചു. ഇവിടെ രാജ്ഞിജയിച്ചെങ്കിലും പിൽക്കാലത്തു തനിക്കു ഒട്ടും ഇഷ്ടമില്ലാത്ത ലിബറൽ പാർട്ടിനേതാവായ ഗ്ലാഡ്സ്റ്റനെ മന്ത്രിസഭരൂപീകരിക്കാൻ ക്ഷണിക്കാൻ നിൎബ്ബന്ധിതയായിട്ടുണ്ട്. അപ്പൊഴെല്ലാം അവർ സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ പ്രജാഹിതത്തിനു് കീഴ്പ്പെടുത്തുകയായിരുന്നു പതിവ്.

ഒരു വ്യവസ്ഥാപിത ഭരണാധികാരി പൊതുജനഹിതത്തിനെതിരായി തന്റെ അധികാരങ്ങളെ ഉപയോഗിക്കുന്നില്ല. വളരെ അപൂൎവ്വമായി ഒരു രക്ഷാവ്യവസ്ഥപോലെ ഉപയോഗിക്കുന്നു. പരമാധികാരം ഉപയോഗിക്കുന്നതു് എപ്പോഴും മന്ത്രിമാരുടെ ഉപദേശമനുസരിച്ചാണ്. നിലവിലിരിക്കുന്ന മന്ത്രിസഭയുടെ ഉപദേശമനുസരിച്ചല്ലാതെ പ്രതിപക്ഷനേതാവിന്റെ ഉപദേശമനുസരിച്ചും തനിക്കുസ്വയം തോന്നിയിട്ടോ ഇംഗ്ലണ്ടിലെ രാജാവു് തന്റെ പ്രത്യേകാധികാരങ്ങളെ ഉപയോഗിച്ചതാകി 19 20—നൂററാണ്ടിലെ ഇംഗ്ലീഷ് ചരിത്രത്തിൽ ഒരു ലക്ഷ്യവുമില്ല.

ഏതൊരു ഭരണക്രമത്തിലും ന്യൂനപക്ഷതല്പ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ഒരു പരീക്ഷണഘട്ടത്തിൽ ഭരണയന്ത്രം തകൎന്നുപോകാതെ സൂക്ഷിക്കുന്നതിനും ആവശ്യമായ രക്ഷാവ്യവസ്ഥകൾ സാധാരണമാണ്. രക്ഷാവ്യവസ്ഥകൾ കാൎയ്യക്ഷമമായി പാലിക്കാൻ ചില വിശേഷാധികാരങ്ങളും ആവശ്യമാണ്. അപ്രകാരമുള്ള വിശേഷാധികാരങ്ങൾ മഹാരാജാവു് തിരുമനസ്സിൽ നിക്ഷിപ്തമാവുന്നതു യുക്തവുമാണ്. എന്നാൽ പ്രത്യേകപരിതഃസ്ഥിതികളിലും പരീക്ഷണഘട്ടത്തിലും ആവശ്യം വേണ്ടതായ വിശേഷാധികാരങ്ങൾ സാധാരണ പരിതസ്ഥിതിയിലും വേണമെന്നു് വാദിക്കുന്നതു് വ്യവസ്ഥാപിത ഭരണതത്വങ്ങൾക്കു് വിപരീതമാണ്.

രാജാവു് വ്യവസ്ഥാപിതഭരണാധികാരിയോ സ്വേച്ഛാധികാരിയോ ആയിരിക്കും. വ്യവസ്ഥാപിതഭരണാധികാരി ജനഹിതമനുസരിച്ചു ഭരിക്കുന്നു. അപ്പോൾ പരമാധികാരം പ്രയോഗിക്കേണ്ട ആവശ്യമെ ഉണ്ടാകുന്നില്ല. എങ്കിലും അവിടെ രാജാധികാരം പരിമിതമാവുന്നു പരിമിതാധികാരങ്ങൾ ഉള്ള രാജവാഴ്ചയാണ് വെസ്റ്റ്മിനിസ്റ്റർമോഡൽ.

—o:*:o—

## കൊല്ലം രണ്ടാംവഞ്ചിയോ?

—o—

(ജിജ്ഞാസു)

സർ, —ചേരരാജധാനി തിരുവഞ്ചിക്കുളത്തുനിന്നു കൊല്ലത്തേയ്ക്കു മാററി എന്നു തെളിയിക്കുന്ന രേഖകളൊന്നും ശ്രീമാൻ കുഞ്ഞൻപിള്ള അവർകളുടെ വൃശ്ചികം 10-ലെ ലേഖനത്തിൽ കാണുന്നില്ല.

1 കൊടുങ്ങല്ലൂർനെടിയതളിയിൽ (ക്ഷേത്രത്തിൽ) പെരുമാൾ താമസിച്ചിരുന്നു എന്നൎത്ഥംവരുന്ന വാചകങ്ങൾ ശാസനങ്ങളിൽനിന്നു ലേഖനകാരൻ ഉദ്ധരിച്ചു പ്രസിദ്ധപ്പെടുത്തണമെന്നപേക്ഷ.

2. അവിടെ ഇരുന്ന ആളിയത് തിരുവഞ്ചിക്കുളത്തു കോവിലകം ചോളർ ചുട്ടുഭസ്മമാക്കിയതുകൊണ്ടാണു് എന്നു പറയുന്ന വാചകങ്ങളും പ്രസിദ്ധപ്പെടുത്തിയാലുപകാരം.

3 അപ്രകാരംതന്നെ ആ ചേരരാജാവു "താമസം കൊല്ലത്തു പനങ്കാവിൽ കൊട്ടാരത്തിലേക്കു മാററി" എന്നൎത്ഥംവരുന്ന വാചകങ്ങളും പ്രസിദ്ധപ്പെടുത്തണം.

4. 276-ൽ നെടിയതളിയിലിരുന്ന ആളിയതും 277-ൽ പനങ്കാവിൽ കോവിലകത്തിരുന്നതു ചേരചക്രവൎത്തിയായ രാമവൎമ്മയായിരുന്നു എന്നു തീരുമാനിക്കുന്നതിനു, 278-ൽ തളിയാതിരിമാർ കൊല്ലത്തുവന്നു താമസിച്ചു (ലേഖനം 3-ാംകാളത്തിന്റെ അന്ത്യം) എന്നതിനെക്കാൾ കൂടുതലായ തെളിവാവശ്യമാണെന്നു തോന്നുന്നു. തളിയാതിരിമാർ വന്നു താമസിച്ചു എന്നൎത്ഥം വരുന്ന വാചകമേതാണു്?

5. ഒന്നാംകാലത്തെ ഭാസ്കരരവിക്കു് കൊല്ലം 137-195 ക്രിസ്ത്വബ്ദം 961-1020 എന്ന കാലം നിൎണ്ണയിച്ചതു ശരിയാണോ? ആ രാജാവിന്റെ 'പെരുന്ന' ലിഖിതത്തിനു ക്രിസ്ത്വബ്ദം 526, ക്രിസ്ത്വബ്ദ 1060 എന്ന രണ്ടുകാലം മാത്രമേ യോജിക്കുന്നുള്ളു എന്നു് സ്വാമിക്കണ്ണുപിള്ളയ്ക്കെതിരായി ശ്രീമാൻ ഡാനിയൽ അവർകൾ കഴിഞ്ഞകൊല്ലം (1945) Indian History Congress-ൽവച്ചു സ്ഥാപിച്ചു. ശ്രീ. പിള്ള അവർകളുടെ 137-195 ശരിയാണെങ്കിൽ, ആ ലിഖിതത്തിന്റെ കാലം 151 (976 എ. ഡി.) ആണെന്നു വരുമല്ലോ. അതു തെററല്ലേ?

6 'പെരുന്നലിഖിതത്തിനൊത്ത കലിശുദ്ധദിനവും ആണ്ടും ഏതാണെന്നു ശ്രീമാൻ കുഞ്ഞൻപിള്ള അവർകൾ പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാം.

7. 'ശാഖ എന്ന വാക്കു് എന്റെ തുലാം 25-ലെ ലാററിലില്ല അതുണ്ടെന്നു ഒടുവിലത്തെ നോട്ടിൽ സങ്കല്പിച്ചിട്ടു് ലേഖനത്തിന്റെ അഞ്ചാംകാളത്തിൽ 'ശാഖയല്ല' എന്നു നിഷേധിച്ചിരിക്കുന്നതു് അനവധാനം നിമിത്തമായിരിക്കാം.

—o—



# മച്ചിപ്പശു

കുടമാളൂർ, കെ. സി. കേശവൻനായർ ബി. ഏ.

"പെറുകി, ല്ലിവളെഞാൻ കൊണ്ടുപോയ്ക്കൊള്ളാംതമ്പ്രാ'
വെറുതേ തീററിപ്പോററി മച്ചിയെ വളർത്തേണ്ട!...'
അന്നൊരു മദ്ധ്യാഹ്നത്തി, ലെന്റെ ഗോശാലയ്ക്കുക-
പുണ്യവിഗ്രഹമായ 'വെള്ളമ്മ'പ്പശുവിനെ;
ഭുവിലേയ്ക്കിറങ്ങിയ കാമധേനുവെന്നോണം
ലാവണ്യമുടൽപൂണ്ടൊരെൻ ജീവിതാനന്ദത്തെ;
സാത്വികപ്രഭചിന്നും സ്നേഹദീപികപോലെ
പേർത്തുമെൻമുൻപിൽ അഞ്ചുമൈശ്വര്യത്തിടമ്പിനെ;
താടസ്ക്കതടവിയും ചൊറിഞ്ഞും, മരതക-
ച്ചൂടിയ കറുകക്കുമ്പകിയും ഞാൻ ഉഴലിക്കെ,
തൊഴുത്തിൻ താഴത്തൊരു കാളമേഘമെന്നപ്പോലെ
തൊഴുകൈയ്യോടെ നന്ന പറയൻ പറകയായ്:—
'പെറുകില്ലിവ, ളിങ്ങുതന്നേരെ തമ്പ്രാ, കഷ്ടം!
വെറുതേ തീററിപ്പോററ മച്ചിയേ വളർത്തേണ്ട!'
കാലനേക്കാണുംപോലെ കാതരാക്ഷിയാം ധേനു
ശ്രീലസൽകണ്ണും പൊക്കി നോക്കവേ; ഞാനോതിനേൻ:
'പെറുകില്ലെങ്കിൽ 'ചാമ' യെന്തിന്നാണിവൾ?...അയ്യോ!
തരികില്ല ഞാൻ മാംസം തിന്നികൾക്കെൻ തങ്കത്തെ.'
മാമകവാക്യമേവം കേൾക്കവേ മനോരാശ്യത്താൽ
ചാമന്റെയപേക്ഷയ്ക്കു തൽക്ഷണം നാവറുപോയ്!
മെയ്യണിന്ന് തൃണങ്ങളാൽ വീണ്ടുമെൻനേരേനോക്കി
മൗനഭാഷയിലെന്തോ ചൊല്ക്കയായ് മിണ്ടാപ്രാണി.

* * *

എട്ടു'പൊന്നോണ'ങ്ങൾക്കു മുൻപല്ലോ 'വെള്ളമ്മ'യെ
മൂത്തുപുത്രിയായ് ഞാനിങ്ങോർക്കുകൊണ്ടതു, പക്ഷേ,
പെററതില്ലവളെന്റെ ഭാഗ്യഹീനതയാവാം,
മററവല്ലോരും വാങ്ങിക്കൊണ്ടുപോയ് വളർത്തുകിൽ!
ഓമനക്കിടാവൊന്നു ഞാനമാകുന്നമെന്റെ
പ്രേമരൂപിണിയ്ക്കുണ്ടു വാഴ്കില, മതേവേണ്ടു!
പാൽക്കുടം തൊട്ടുവാൻ ഞാൻ യോഗ്യനല്ലെങ്കിൽ, വേറെ-
രാരാകിലുമാം'കറവപ്പെ' യാവണ, മത്രവേണ്ടു!
തന്മകൾ, തനിക്കേറ്റു മേകിയില്ലെന്നാലെന്തേ?
നന്മയിൽസുഖംപൂണ്ടു വാഴ്‌വതേ തന്തന്നിഷ്ടം!!...
നാല്പനാൾ കഴിയവേ നാട്ടുകാരനാമൊരു
നായരെൻകരത്തിന്നു നാല്പതുർപ്പികചൊല്ലി.
'പോകുക സുഖമായി ജീവിക്ക മകളേ! —'ഞാ-
നേകിയെന്നന്തരത്തിൻ കണ്ഠസൂത്രമാകൈയിൽ.
അപ്പൊഴേയ്ക്കുവ,ളെന്തിന്നാണാവോ, മമപാദം
നക്കിനാൾ കരുണാർഹമാണെന്നു കടാക്ഷിച്ചാൾ.
പ്രാണഭീതിയാലേററം കമ്പിതാംഗിയായ് നില്ക്കും
ധേനുവെ നയിച്ചുകൊണ്ടോതിനാനയാൾ വീണ്ടും;
'ക്രൂരനാമൊരുമൂരിയു,ണ്ടെന്റെ തൊട്ടത്തിലോ
തീററിയാരാളും—ഞാനീമച്ചിയേ മാതാവാക്കും!'

* * *

കാലത്തിൻ വെള്ളപ്പശുവാകിയ പകലിന്റെ
ലോലകണ്ഠത്തിൽ രവികത്തിവീണതുനേരം,
പശ്ചിമദിക്കിൻ ശുഭ്രവസ്ത്രത്തിൽ തെറിച്ചതാം
രക്തമല്പവും വററിയുണങ്ങുന്നതിൻമുൻപേ;
തൂവെള്ളക്കരിമ്പടം പോലൊരുപശുവിൻതോൽ-
ഭാണ്ഡവുംകെട്ടിത്താങ്ങി യന്നൊരന്തിയിലയ്യോ,
എൻ മന്ദഗോപാന്തത്തിലുള്ള പാതയിലൂടെ
വന്നിതാച്ചണ്ഡാളന്മാർ—ചാമന്റെ കുമാരന്മാർ
'എങ്ങുപോയെടം നിങ്ങൾ' അങ്ങനെയൊരുചോദ്യ-
മെന്നിൽനിന്നവരുടെ നേർക്കടൻപാഞ്ഞെത്തി
ചൊല്ലിനാരവ,രേതോ ചരിതാർത്ഥ്യത്തിൻമഴ-
വില്ലൊളി മുഖത്തോടെ,...'തമ്പ്രാന്റെ...മച്ചിപ്പശു!!...'
ജ്ഞാനവിൻതിരശ്ശീല പിന്നെയുംവീണുകഷ്ടം,
മിരുളും വെളിച്ചവും തമ്മിലുണ്ടാവാംബന്ധം.
നാല്പതുർപ്പിക—തപ്തശോണിതഗന്ധംപൂണ്ട
നാല്പതുർപ്പിക— ഹന്ത! ശാന്തമശാന്തം പാപം.

(പകർപ്പവകാശം കവിക്ക്)

# ജീവിതം

പാലാ ഗോപാലൻനായർ ബി. എ.

—എന്നിട്ടുമോമനേ, സസ്നേഹമിപ്പോഴും
നിന്നെത്തലോട്ടുകയാണു മദ് ചിന്തകൾ!
ആരന്തരായി നിരർത്ഥകചിന്തകൾ
പാറിപ്പാറത്തിനിടയെൻ മനോവീഥിയിൽ
വാഴ്ക്കും വിലാസവിമോഹനവീചിയിൽ
വീഴ്പ്പുമുട്ടിച്ചു നീ യെൻഭാവനകളെ
മാമകാത്മാവിൽക്കൂമണത്ത് കാടിനെസ്സുസ്യ-
ശ്യാമളമാക്കാൻ പണിപ്പെട്ടിട്ടുമൊഴും
നീറുംനിരാശാ സഹസ്രങ്ങളാൽക്കൊട്ടും
തീച്ചൂളതീർത്തു നീ ആനമെ ചുററിലും
നീ വെച്ചിതെൻ മുന്നിലമ്പൂന്തിരിച്ചാറ
തുംഖിത്തുളുമ്പചേഷ്ടകങ്ങളെങ്കിലും
തട്ടിത്തകത്തവ, നിഷ്ഠുരേ, ശുഷ്ണ്ണയാൽ
ക്ലിഷ്ടനായ്ത്തീർന്നൊരെൻമുഖം നീട്ടവേ
മൃത്യുവിൻവീണാനിനാദത്തിലകൃഷ്ട-
ചിത്തനായ് ഞാനൊന്നിരിക്കവേഴേക്കതാ
ഭാവിതൻഭാസുര ചിത്രങ്ങൾകാണിച്ചു
നീ വന്നു നില്ക്കുന്നു മന്ദസ്മിതാഢ്യയായ്!
ഇല്ലില്ല, വിശ്വസിക്കില്ലഞാൻ, മേലിൽനിൻ
നിർല്ലജ്ജഹാസത്തിലാഴുകില്ലെൻമനം
മായികേ, നീമൂലമെത്ര പ്രാണങ്ങൾ തൻ
മായാത്തപാട്ടുകളീ നെഞ്ചിലാകവേ
—എന്നിട്ടുമോമനേ, സസ്നേഹമിപ്പോഴും
നിന്നെത്തലോട്ടുകയാണു മദ് ചിന്തകൾ!!

# ശലഭഗീതം

വെന്നി

ഇരുളിന് ശിഖരത്തിൽ കാഞ്ചനസുമംവിട-
ർത്തരുളും നിരവദ്യസൗന്ദര്യപ്രകാശമേ!
ചുട്ടുപൊള്ളിക്കും നിന്റെ ചുംബനത്തിനായ് വീർത്തു
പൊട്ടുന്നിതെന്തോരു ധാരയായ് മമ ജീവൻ.
പൂണമാ നിഴലൂററിൻ മഞ്ജുവിഭ്രമങ്ങളിൽ
വീണമേ നിഖിലാന്തം നിർമ്മലജ്ജമാർഗ്ഗം.
നിന്നംഗരാഗംമോലം വീശിന് നുണത്തെണ്ടും
ചിന്നലച്ചിറകുകൾ ധൂളികജ്ജളമന്ദം.
ദീപ്തനിർമ്മലദിവ്യജ്യോതിസ്സേ! ശമലമി-
താപ്തമാം തവമാറിലെങ്ങനെ രമംരേട്ടും?
ഉജ്ജ്വലിപ്പിക്കു ലവം ക്രൂടിനിൻരീതിനെന്നാലും
സജ്ജനം ഞാനങ്ങൊരു ഹാസമായുതിരട്ടെ.
അത്യന്തമസഹ്യമീ വേദനയെന്നാകിലും
നിത്യതയിലേക്കെന്നെ പൊരിക്കൂ, പൊരിക്കൂ നീ.

## കൊച്ചി-തിരുവിതാംകൂർ ലേബർയൂണിററുകൾ

ന്യൂഡൽഹി—ഇക്കഴിഞ്ഞ ലോകമഹായുദ്ധം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോൾ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽനിന്നു അഞ്ചുലക്ഷം തൊഴിലാളികളെയാണ് റിക്രൂട്ടുചെയ്കയുണ്ടായതു്. ലേബർയൂണിററുകളെ അയയ്ക്കുന്നതിൽ മുന്നിട്ടുനിന്നിരുന്നതു് കൊച്ചി, തിരുവിതാംകൂർ, പുതുക്കോട്ട എന്നീ തെന്നിന്ത്യൻനാട്ടുരാജ്യങ്ങളാണെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

ഈ യൂണിററുകൾ ഇന്ത്യയിലെങ്ങും അവശ്യം ആവശ്യമായിരുന്ന നിരവധി വിമാനസങ്കേതങ്ങൾ നിർമ്മിച്ചു സ്റ്റീൽ വെൽറോഡു് ചൈനയിലേയ്ക്കുള്ള എണ്ണക്കുഴൽമാർഗ്ഗം റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ മുതലായവ ഉണ്ടാക്കുന്നതിലും ആസാമിലെ മലമ്പനിനിവാരണശ്രമങ്ങളിലും അവിടെ താവളമുറപ്പിച്ചിരുന്ന 14-ാംപടയുടെ ഭക്ഷ്യപ്രശ്നപരിഹാരത്തിലും ഈ യൂണിററുകൾ മഹത്തായ സഹായമാണ് നൽകിയതു്.

ലതിക
ഒരൊന്നാംതരം നോവൽ
ഗ്രന്ഥകർത്രി കെ. ഭാരതിഅമ്മ
വില രൂപ 1 ണ. 2
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം



EASTERNS 379.

മാധവ സർസപാരില
(നറുനീണ്ടിസത്തു്)
വളരെ നവീനരീതിയിൽ നറുനീണ്ടി (നന്നാറി)യും മററു രക്തസംവർദ്ധകങ്ങളായ ഔഷധങ്ങളും ചേർത്തു ശേഖരിച്ചതായ ഞങ്ങളുടെ "സരസപാറില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും, മൂത്രം എരിച്ചൽ, മൂത്രതടസ്സം, സ്ത്രീപുരുഷന്മാർക്കുണ്ടാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും, രക്തവർദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ചു്, കുളിർമയും സുഖവും സിദ്ധിക്കുന്നതിന്നു എപ്പോഴും ഉപയോഗപ്രദം.
എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും, വില ബോട്ടൽ 3 ക.മാത്രം. Catalogue free
സ്റ്റാക്കിസ്റ്റ്സ്, കോഴിക്കോട്. വി. കുട്ടൻ ബ്രദേഴ്സ്.
P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബാംബെ എന്നീ സ്ഥലങ്ങളിൽ സോൾഏജൻറന്മാരേയും സ്റ്റാക്കിസ്ററുമാരേയും ആവശ്യമുണ്ട് ഉടനെ അപേക്ഷിക്കുക.
മാധവഫാർമസി (എറണാകുളം) ലിമിററഡ്, എറണാകുളം

## പ്രതിസമൻസ്

—ം—

നാഗർകോവിൽ അഡിഷണൽ
മുൻസിഫ് കോർട്ടിൽ.

1121 സിവിൾനമ്പർ 734.

വാദി—അരുവിക്കര പകുതി, അരുവിക്കര ഗ്രാമസമുദായം വകയ്ക്കുവേണ്ടി ടി സമുദായംവക ട്റസ്റ്റി രാമസ്വാമിഅയ്യർ പുത്രൻ ശങ്കരയ്യർ.

പ്രതി—ചിറമഠത്തിൽനിന്നും തിരുവനന്തപുരം അംബുജവിലാസം റോഡ് പുളിമൂട്ടിനു സമീപം താമസം തിരുവനന്തപുരം ഡിവിഷൻ Archeological Superintendant Office ൽ ക്ലാർക്ക ജോലി സുബ്രഹ്മണ്യപിള്ളമകൻ സൂര്യനാരായണപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ പ്രതിക്കു് പലപ്രാവശ്യവും സമൻസു അയച്ചിട്ടും മടങ്ങി വന്നുകൊണ്ടിരിക്കുന്നതിനാൽ ടി കേസ് വിചാരണദിവസമായ 1122 വൃശ്ചികം 21-ാംനു പകൽ 11 മണിക്കു് പ്രതിയോ അധികൃതനോ ഈ കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെക്കൂടാതെ വ്യവഹാരം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

21—3—1122.

—ം—

## സിവിൾപലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

—ം—

കാഞ്ഞിരപ്പള്ളി മുൻസിഫ് കോർട്ടിൽ.

112-ാമാണ്ട് സി 102.

അവകാശി വാഴൂർ പകുതിയിൽ ടി കരയിൽ മുടന്തിപ്ലാക്കൽ വറുഗീസു മത്തായി.

2-ാംപ്രതി—നാട്ടകം പനച്ചിക്കാട്ടുപകുതിയിൽ ടി മുറിയിൽ പാറയിൽ ചെറിയാൻ കുര്യൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി അവകാശിയെ കക്ഷിചേർത്തു ഉത്തരവുണ്ടാകണമെന്നുംമറ്റും അവകാശക്കാരൻ വറുഗീസു മത്തായി ബോധിപ്പിച്ചിരിക്കുന്ന 1122-ാമാണ്ട് സിവിൾപലവക 2024-ാം നമ്പർ ഹർജിസംഗതി 122-ാമാണ്ട വൃശ്ചികമാസം 21-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

1122 ാമാണ്ട് തുലാമാസം 26-ാംനു-

—ം—

## പ്രതിസമൻ

—ം—

കൊല്ലം ജില്ലാകോർട്ടിൽ
ബി 2.

1121 അസ്സൽ 177.

വാദി—പറവൂർ കോട്ടപ്പുറത്തുചേരിയിൽ കല്ലുംപുറത്തുവീട്ടിൽ നാരായണി ഗൌരി.

പ്രതി—12. പറവൂർ കോങ്ങാൽചേരിയിൽ പനയ്ക്കൽവീട്ടിൽ ഗോവിന്ദൻ പുരുഷോത്തമൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ സംഗതിക്കു ടി പ്രതിക്കു ഈ കോടതിയിൽനിന്നും സമനയച്ചതിൽ കൈപ്പറ്റാതെ മടക്കി അയച്ചുവരുന്നതും ടി നമ്പർ 1122 വൃശ്ചികം 24-ാംനു-യ്ക്കു വിചാരണയ്ക്കു നിശ്ചയിച്ചിരിക്കുന്നതും ആകയാൽ അന്നേദിവസം പകൽ 11 മണിക്കു ടി പ്രതി നേരിട്ടോ പ്രതിക്കുവേണ്ടി മുറപ്രകാരം ഏൽപ്പെടുത്തിട്ടുള്ള അഡ്വോക്കേറ്റുമുഖേനയോ ഈ കോടതിയിൽ ഹാജരായി ഉത്തരം ബോധിപ്പിക്കാത്തപക്ഷം ടി പ്രതിയെ എക്സ്പാർട്ടിയാക്കി കേസ്സ് തീർച്ചചെയ്യുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്.)

122 തുലാം 23—ാംനു.

—ം—

## സിവിൾ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്

ചേ: മു: കോ: 118-ാമാണ്ട സി 721

വാദി:—പണാവള്ളിപകുതി ടിമുറിയിൽ പടിഞ്ഞാറെചിറക്കൽനിന്നും കുന്നൽതാമസിക്കും ചാക്കോ മറിയം

ക്രൂ. പ്രതി 3:—മാഞ്ഞൂർപകുതി മേമുറിയിൽകരയിൽ പോളച്ചിറപുത്തൻവീട്ടിൽ തോമ്മസ് അവുസേഫ്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

വിധിനടത്താനനുവദിച്ച ഉത്തരവുണ്ടാകണമെന്നുംമറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന 1121-മാണ്ട് സിവിൾ പലവക E. P. 948-ാംനമ്പർ ഹർജിസംഗതി 122-ാമാണ്ട വൃശ്ചികമാസം 20-ാംതീയതി വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1122-തുലാം-11-ാംനു-

—ം—

## സിവിൾപലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

—ം—

ചെങ്ങന്നൂർ മുൻസിഫ് കോർട്ടിൽ
മാവേലിക്കര ൧൧൧-ാമാണ്ട
സിവിൾ ൬൨-ാംനമ്പ്ര

വാദി—വടക്കേക്കരപകുതിയിൽ തിട്ടമേൽമുറിയിൽ കൈലാത്തു അയ്യാമാമ്മൻ

ഒൻപതാംപ്രതി—ആലാപകുതിയിൽ ആലാ വടക്കുംമുറിയിൽ മണലേൽവീട്ടിൽ താമസം മാന്നാർപകുതിയിൽ കുട്ടമ്പേരൂർ മുറിയിൽ ചെറുവള്ളേത്തുവീട്ടിൽ പാർവ്വതി അമ്മകുട്ടിഅമ്മ

ടി ഒൻപതാംപ്രതിയെ തെര്യപ്പെടുത്തുന്നതു്.

ബി. സലപ്രകാരമുള്ള സംഖ്യ ഈടാക്കുന്നതിനു ബി. പട്ടിക വസ്തുവിലെ ആദായം റിസീവരെ നിയമിച്ചുഎടുപ്പിക്കാൻ അനുവദിച്ചുത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട സിവിൽ ഫാറം ൭൧൧-ാംനമ്പ്ര ഹർജി സംഗതി ൧൧൨൨-ാമാണ്ട വൃശ്ചികമാസം ൨൪-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ ൧൧ മണിക്കു കക്ഷിയോ, ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ട തുലാമാസം ൨൬-ാംനു-

—ം—

## പരസ്യനോട്ടീസ്

—ം—

സിവിൾ നടപടിനിയമത്തിന്റെ
ആഡർ 21—റൂൾ 64.
വകുപ്പ്.

ചേർത്തല ടെമ്പററി മുൻസിഫ് കോർട്ടിൽ
1104-ാംമാണ്ട് 1050-ാംനമ്പർ
ആദ്യവ്യവഹാരം

117-ൽ വിധിനടത്തു ഹർജി നമ്പർ 956

കൂട്ടത്തിൽ വാദി.—മരുത്തോർവട്ടംമുറിയിൽ നായർ കരയോഗത്തിനുവേണ്ടി ടി മുറിയിൽ പുതുമനവീട്ടിൽ നാരായണൻ ശങ്കരപ്പിള്ള മുതൽപേർ.

പ്രതികൾ—1. മരിച്ചു. 2. ചേർത്തല വടക്കുംമുറിയിൽ വെളിയിൽവീട്ടിൽനിന്നും മീനച്ചൽതാലൂക്കിൽ, ഉഴലപകുതിയിൽ ഇടമനക്കരവീട്ടിൽ താമസിക്കും ലക്ഷ്മിക്കുട്ടിഅമ്മജാനകിഅമ്മ. 3. ടി മീനച്ചൽ മുൻസിഫ്കോടതി വക്കീൽ എസ്. ഭാസ്കരൻനായർ. 4. മീനച്ചൽ ഉഴലപകുതിയിൽ ഇടമനക്കരവീട്ടിൽ താമസക്കം എസ്. കരുണാകരൻനായർ. 5. ടിയിൽ ജാനകിഅമ്മശാരദഅമ്മ. 6. ടിയിൽ ജാനകിഅമ്മസുമതിക്കുട്ടിഅമ്മ, 7. ടിയിൽ മൈനർ ജാനകിഅമ്മലീലാവതി അമ്മ. മൈനർ 7-ാംപ്രതിയുടെ രക്ഷ

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു്. എതൃകക്ഷിക്കു നോട്ടീസ്സ.

നെയ്യാറ്റിൻകര മുൻസിഫ് കോട്ടിൽ

1121-ാമാണ്ട സിവിൾ—7

വാദി ബ്രിട്ടീഷ്ഇന്ത്യ പൊന്നാനിതാലൂക്ക വയിലത്തൂർ അംശം ടി ദേശത്തു കടലായി മനയ്ക്കൽ മൂത്തിനാരായണൻ നമ്പൂതിരിപ്പാട

9-ാംപ്രതി:—നെയ്യാറ്റിൻകര പകുതിയിൽ കവളാകുളം ദേശത്തു തെക്കെ കണ്ടമത്തുവീട്ടിൽ കണക്കു വേലായുധൻപിള്ള അപ്പുക്കുട്ടൻപിള്ള.

ടി 9-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ തീർപ്പു ഫയലിൽചേർത്തു് അനുവദിച്ചു് ഉത്തരവുണ്ടാകണമെന്നു വാദി ബോധിപ്പിച്ചിരിക്കുന്ന 1122-ാമാണ്ട്. സിവിൾ പലവക 2938—ാം നമ്പർ ഹർജി സംഗതി 122 ാംമാണ്ട വൃശ്ചികമാസം 19-ാംനു- വിചാരണവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11മണിക്കു് കക്ഷിയോക്രമപ്രകാരം അധികാരപ്പെടുത്തിയവക്കീലോ ഏജൻറോ ഈകോർട്ടിൽ ഹാജരായിആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡുഗുമസ്തം (ഒപ്പ്)

1122-ാമാണ്ട് വൃശ്ചികമാസം 7-ാംനു-

—ം—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്

തിരുവിതാംകൂർ ഹൈക്കോർട്ടിൽ

1120-ാമാണ്ട് അപ്പീൽ 558-ാംനമ്പർ

വാദി:—അകലക്കുന്നംപകുതിയിൽ ആനിക്കാട്ട വടക്കുംഭാഗംകരയിൽ വയലിൽ ഔസേഫ് ലൂക്കാ.

പ്രതി 2 കാഞ്ഞിരപ്പള്ളി ക്രൂവത്താഴ പടിഞ്ഞാറുംഭാഗംമുറിയിൽ അമ്പഴത്തിനാൽ ഗോവിന്ദപ്പിള്ള പരമേശ്വരൻ പിള്ള. 4. ടിയിൽ ലക്ഷ്മിപ്പിള്ള നാരായണിപ്പിള്ള. 12. ടിയിൽ ഗോവിന്ദപ്പിള്ള പരമേശ്വരൻപിള്ള. 14. വെള്ളാവൂർപകുതിയിൽ കടയിരിക്കാട്ടുമുറിയിൽ ഉറകയിൽകുഴിക്കാട്ട പാർവ്വതിപ്പിള്ള മാണിക്കപിള്ള. 20. ടിയിൽ ഈശ്വരപിള്ള ശങ്കരപ്പിള്ള. 21. ടിയിൽ ശങ്കരപ്പിള്ള നാരായണപിള്ള. 22. ടിയിൽ ശങ്കരപ്പിള്ള കുട്ടൻപിള്ള. 24. ആറന്മുളപകുതിയിൽ ഇടയാറന്മുളമുറിയിൽ, മാലേത്തുവീട്ടിൽ ശങ്കരപ്പിള്ള ഗോപിനാഥൻപിള്ള.

ടി എതൃകക്ഷികളെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പർ അപ്പീലിൽ മരിച്ചുപോയ അപ്പീൽ 1-ാംപ്രതിയുടെ അവകാശികളായി ടി എതൃകക്ഷികളെ കൂട്ടത്തിൽ അപ്പീൽ പ്രതികളായി കക്ഷിചേർത്ത് ഉത്തരവുണ്ടാകണമെന്നുംമറ്റും വാദിഭാഗം അഡ്വക്കേറ്റ് മിസ്റ്റർ. പി. കെ എം. സൈമൺ ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട് സിവിൾപലവക 40-ാംനമ്പർ ഹർജിസംഗതി 1122-ാമാണ്ട വൃശ്ചികമാസം 24-ാം തീയതി വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

1122 വൃശ്ചികം 3 മാനേജർ (ഒപ്പ്)

കർത്താ 2-ാംപ്രതി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ പട്ടിവസ്തു ലേലത്തിൽവിറ്റു് വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു് വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പറ്റിയും മറ്റും വ്യവസ്ഥപ്പെടുത്തുന്നതിനു 1122-ാമാണ്ട. വൃശ്ചികമാസം 24-ാംതീയതക്കു അവധിനിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1122 തുലാമാസം 23-ാംനു-

—ം—

## സിവിൾപലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്

നെട്ട—മു: കോർട്ടിൽ

1120-സി 575

വാദി:—വടിവീശ്വരംപകുതിയിൽ വടിവീശ്വരം പെരുങ്ങ്റോഡിൽനിന്നും ചെമ്പഴന്തിപകുതിയിൽ വൈതാഴക്കാട്ട മുത്തുകൃഷ്ണമന്ദിരത്തിൽ മഹാദേവയ്യൻ വെങ്കിട സുബ്രഹ്മണ്യയ്യൻ.

1-ാംപ്രതി:— ഉളിയാഴ്ത്തുറപകുതിയിൽ കരിപ്പാത്തലമുറിയിൽ കരിപ്പാത്തലവീട്ടിൽ കുട്ടൻപിള്ള എന്നു വിളിക്കുന്ന താണുപിള്ള കൃഷ്ണപിള്ള.

ഒന്നാംപ്രതിയെ തെര്യപ്പെടുത്തുന്നതു്

ടിനമ്പർ തീർപ്പു ഫയലിൽ ചേർത്തു—ഉത്തരവുണ്ടാകണമെന്നുംമറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന 122-ാമാണ്ട് സിവിൾ പലവക 2695 ാംനമ്പർ ഹർജിസംഗതി 122-ാമാണ്ട വൃശ്ചികമാസം 24-ാംതീയതി വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം ഹെഡ്ഗുമസ്തം(ഒപ്പ്)

122-വൃശ്ചികം 3-ാംനു-

## പരസ്യനോട്ടീസ്

സിവിൾനടപടിനിയമത്തിന്റെ
ആഡർ ൨൧—റൂൾ ൬൪
വകുപ്പ്

ആലപ്പുഴ ജില്ലാകോർട്ടിൽ
൧൧൦ ാമാണ്ട 43-ാംനമ്പർ
ആദ്യവ്യവഹാരം

൧൨൦-ൽ വിധിനടത്തു ഹർജിനമ്പർ ൪൯

വാദി:—ദി സെൻട്രൽബാങ്കിംഗ് കാർപ്പറേഷൻ ആഫ് ട്റാവൻകൂർ ലിമിറ്റഡ്

൮-ാംപ്രതി:—കരുനാഗപ്പള്ളിതാലൂക്ക് പുതുപ്പള്ളി വടക്കും മുറിയിൽ വാരണപ്പള്ളിവക മടവനാട്ട താമസിക്കും കീഴ്പറമ്പിൽ നടുവിലെവീട്ടിൽ കൊച്ചുകുഞ്ഞു നീലകണ്ഠൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിൽപ്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പറ്റിയും മറ്റും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ട വൃശ്ചികമാസം ൨൧ നു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം ശിരസ്തദാർ (ഒപ്പ്)

൧൧൨൨ തുലാം-൨൭

## സിവിൾപലവക ഹർജി വിചാരണ നിശ്ചയിച്ചതീയതിയെക്കുറിച്ചു് എതൃകക്ഷിക്കുനോട്ടീസ്സ്.

നെട്ട: മു: കോർട്ടിൽ

൧൨൭—സി—൧൯൯-ാം നമ്പർ

൧-ം വാദി (ഹർജിക്കാരൻ) വെങ്ങാനൂർ പകുതിയിൽ ചാങ്ങയിൽമുറിയിൽ പണയിത്തലവീട്ടിൽ ദാക്ഷായണിയമ്മതങ്കമ്മ.

൨. കരുകുളംപകുതിയിൽ ടി ദേശത്തു ചിലന്തിമൂട്ടുവീട്ടിൽ കണക്കുവേലായുധൻപിള്ള പരമേശ്വരൻപിള്ള.


൨. പ്രതി—മുഴമലക്കൻ പകുതിയിൽ എലിയാവൂർ മുറിയിൽ കുഞ്ചുവീട്ടിൽ അനന്തു അമ്മ കുഞ്ഞിയമ്മ.

വാദികളെ തെര്യപ്പെടുത്തുന്നതു..


ടി നമ്പർ രണ്ടാംവിചാരണ അനുവദിച്ചുഉത്തരവുണ്ടാകണമെന്നും മറ്റും ൨-ാം പ്രതി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് സിവിൾ പലവക ൨൨൬൨-ാംനമ്പർ ഹർജിസംഗതി ൧൨൨-ാമാണ്ടെവൃശ്ചികമാസം ൨൪-ാംനു-വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുംഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻ പ്രകാരം,
ഹെഡ്ഗുമസ്തം (ഒപ്പ്)

122 വൃശ്ചികം 8-ാംനു-



54-ാം ഇന്ത്യൻനാഷണൽ കാൺഗ്രസ്സ് സമ്മേളനത്തിൻെറ പ്രസിഡൻറ് ശ്രീ. ആചാര്യകൃപലാനി അദ്ധ്യക്ഷപദം ഏറെറടുത്തതിനുശേഷം സ്വാഗതസംഘം ഉപാദ്ധ്യക്ഷയായ ശ്രീ: കമലാദേവി പ്രസിഡൻറിനെ വിഷയനിർണ്ണയക്കമ്മിററിയോഗത്തിൽവച്ചു ഹാരമണിയിക്കുന്നതാണു് ചിത്രം.



രാഷ്ട്രപതി കൃപലാനിയും പണ്ഡിതജവഹർലാൽ നെഹ്റുവും മററും കാൺഗ്രസ്സ്നഗറിൽ എത്തിയ സന്ദർഭത്തിൽ അവർ വനിതാവാളണ്ടിയറന്മാർ നൽകിയ ഗാഡ് ഓഫ് ഓണർ പരിശോധിക്കുന്നതാണു് ചിത്രം.



പ്രസിഡൻറുസ്ഥാനത്തുനിന്നും വിരമിച്ച പണ്ഡിതജവഹരിലാൽ നെഹ്റു



1916 ബാംബെ എ. ഐ. സി. സി. സമ്മേളനത്തിൽവച്ചു് പ്രസിഡൻറു് സ്ഥാനം ഒഴിഞ്ഞ മൌലാനാ അബ്ദുൾകലാം ആസാദ്. ഈ സമ്മേളനത്തിൽ വച്ചാണു് പണ്ഡിത ജവഹർലാൽനെഹ്റു അദ്ധ്യക്ഷപദമേററതു്.



കിഴക്കെബംഗാളിൽ അഹിംസാതന്ത്രത്തിൽ ഒരു നൂതനപരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്ന മഹാത്മാഗാന്ധി



രാഷ്ട്രപതി ആചാര്യകൃപലാനി

(രണ്ടാംപേജിൽനിന്നും തുടർച്ച)

തിന്ന സഹൃദയഹൃദ്യമായ സരമയെ വ്യത്യം സമുണ്ടു് "ദൃഷ്ട്വാ സീതേതിതത്ത്വതഃ" (വാ—രാമാ) 'കനിവിനൊട്ടു കണ്ടനേരം ദേവിയെത്തത്ര' (അദ്ധ്യാ—രാമാ) എന്ന മഹാകവിപ്രയോഗങ്ങളും നോക്കുക. സ്വസ്ഥാനപ്രയുക്തങ്ങളായ പദങ്ങളും ഭാവത്തിനു പോഷണത്തെ ചെയ്യുന്നു.

ഓരോ ഭാഷയ്ക്കും ഓരോ ശൈലിയുണ്ടു്. അതു അതാതിനു മാത്രമേ ചേരുകയുള്ളു. 'പദങ്ങളിടവിട്ടെങ്കിലും ചേർത്തു്' എന്നതു സംസ്കൃതത്തിനും ഇംഗ്ലീഷിനും ചേർന്നതോന്നിക്കുന്ന ശൈലിയത്രേ. നയക്രമത്തിനു പദങ്ങളെ വിന്യസിക്കയാണു മലയാളത്തിനു ഇണക്കം. 'സംസൃഷ്ടിസ്രഷ്ടരംദ' (ഭ. ഭീ. ശാ.) എന്ന വാക്യത്തെ ആ ക്രമത്തിനു പദങ്ങളും ചേർത്തു തർജ്ജമചെയ്താൽ അതു വികൃതമായിരിക്കും. 'ധാതാവാകുന്ന ചമയ്ക്കുന്നോരുകം' എന്ന മലയാളശൈലിയാണു് ഇതു കിളിപ്പെട്ടതിനു യോജിക്കുന്നതു ഹൃദ്യമായിഭവിച്ചതു്. ഭാഷയ്ക്കു് സ്വാഭാവികവും അവക്രവും ആയ ശൈലിതന്നെ ഭാഷയ്ക്കു യുക്തമെന്നു പറയേണ്ടിയിരിക്കുന്നു.

അബദ്ധങ്ങളും അഹൃദ്യശൈലികളും പൂർവ്വഗ്രന്ഥങ്ങളിലും ഉണ്ടു്. അവയെപ്പററി സാഹിത്യമീമാംസയിൽ ഇപ്രകാരം പറയുന്നു.

സ്വതന്ത്രവാർത്തികഭാഷ്യേഷു
ദൃശ്യതേ ചാപശബ്ദനം
അരാജന്ത്രധാഃകഥം ചഞ്ചാലാൻ
വിസ്മരയുഃ സ്വചേതസഃ

പാണിനിയുടെ സൂത്രം കാത്യായനൻെറ വാർത്തികം പതഞ്ജലിയുടെ ഭാഷ്യം എന്നിവ വ്യാകരണത്തിൽ പ്രമാണഗ്രന്ഥങ്ങളാകുന്നു. അവയിലും അപശബ്ദങ്ങൾ കാണുന്നു. ശബ്ദശാസ്ത്രത്തിൽ പ്രവർത്തിക്കുന്ന ആചാര്യന്മാർ അതിനെ മറന്നു അപശബ്ദം പ്രയോഗിക്കുന്നു, കുതിരയുടെ പുറത്തിരിക്കുന്നവൻ കുതിരയെ മറക്കുന്നതുപോലെയാകുന്നു.

അന്യോന്യാന്യസ്തെപശബ്ദാനാം—
മിതിഹാസപുരാണയോഃ

ഇതിഹാസ പുരാണങ്ങളിൽ അപശബ്ദങ്ങൾക്കു കണക്കില്ല. ഇപ്രകാരം പൂർവ്വഗ്രന്ഥങ്ങളിലെ അപശബ്ദങ്ങളെപ്പററി പ്രതിപാദിച്ചിട്ടു ആചാര്യൻ ഉപദേശിക്കുന്നു. 'പ്രയോഗോന്മതിഷ്ഠ പ്രയോഗേ വിപക്ഷിതഃ ഉക്തവാൻ.

അസാധവോപി സ്വീകാര്യാഃ
ശബ്ദാഃ ശിഷ്ടപ്രയോഗതഃ
ഇതി ശിഷ്ടപ്രയോഗഃ ശിഷ്ടാനാം പ്രയോഗഃ. അനന്തഃ കാചിൽകഃ കവിപ്രയോഗോനപ്രമാണമിതിയാവൻ. (തുടരും)

Printed and Published by N. Chandrasekharan Nair at the ree Rama Vilas Press, Quilon.